
# NEW VISION FOR A CHANGING WORLD

VOL. 4 ■ ISSUE 1 ■ SEPTEMBER 2003



ഈ ലക്കത്തിൽ

- കാന്റർബറി ആർച്ച്ബിഷപ്പ് ഡോ. റോവൻ വില്യംസ്
- ഡോ. തോമസ് മാർ അത്താനാസ്യോസ്
- ഫാ. റ്റി.ജെ. ജോഷ്വ
- ഡോ. ജോർജ് എം. തോമസ്
- ഡോ. എം. വി. പൈലി
- റവ. ഡോ. എം.ജെ. ജോസഫ് തുടങ്ങിയവർ എഴുതുന്നു.

## NEW VISION FOR A CHANGING WORLD

### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Sunil Raj Philip, Neerattukavu**
Phone: 04735 - 270422

**Mr. M. Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ (വിദേശത്തുള്ളവർക്ക് | US $ 12) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ ( " | US $ 22) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ ( " | US $ 30) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | |
|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ ( " | US $ 150) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ ( " | US $ 1000) |

**പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം**

**മാനേജർ, ന്യൂ വിഷൻ**
മാങ്ങാനം, കോട്ടയം - 686 018
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ സൊസൈറ്റി, തിരുവനന്തപുരം

**പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം**

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, ...

## CONTENTS


- **Spirituality**
  ഒരു കൂരയ്ക്കു കീഴെ — 2
  *ഡോ. അന്നമ്മ ജോർജ്*
- **Theology**
  Christian theology and other faiths — 3
  *Archbishop of Canterbury*
- **Religion**
  കരിസ്മാറ്റിക് പ്രസ്ഥാനം: ഒരു ആമുഖം — 5
  *ഡോ. തോമസ് മാർ അത്താനാസ്യോസ്*
  കരിസ്മാറ്റിക് പ്രസ്ഥാനം: ഒരു തുറന്ന... — 6
  *ഫാ. റ്റി.ജെ. ജോഷ്വ*
- **Science**
  ഇലക്ട്രോൺ... — 7
  *ഡോ. ജോർജ് എം. തോമസ്*
- **Sermon**
  Church & Bio-Environment — 9
  *Prof. Athanasios A. Poulos*
- **Environment**
  പ്രകൃതിയിൽ നിന്നു... — 11
  *റവ. ഡോ. എം.ജെ. ജോസഫ്*
- **Current**
  കോടതി വിധിയും... — 12
  *ജോർജ് എബ്രഹാം*
  ക്യാമ്പസ്സുകളിലെ — 13
  *ഡോ. എം.വി. പൈലി*
- **Literary Review**
  പാർശ്വചിന്തകൾ — 14
  *ഡോ. സി.ജെ. റോയ്*
- **Glimpses**
  കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ — 15
  *ഡോ. കെ.വി. വർഗീസ്*
- **Tribute**
  ഒരച്ചന്റെ സ്വപ്നം — 16
  *പ്രൊഫ. ഡോ. മാത്യു കോശി പുന്നയ്ക്കാട്*
  A tribute — 17
  *Dr. A.K. Tharien*
- **Ideology**
  വിവേകത്തിന്റെ വഴിയിലേക്ക്... — 18
  *ഡോ. ജോസ് പാറക്കടവിൽ*
  ആഘോഷങ്ങളിൽ... — 19
  *മാർ വർക്കി വിതയത്തിൽ*
- **Community**
  ന്യൂനപക്ഷവും വർഗ്ഗീയതയും — 20
  *പ്രൊഫ. പി. സാമുവൽ എബ്രഹാം*
- **News**


## EDITORIAL

# വിവേകത്തിന്റെ ശബ്ദം

കേരളീയർ ഒന്നടങ്കം ഓണാഘോഷങ്ങൾക്കായി ഒരുങ്ങിയിരിക്കുകയാണ്. ജാതിമതഭേദമെന്യേ നാട്ടിലും വിദേശത്തുമുള്ള എല്ലാ മലയാളികളും, അവരുടെ സ്നേഹിതരും, കേരളവാസികളായ മറ്റു ഭാഷക്കാരുമെല്ലാം ഓണം ആഘോഷിക്കാറുണ്ട്. ദേശീയതയും സാഹോദര്യവും പരസ്പരസഹകരണവും വളർത്തുവാൻ ഇതുപോലെയുള്ള ആഘോഷങ്ങൾ ഉപകരിക്കേണ്ടതാണ്. നമ്മുടെ പ്രകടനാത്മകത പലപ്പോഴും ഇതിനു വിഘാതമായിത്തീരാറുണ്ട്. ക്രൈസ്തവസമൂഹത്തിൽ ഇന്നു നിലനിൽക്കുന്ന പ്രകടനാത്മകത സഭാതലത്തിൽ പോലും വിഭാഗീയതയ്ക്കു കാരണമാകുന്നു. തികച്ചും ക്രിസ്തീയമല്ലാത്ത ഈ പ്രവണത ക്രൈസ്തവസമൂഹം ഒഴിവാക്കി സാഹോദര്യവും സമത്വവും വളർത്തുവാൻ ശ്രമിക്കേണ്ടതാണ്. വിവിധ തരത്തിലുള്ള അമിതാസക്തികളും ഇന്ന് ക്രൈസ്തവസമൂഹത്തിനു വെല്ലുവിളികൾ ഉയർത്തുന്നു. മനുഷ്യസ്നേഹം മറന്ന് മതഭ്രാന്തിലേക്കു തിരിഞ്ഞിരിക്കുന്ന സമൂഹം വളരെയേറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ക്രൈസ്തവസമൂഹത്തിൽ സഭാസ്നേഹത്തിനുപകരം ഉരുത്തിരിഞ്ഞിരിക്കുന്ന സഭാഭ്രാന്ത് ക്രിസ്തുരഹിതമനുഷ്യബന്ധത്തിൽ നമ്മെ കൊണ്ടെത്തിക്കും. ഇതിൽ നിന്നുണ്ടാകാവുന്ന വിപത്തുകൾ മുന്നിൽ കണ്ട് നമ്മുടെ പ്രവർത്തന,ജീവിതശൈലികൾ രൂപപ്പെടുത്തേണ്ടതാണ്.

ഈശ്വര സാക്ഷാത്കരത്തിനുള്ള എളുപ്പ മാർഗ്ഗങ്ങൾ തെരയുന്ന 'ഭക്തജനങ്ങളെ' ഇന്ന് എല്ലാ മതവിഭാഗങ്ങളിലും കാണാം. ആർഭാടങ്ങളിൽ അഭിരമിച്ചുകൊണ്ട് അത്ഭുതങ്ങൾക്കായി കാത്തിരിക്കുന്ന ജനം. പാപത്തിന്റെ കറപുരണ്ടപണം വാങ്ങി കൊട്ടാരസദൃശമായ ദേവാലയങ്ങൾ പണിയുവാനും ആത്മീയതയ്ക്കും വിശുദ്ധിയ്ക്കും നിരക്കാത്ത ആചാരാഘോഷങ്ങൾ നടത്തുവാനും 'ഭക്തജനങ്ങൾക്കും' അവരെ നയിക്കുന്നവർക്കും യാതൊരു മടിയുമില്ല. ഇതിനായി നിർബന്ധിത പണപ്പിരിവു, ധൂർത്ത്, ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ടുള്ള പ്രകടനങ്ങളും സമ്മേളനങ്ങളും, മദ്യവും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം ഇവയെല്ലാം മതാഘോഷങ്ങളുടെ ഭാഗമായി മാറിയിരിക്കുന്നു.

ഇതിനെതിരെ മതമേലദ്ധ്യക്ഷന്മാർ സംസാരിക്കുവാൻ ധൈര്യപ്പെടാറില്ല. ജനങ്ങളുടെ എതിർപ്പിനെ നേരിടുവാൻ അവർക്കു ധൈര്യമില്ല. അടുത്തയിടെ കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ വേറിട്ടൊരു ശബ്ദം കേൾക്കുകയുണ്ടായി. ഇന്നു നടമാടുന്ന പെരുനാളാഘോഷങ്ങളുടെ ശൈലിയെ പിതാവ് വിമർശിക്കുന്നു. മതവും മതപരവുമായ ചടങ്ങുകളും ആഘോഷങ്ങളും മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും ഹനിക്കുവാൻ ഇടയാകരുത് എന്നതാണ് അദ്ദേഹം അടുത്തയിടെ പുറത്തിറക്കിയ ഇടയലേഖനത്തിന്റെ കാതൽ. വിവേകത്തിന്റെയും ഹൃദയവൈശിഷ്ട്യത്തിന്റെയും വ്യക്തവും ശക്തവുമായ സ്വരം ഒരാത്മീയ മേലദ്ധ്യക്ഷനിൽ നിന്നുണ്ടായി എന്നതിൽ എല്ലാവർക്കും അഭിമാനിക്കാം. വിവേകത്തിന്റെ ശബ്ദം എവിടെനിന്നുയർന്നാലും അതു കേൾക്കുവാൻ ജാതി മത രാഷ്ട്രീയ ഭേദമെന്യേ എല്ലാവരും തയ്യാറാകണം.

കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിനെ അനുമോദിക്കുന്നതോടൊപ്പം, വിവേകത്തിന്റെയും, നീതിയുടെയും മനുഷ്യത്വത്തിന്റെയും ഒക്കെ ശബ്ദമായിത്തീരുവാൻ ക്രൈസ്തവ മേലദ്ധ്യക്ഷന്മാർക്കിടയാവട്ടെ എന്നു ഞങ്ങൾ ആശംസിക്കുന്നു.

ചീഫ് എഡിറ്റർ

# ഒരു കൂരയ്ക്കു കീഴെ

## OIKOMENE

ഡോ. അന്നമ്മ ജോർജ്

അടുത്തകാലത്തു വിവിധ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ വന്ന വിശേഷവാർത്തകൾ സംഭവബഹുലങ്ങളാണ്. അത് ഒരു തരം ചിന്താക്കുഴപ്പം മനസ്സിലുളവാക്കുന്നു. ഏതിനോടു യോജിക്കണം, വിയോജിക്കണം എന്ന ചിന്താക്കുഴപ്പം!! കാര്യം പറയാം. ഒരു ദിവസം മനോരമ പത്രം നോക്കിയപ്പോൾ, കഴിഞ്ഞ കാലങ്ങളിൽ എപ്പിസ്കോപ്പൽ ഭരണസംവിധാനത്തോടു യോജിപ്പില്ലാതെ സുവിശേഷം പ്രസംഗിച്ച കെ. പി. യോഹന്നാൻ എന്ന വ്യക്തി ആർഭാടങ്ങളൊന്നുമില്ലാതെ ബിഷപ്പായി അവരോധിക്കപ്പെട്ടിരിക്കുന്നു. അതേത്തുടർന്നു 'ന്യൂവിഷനും' 'സഭാതാരക'യും 'നവീകരണ'വും മറ്റും പ്രതികരിച്ചതും വായിച്ചു. ചിലർ സാധൂകരിച്ചു, ചിലർ വിയോജിച്ചു; ചിലർ ബലമായ സംശയങ്ങളുയർത്തി. അതിനു മുൻപു തന്നെ കേരളത്തിൽ പൈതൃകം വച്ചു പുലർത്തുന്ന ഓർത്തഡോക്സ്-യാക്കോബായ പള്ളിവഴക്ക് ബി.ജെ.പി.ക്കാരെ വരെ മദ്ധ്യസ്ഥതയ്ക്കു വരുത്തുന്നതിൽ എത്തിനിൽക്കുന്നു.

ഭാരതമാതാവിന്റെ മടിത്തട്ടിൽ വസിക്കുന്ന വിവിധ മതസംസ്കാരപാരമ്പര്യത്തിന്റെ മദ്ധ്യേ ക്രിസ്തുവിന്റെ അനുകാരികളുടെ സാക്ഷ്യമെന്താണെന്നു ഓർത്തു പോകയാണ്. "കുറുനരികൾക്കു കുഴിയും പറവകൾക്കു കൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായ്പാൻ ഇടമില്ല" എന്നു പറഞ്ഞ ക്രിസ്തുനാഥന്റെ അനുകാരികളാണോ ഇവിടെയുള്ളത്? യേശു ആരെയെങ്കിലും എപ്പിസ്കോപ്പയായി വാഴിച്ചുവോ? ആരെയെങ്കിലും തൈലാഭിഷേകം നടത്തിയോ? എന്തെങ്കിലും ആരാധനാരീതി നടപ്പാക്കിയോ? പിന്നെ ക്രിസ്തുവിശ്വാസികൾക്ക് കാലക്രമേണ ഉരുത്തിരിഞ്ഞ ഭരണസംവിധാനങ്ങളും ആരാധനാരീതികളും അവഗണിക്കാനുമാകുന്നില്ല.

1947-ൽ സെറാമ്പൂർ കോളജിലെ വിദ്യാർത്ഥിസംഘത്തോടൊപ്പം ബനാറസിൽ പോയി ഭാരതീയ മതങ്ങളെപ്പറ്റിയുള്ള ഒരു പഠനസെമിനാറിൽ പങ്കെടുത്തതോർക്കുന്നു. വിവിധ മിഷനറി സംഘടനകൾ നടത്തുന്ന മിഷൻകേന്ദ്രങ്ങൾ ആ പ്രദേശത്തുണ്ടായിരുന്നു. അന്യോന്യം നോക്കി പുഞ്ചിരിക്കാൻ പോലും മനസ്സില്ലാത്ത മിഷനറിമാരെ ഒരുമിച്ചു ചേർത്ത് ഭാരതസുവിശേഷീകരണം നടത്തുവാൻ ശ്രമിക്കുകയായിരുന്നു അവിടെ. പാശ്ചാത്യരുടെ കോളനി ഭരണകാലത്ത് സഭകൾ അന്യോന്യം അംഗീകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം ചൂണ്ടിക്കാട്ടിയത് അന്താരാഷ്ട്രമിഷനറി കൗൺസലിങ്ങിന് നേതൃത്വം കൊടുത്ത വിസർട്ട് ഹൂഫ്റ്റ്, ജോൺ ആർ. മോട്ട് മുതലായ അത്മായരായിരുന്നു. താംബരത്തും എഡിൻബറോയിലും മറ്റും കൂടി, അവസാനം 1948-ൽ ആംസ്റ്റർഡാമിൽ വച്ചായിരുന്നു സഭകളുടെ ലോകകൗൺസിൽ രൂപം കൊണ്ടത്. നവീകരണസഭകളുടെ ഒരു സഹകരണപ്രസ്ഥാനമെന്ന രീതിയിലായിരുന്നു അതു പ്രവർത്തിച്ചത്. പതിന്നാലു വർഷങ്ങൾക്കു ശേഷം പൗരസ്ത്യ, ഓർതഡോക്സ് സഭകളുടെ ഒരു സംഘം സഭകളുടെ ലോക കൗൺസിൽ അംഗത്വം സ്വീകരിച്ചു. റഷ്യൻ ഓർതഡോക്സ് സഭയുടെ സാന്നിദ്ധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. 1961-ൽ ഡൽഹിയിൽ ചേർന്ന മൂന്നാം ജനറൽ അസംബ്ലിയിൽ വച്ചായിരുന്നു അവർ ചേർന്നത്. അത് നിഷ്പ്രയാസം സാധിച്ച ഒരു തീരുമാനമല്ലായിരുന്നു. പക്ഷേ അവരുടെ സാന്നിധ്യം ലോകകൗൺസിലിനു ശക്തി പകരുമെന്നും സഭയുടെ ഐക്യം, സാക്ഷ്യം, സേവനം ഇവയെപ്പറ്റിയുടെ അവരുടെ നിലപാട് വ്യക്തമാക്കുമെന്നും പ്രതീക്ഷിച്ചു. പക്ഷേ തുടക്കം മുതലെ ഓർതഡോക്സ് പാരമ്പര്യവും പ്രൊട്ടസ്റ്റന്റ് സമൂഹത്തിന്റെ തനിമയും തമ്മിൽ പിരിമുറുക്കം നിലനിന്നു. 1998 ആയപ്പോഴേക്കും കൗൺസിലിന്റെ പ്രവർത്തനത്തെപ്പറ്റി ഓർതഡോക്സ് ഘടകത്തിന്റെ അതൃപ്തി പ്രകടമായി. 1998 ഡിസംബറിൽ, ഹരാരേയിൽ നടന്ന എട്ടാമത് അസംബ്ലിയിൽ ഇതേപ്പറ്റി പഠിക്കാൻ പ്രത്യേക കമ്മിഷനെ നിയോഗിച്ചു. കൗൺസിലിൽ നിന്നും സ്ഥാനമൊഴിഞ്ഞ ജനറൽ സെക്രട്ടറി റവ. ഡോ. കോൺറാഡ് റെയ്സർ ഇപ്രകാരം അഭിപ്രായപ്പെട്ടു. 21-ാം നൂറ്റാണ്ടിലേക്കു ഒരു പുതിയ എക്യുമെനിക്കൽ രൂപരേഖ ഉരുത്തിരിയണം. കൗൺസിലിന്റെ വിവിധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പഠിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ഒരു കാര്യത്തിലും അൽപംപോലും വിട്ടുവീഴ്ചക്കു തയാറാവാത്ത മാനസികാവസ്ഥയാണ് ഇതിനു പ്രധാന കാരണം.


പാശ്ചാത്യഘടനയിൽ ആംഗ്ലിക്കൻ ലൂഥറൻ, മെതഡിസ്റ്റ്, പ്രസ്ബിറ്റീറിയൻ, ബാപ്റ്റിസ്റ്റ് സഭകൾ അന്യോന്യം അംഗീകരിക്കാൻ തയാറായിരുന്നു. എല്ലാവരും ദൈവത്തെ ക്രിസ്തുവിന്റെ നാമത്തിൽ ആരാധിക്കുന്നവരാണല്ലോ. എന്നാൽ ഓർത്തഡോക്സ് വിഭാഗത്തിന് തക്സയിൽ നിന്നും വ്യത്യസ്തമായ പ്രാർത്ഥന നടത്തുന്നതുപോലും പ്രശ്നമായിരുന്നു. ചിലർ പ്രാർത്ഥനയും ആരാധനയും തമ്മിൽ വേർതിരിവ് കാണുന്നു. ക്രിസ്ത്യാനിയുടെ പ്രാർത്ഥന വിശ്വാസികളുടെ സമൂഹമാകുന്ന സഭയുടെ പ്രാർത്ഥനയാണല്ലോ. അതുപോലെ എക്യുമെനിക്കൽ തിരുവത്താഴകർമത്തിൽ പങ്കെടുക്കുവാനാകുന്നില്ല. 'എന്റെ ഓർമയ്ക്കായി ഇതു ചെയ്‌വിൻ' എന്ന അരുമനാഥന്റെ നിർദ്ദേശം ഈ വിധത്തിൽ വീക്ഷിച്ചാൽ ക്രിസ്തുവിന്റെ അനുകാരികൾ എങ്ങനെ ഒരു കൂരയ്ക്കു കീഴിൽ വസിക്കും? യേശു ക്രിസ്തു ഇതു വല്ലതും മനസ്സിൽ കണ്ടോ?

സാമൂഹ്യസേവനരംഗങ്ങളിൽ ആഗോളസഭയ്ക്ക് ഒരു പ്രവാചകദൗത്യമുണ്ടെന്ന് അംഗീകരിക്കുന്നു എങ്കിലും, പാശ്ചാത്യ-പൗരസ്ത്യ പിരിമുറുക്കം അവിടെയും ദൃശ്യമാണ്. ഒരു രംഗത്ത് എതിർപ്പ് ഒട്ടും ഇല്ല. സ്ഥാപനങ്ങൾ കെട്ടുപണി ചെയ്യുവാൻ കൗൺസിലിൽ നിന്നു ഉദാര സാമ്പത്തികസഹായം സ്വീകരിക്കാൻ ഏവരും തയാറാണ്. സംഭാവന അങ്ങോട്ടു നൽകുന്ന കാര്യം എത്രമാത്രം പരിഗണിച്ചുവെന്നു നിശ്ചയമില്ല.

അപ്പോസ്തോലിക പിന്തുടർച്ചയും മൂറോൻ അഭിഷേകവും ഭരണപരമായ ഘടനകളും തക്സയും ഒരു പക്ഷേ സഭയുടെ അസ്തിത്വത്തിനാവശ്യമായിരിക്കാം. അതേസമയം വി. പൗലോസ് **ദൈവാത്മാവു നടത്തുന്ന സഭയുടെ ഗുണങ്ങൾ വിവരിച്ചിരിക്കുന്നത് മാനദണ്ഡമാക്കേണ്ടതുണ്ട്. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം ഇവ പ്രകടമാക്കുന്ന ക്രിസ്തുവിശ്വാസികൾക്ക് കൈകോർത്തു ഭാരതത്തിൽ സാക്ഷികളാവുന്നതാണു സ്വീകാര്യമായത്.** ഓരോ സഭയും തങ്ങളുടെ തനിമ നിലനിർത്തുമ്പോൾത്തന്നെ, അന്യോന്യം അംഗീകരിക്കുകയും ഒരുമിച്ചു പ്രവർത്തിപ്പാൻ തയാറാവുകയും ചെയ്താൽ ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ കൂടുതൽ ശക്തരായിത്തീരും. ദൈവപുത്രന്റെ പരിത്യാഗം ഇതിനുവേണ്ടിയായിരുന്നുവല്ലോ. ●

> **A man in London took a taxi to his house at night. When he reached the house he told the taxi man he had dropped a sovereign and must go into the house to get a torch to find it. When he had gone in, the taxi man drove away. But there was no sovereign in the taxi.** *- Bishop Walsh*

# Christian Theology and Other Faiths



(Part - II)

DR. ROWAN WILLIAMS

(FOR CONTINUITY, READERS ARE REQUESTED TO REFER THE FIRST PART PUBLISHED IN AUG. '03 ISSUE)

Our religious traditions claim to be true, and, just as importantly, to be about how lives are to be led that are in accord with how the universe is; they are about happiness as well as truth, or rather, they are about truthfulness as the condition of happiness and happiness as the fruit of truthfulness. They do not simply claim to give a correct description of the world in relation to holy reality, they sketch in greater or lesser detail how that relation is to be made specific in daily practice, so that each human life is shaped into an appropriate response. Such response may be characterised as covenantal obedience, self-sacrifice, self-dissolution or whatever else, depending on the basic story told about the universe and its source. But how do we get to assessments of truth from such a perspective?

The question is raised in its most sensitive and painful form by the phenomenon of conversion. Very often, when people move from one religious tradition to another, when they recognise a fuller or more final truth in another language and practice of faith, it's because of a sense that the universe portrayed in this other tradition is a more full or resourceful environment, or that the humanity imagined here is one with greater possibilities and beauties. But this only happens when someone begins to experience the world differently-not simply when a new set of ideas is presented. Sharing a different sort of life makes all of us wonder about the questions and answers we have taken for granted; they may seen misconceived or even subtly oppressive. A different tradition is attractive when it makes you think that this is the all-important question you've never asked, so that this kind of life now appears as transparent to a greater truth. It isn't that a person suddenly sees the right answer to a question that has previously been wrongly answered, but that the new world exposes a whole frame of reference as somehow inadequate.

Change from one tradition to another is painful for your former fellow-believers precisely because there is an implied judgement on a whole life, a whole language. Its positive effect, though, ought always to be a deeper self-critical understanding of why someone might find this tradition too limiting to inhabit, an urgency about exploring the resources given. The point I am moving to, however, is that the 'contest' over religious truth happens most effectively and authentically when a real sharing of worlds is possible. And that in turn happens only when we do not live in a social order that totally controls the possibilities of experiencing the Other. To this extent, the modern revolt against theocracy, against the religious control of social options, is justified. But I think that the implication is actually the opposite of what is usually thought. We're used, to thinking of the modern social space as one in which it's impossible to have any very meaningful talk about religious truth because there is a neutral public arena in which truth can be argued about and a private area of commitment to unprovable beliefs. But in fact a non-theocratic society allows real contention about religious truth by the mere fact of giving space for different experiences and constructions of the universe to engage with each other, to be themselves.

This is the practical outworking of my earlier point that when we see our differences as theological we may have better and more collaborative relations. If religious faith is not just a set of private beliefs about supernatural things but a comprehensive ground for reflection on how the world and human life hang together, then to establish the truth of any set of religious claims must be a form of showing that this sort of religious language rather than another has the resource to hold together the greatest spread of human experience. There can be no final and unanswerable mode of establishing this by agrument. We can only ask if there could ever by convergence about the character of the world and humanity such that we could better see the 'fit' of certain words or images. In that sense, the awareness in modern culture of the plurality of religious practice is a positive matter. We have become more aware of the range of what any religious talk has to cope with, the cultural variety, the historical reach, the challenges in catastrophe, pain and tragedy to certain kinds of claim. The point was expressed poignantly by Simone Weil when she said that an indigenous American who had lived through the genocidal terror of the age of the Conquistadors, who had seen massacre and plague and the destruction of a culture, might of might not retain an allegiance to their 'traditional religion'; but if they did, they would nonetheless think differently about the holy from any thoughts they could have had before. It is an insight taken up by a good many indigenous peoples in our own age. Perhaps one could also point to something similar in the crises and agonies of modern Jewish thought. In the fiction of Isaac Singer, we read about the 'timeless' world of faith in the shtetl, the East European Jewish village, with its piety, its folklore, its proverbial wisdom and petty folly, its absolute spiritual solidity; and we read about the lives of rootless post-war emigres, happy neither in the USA nor in Israel, trying to understand what the truth of their Jewish identity and loyalty means in the wake of the most

nightmarish disruption imaginable. If that truth can be vindicated in the 'new world' after the camps, its truth claims must be taken more seriously and understood more deeply.

And thus what we come to see in each other as religious communities in the context of the variegated world of modernity, of 'global' society, is a range of behaviours each of which seeks to understand how it is to include, to 'narrate', the whole range of a world which is no longer the property of any one of them. This does not mean that every religious tradition seeks to adjust and accommodate itself to modernity or that truth is reduced to the capacity to cope with global culture without tears. Far from it: each will, if it knows its business, sharpen its critique of the myths of secular neutrality, each will seek to show how it can contain and effectively transform the particular challenges to its account of humanity thrown up by the new environment; each will struggle to show that it is not reduced to impotence by the complexity of modern discourse. So, although the pressure of modernity may often produce a powerfully reactionary strategy in some religious believers, the sort of thing we generically and not very helpfully call fundamentalism, the pressure is also visible to demonstrate how a tradition in its full integrity can make intelligible order of the chaos around by extending and renewing its repertoire of image and concept. We could think of the history of the Brahma Samaj in India, of the Sufi-influenced Western Islamic apologetic of writers like Gai Eaton or Martin Lings, or of the revival of Russian Orthodox social and philosophical energy at both the beginning and the end of the twentieth century.

Seeing each other like this in the non-confessional, non-theocratic state and culture of modernity, we are better able to avoid the errors that arise from supposing that other faiths have bad answers to the questions for which you have good answers. The issue is now how we exhibit in practice the claims we all in different ways make about our tradition's ability to tell a truth which will comprehend any human situation it may encounter. Precisely because this is a complex, humanly unpredicable business, in which none of us is going to be able to pronounce a final conclusion acceptable to all, precisely because this is not in any ordinary sense a competition with winners and losers, we need time and space for it. And such time and space are in principle given in societies that assume religious freedom as fundamental, that do not close down the variegated possibilities of the modern. If we start retreating to theocracy, we are by implication admitting that our religious tradition can't sustain itself in a complex environment; states that enact anti-conversion laws or penalise minority faith groups may have an understandable wish to resist unfair pressure or manipulation in proselytising, but they confess a profound and very disturbing lack of confidence in their own religious resourcefulness.

This is one reason why I see no problem in the fostering of faith schools of different complexions. Christian faith is no longer legally protected as the only legitimate religious activity; but the existence of church schools forces Christians to engage actively with public life, with how society forms its new generations. It forces Christians, you could say, to try to be credible, professional, articulate, in the public arena. Similar partnerships between statutory authority and other religious communities should have the effect of drawing those communities into public conversation, pressing them to become publicly credible in new ways. And this must be healthy for both society at large and the communities in question, since it ought to be the opposite of ghettoisation. It educates faith communities as it educates the managers of our educational systems, and it obliges us to take each other more seriously as faith communities. Significant interfaith encounter arises from our being able to see each other doing whatever it is we do as well as possible-teaching, worshipping, reflecting and serving.

I want to turn in conclusion to two specific issues, already hinted. I want briefly to say something about the general relation of faith communities to the wider society; and I want to add a few reflections specifically as a Christian theologian on the ideas sketched here. On the first issue: it is true that faith communities have something in common over against a secular frame of reference. They all have disciplines of examining the honesty and consistency of believers, ways of encouraging self-scrutiny; they all assume that we are likely to be deceived about ourselves for quite a bit of the time. They all assume that what we are finally answerable to is something other than just the majority vote in a society at any one time. They all teach us to look critically at what seem to be our instinctive choices, and they all warn us against thinking that the material environment (including the human body) is just there to serve such instinctive human choices. There is a basis for what some like to call a 'global ethic' in all this, even if it is primarily negative rather than positive.

However, when there are attempts by governments or international agencies to harness this in support of this or that programme for human improvement, it is important that there should not be misunderstanding. Sometimes there can be an expectation that religious communities will simply follow a broadly liberal social agenda, and a consequent anger and disappointment when this doesn't materialise. This may be when Islamic and Roman Catholic bodies join to resist a programme which assumes that abortion is a naturally just means of population control; when Christians and Hindus join in objecting to genetically modified crops in Asia; when Muslims condemn globalisation because of its dependence on un-Islamic means of handling money through interest and speculation; when people of a wide variety of religious commitments unite to challenge embryo research. All these issues are complex, and my point is not to suggest that there is a single religious 'line' on any of them. What matters is to recognise that the religious person or group starts from a perspective which on some questions will deliver conclusions similar to those of the secular progressive, and on some questions most definitely will not. The secular progressive tends to think it is a happy chance that makes religious folk agree with the self-evident goals of human justice and welfare. If we are to avoid deep anger, frustration and anti-religious animus, it is important for the secularist to acknowledge that they may find themselves working alongside religious believers who look to the same

*(Cont'd..... Page 8)*

# കരിസ്മാറ്റിക് പ്രസ്ഥാനം: ഒരു ആമുഖം



ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

ഉണർവ്വ് പ്രസ്ഥാനങ്ങളെ സംബന്ധിച്ച് സജീവമായ ചർച്ചകൾ നടക്കേണ്ടിയിരിക്കുന്നു. ഇത് സഭയ്ക്ക് വലിയ നേട്ടമായി കരുതുന്നവരുണ്ട്. എന്നാൽ സഭയ്ക്ക് ഉഗ്രഭീഷണിയായി കരിസ്മാറ്റിക് പ്രവണതകളെ വിമർശിക്കുന്നവരും സഭയിലുണ്ട്. ഇവരിൽ ചിലർ ഇതിനെ നിരോധിക്കണമെന്നുതന്നെ ആവശ്യമുന്നയിക്കുന്നു. അതുകൊണ്ട് വിവാദകാരണമായ ഈ വിഷയം സംബന്ധിച്ച് ഉണ്ടാകുന്ന ചർച്ചകൾക്ക് ഒരു ആമുഖം കുറിക്കാനേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

ഈ പ്രസ്ഥാനം വ്യക്തിയുടെ ജീവിതപരിവർത്തനം ഒരു പ്രധാന താത്പര്യമായി കാണുന്നു. ക്രിസ്തു ഈ പരിണാമത്തിന്റെ മാനദണ്ഡവും പ്രേരണയുമാണ്. ക്രിസ്തുവുമായുള്ള വ്യക്തിബന്ധത്തിൽ സിദ്ധിക്കുന്ന പാപബോധവും അനുതാപവും മൂലം വ്യക്തികൾ അടിസ്ഥാനവ്യതിയാനത്തിന് വിധേയരായി നവീകരിക്കപ്പെടുന്നു എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ കാതലായ ബോദ്ധ്യം. ഈ അനുഭവം മറ്റുള്ളവരുമായി ഉണ്ടായ തകർന്ന ബന്ധങ്ങൾ പുനഃസ്ഥാപിക്കാനും ദുശ്ശീലങ്ങളിൽ നിന്ന് സ്വാതന്ത്ര്യം നേടാനും സഹായകമാകും. അതു മനുഷ്യനെ ആന്തരീകസൗഖ്യത്തിലേക്കും രോഗവിമുക്തിയിലേക്കും നയിക്കുന്നു. വേദപുസ്തകപഠനത്തിലൂടെ ഉരുത്തിരിയുന്ന ആദ്ധ്യാത്മികത സഭാവിഭാഗീയതകൾക്ക് അതീതമായി വിശ്വാസികളെ ഒന്നിപ്പിക്കുന്ന ഘടകമായും തീരുന്നുണ്ട്. കരിസ്മാറ്റിക് യോഗങ്ങളിൽ എല്ലാ വിഭാഗം ക്രിസ്ത്യാനികളും പങ്കെടുത്തുവരുന്നു എന്നുള്ളത് അതിന് തെളിവാണ്.

എന്നാൽ അനുഷ്ഠാനപ്രധാനമായിത്തീർന്ന ക്രിസ്തീയജീവിതത്തിന് ഒരു ബദൽ എന്ന നിലയിൽ കരിസ്മാറ്റിക് പ്രസ്ഥാനം വിമർശനത്തിന് വിധേയമാകുന്നു. ഈ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന യോഗങ്ങളിൽ കാണുന്ന ജനബാഹുല്യവും സഭയുടെ ഔദ്യോഗിക മീറ്റിംഗുകളിൽ ആളുകൾ കുറയുന്നതും ഇതിനെ ഭീഷണിയായി കാണാൻ കാരണമാകുന്നുണ്ട്. സഭാഘടനയിൽ സ്ഥാനന്യായേന പ്രവർത്തിക്കുന്ന അധികാരകേന്ദ്രങ്ങൾ വ്യക്തിഗത ക്രിസ്തീയ കൃപകൾ നിഷേധിക്കാത്ത ഈ പ്രസ്ഥാനം അച്ചടക്കപരിധി ലംഘിക്കുന്നു എന്ന ആരോപണവും ഉണ്ട്. അതുപോലെ കരിസ്മാറ്റിക് യോഗങ്ങളിലെ പാട്ടുകൾ, താളങ്ങൾ, കൈകൊട്ട്, വികാരസാന്ദ്രത തുടങ്ങിയ ഘടകങ്ങൾ പാരമ്പര്യങ്ങളിൽ ഉറച്ചു നിൽക്കുന്നവർക്ക് പ്രകോപനകാരണമായും തീരാറുണ്ട്. എന്നാൽ വൈവിധ്യം നിറഞ്ഞ സമൂഹത്തിൽ ജീവിക്കുന്ന നമുക്ക് വ്യത്യാസങ്ങൾ വിമർശനത്തിന് കാരണമാക്കാതെ ദൈവരാജ്യശുശ്രൂഷയ്ക്ക് അനുപൂരകമാക്കാമല്ലോ.

ക്രൈസ്തവസഭയുടെ ചരിത്രം പഠിച്ചവർക്കറിയാം കരിസ്മാറ്റിക് പ്രവണതകൾ സഭയുടെ ആദിമകാലഘട്ടം മുതൽ തുടങ്ങിയതാണ് എന്ന വസ്തുത. സഭ തന്നെ ഒരു കരിസ്മാറ്റിക് പ്രസ്ഥാനമായിരുന്നു. ക്രിസ്തുവാകട്ടെ ഒരു ശക്തനായ കരിസ്മാറ്റിക്കും. ക്രിസ്തുവിന്റെ കരിസ്മാ ആയിരുന്നു തന്റെ ചുറ്റും പതിനായിരങ്ങളെ കൂട്ടി വരുത്തിയത്. ക്രിസ്തുവിലാരംഭിച്ച ദൈവരാജ്യം എന്ന പുതിയ ലോകക്രമത്തിൽ സാഹോദര്യവും സ്നേഹവുമായിരുന്നു പ്രധാനം; തസ്തികകളും അധികാരകേന്ദ്രങ്ങളുമായിരുന്നില്ല. ക്രിസ്തുവിൽ പുതിയ ജീവനും, ജീവിതവും കണ്ടെത്തിയവർ ദൈവരാജ്യമൂല്യങ്ങളുടെ സ്വാധീനത്തിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യബോധത്തോടെ സംഘം ചേർന്നതായിരുന്നു സഭ. എന്നാൽ സഭയെ സംബന്ധിച്ച അന്യമായിരുന്ന അധികാരവും അധികാരകേന്ദ്രങ്ങളും ഘടനകളും സഭയുടെ സഹജമായ ചാലകത്വവും കരിസ്മാറ്റിക്-പ്രവാചക പ്രവണതകളെ അമർച്ച ചെയ്യുകയായിരുന്നു. പരിശുദ്ധാത്മാവിൽ സഭയെ മുഴുവനായി ഒരുക്കത്തിലേക്ക് നയിക്കുവാനും സഭയുടെ മൂലനിയോഗത്തെപ്പറ്റി തിരുത്തിച്ചിന്തിക്കുവാനും കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ പ്രവർത്തനം മൂലം സഹായകമാകാം എന്നതു മറക്കുന്നതാണ് പ്രശ്നം.

സഭാനേതൃത്വവും കരിസ്മാറ്റിക് പ്രസ്ഥാനവും പരസ്പരം മനസ്സിലാക്കുവാൻ, സംവാദത്തിലേക്ക് തയ്യാറാവുകയാണ് ആവശ്യം. സംശയദൃഷ്ടിയോടെ കാണുന്ന ഇവർ തമ്മിൽ ആരോഗ്യകരമായ ബന്ധമുണ്ടാകേണ്ടത് സഭയ്ക്ക് ആവശ്യമാണ്. കാരണം ഇവയുടെ പ്രവർത്തനം അനുപൂരകമായിത്തീർന്ന് സഭ ശുശ്രൂഷ കൂടുതൽ സമഗ്രവും ഫലപ്രദവുമാക്കാവുന്നതാണ്. ഇതിന് നേതൃത്വം നൽകേണ്ടത് സഭാകേന്ദ്രങ്ങൾ തന്നെയാണ്.

കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ പ്രത്യേക സാഹചര്യങ്ങളിൽ ശക്തിപ്പെടാറുണ്ട്. അങ്ങനെയുള്ള ഒരു സാഹചര്യമാണ് ഇന്ന്. നമ്മുടെ സാമൂഹ്യജീവിതം മാറ്റത്തിന് വിധേയമായി വരികയാണ്. നാഗരികതയുടെ വളർച്ച, വ്യക്തിബന്ധങ്ങളിൽവന്ന അയവ്, കമ്പോളവത്ക്കരണത്തെ തുടർന്നുള്ള മത്സരം, സ്വാർത്ഥത ഇവയെല്ലാം ഇന്ന് ദൃശ്യമാണ്. ഇതിന്റെ സ്വാധീനത്തിൽ മനുഷ്യൻ അനുഭവിക്കുന്ന അന്യതാബോധം അരക്ഷിതത്വം, അനിശ്ചിതത്വം, ആത്മസംഘർഷം ഇവയെല്ലാം ഇന്ന് മനുഷ്യജീവിതം ദുസ്സഹമാക്കുന്നു.

ഈ പ്രശ്നങ്ങൾ സഭാനേതൃത്വത്തിന് വേണ്ടവിധം ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് തോന്നുന്നില്ല. ഇവയുടെ പരിഹാരത്തെപ്പറ്റി ഗൗരവമായ ചിന്തയും ഉണ്ടാകുന്നില്ല. ആഗോളവത്ക്കരണത്തെത്തുടർന്ന് **സമൂഹത്തിലുണ്ടായ കച്ചവടപ്രവണതയും സാധ്യതകളും അവസരമായി കരുതി സമൂഹത്തിലെ ധനികരും ഉപരിമദ്ധ്യവിഭാഗവും മുഖ്യമായി കരുതുന്ന ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുത്ത് ലാഭകരമായ സ്ഥാപനവത്ക്കരണം സഭയുടെ മുഖ്യദൗത്യമായി കരുതുമ്പോൾ പ്രാഥമികമായ ദൗത്യനിർവഹണത്തിന് തകർച്ച വരുന്നു.** അതുകൊണ്ട് സഭ ഈ പ്രതിസന്ധിയിൽ അതിന്റെ പ്രവർത്തനരംഗത്ത് കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ശുശ്രൂഷകളെ ഉപയോഗപ്പെടുത്തുവാനാണ് ശ്രമിക്കേണ്ടത്.

എന്നാൽ ഈ പ്രസ്ഥാനത്തെ വെല്ലുവാനായി ബദൽ പ്രസ്ഥാനത്തെ സൃഷ്ടിക്കുന്നത് ശരിയല്ല. സമാന്തരപ്രസ്ഥാനങ്ങൾ വഴി പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന പ്രസ്ഥാനങ്ങൾക്ക് ശുശ്രൂഷകൾ ഫലപ്രദമായി നിർവഹിക്കുവാൻ സാധിക്കുകയില്ല. കാരണം, അവിടെ ദൈവീകപ്രേരണയെക്കാൾ വാശിയും വൈരാഗ്യവുമാണ് നിർണ്ണായകഘടകങ്ങൾ. കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ ശക്തിപ്പെടുമ്പോൾ അവയുമായി സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്. സഭയുടെ തന്നെ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നതെന്ന ബോധവും സഭാശുശ്രൂഷകളിൽ അവരെ സഹകരിപ്പിക്കുകയും ചെയ്യുന്നത് സഭയുടെ വളർച്ചയ്ക്ക് സഹായകമാകുകയേ ഉള്ളൂ. തീർച്ചയായും എല്ലാ മേഖലയിലും കള്ളനാണയങ്ങൾ കാണാം. അതുപോലെ ഈ പ്രസ്ഥാനത്തിലുമുണ്ടാകാം. അതിന്റെ അടിസ്ഥാനത്തിൽ ഒന്നിനെ പ്രാതിനിധ്യസ്വഭാവം ആരോപിച്ച് ഈ പ്രസ്ഥാനത്തെ മുഴുവൻ വിലയിരുത്തുന്നതും അടച്ചാക്ഷേപിക്കുന്നതും ശരിയായ സമീപനമല്ല. വിവേചനപൂർവ്വം ഈ പ്രതിഭാസത്തെ വിലയിരുത്താൻ സാധിക്കേണ്ടതുണ്ട്.

യഥാർത്ഥത്തിൽ ഇവയുമായുള്ള സഹകരണത്തിലൂടെ സഭയ്ക്ക് ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കുന്നുണ്ട്. ഉദാഹരണത്തിന് വി. കുർബാനയുടെ അനുഭവം സഭയിൽ വർദ്ധിച്ചതിന് ഒരു കാരണം സഭയിലെ ഉണർവ്വ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനമാണ് എന്നത്

# കരിസ്മാറ്റിക് പ്രസ്ഥാനം: ഒരു തുറന്ന സമീപനമാവശ്യം

ഫാ. റ്റി. ജെ. ജോഷ്വ

ആർക്കും അവഗണിക്കാൻ പാടില്ലാത്ത ഒരു ആഗോളപ്രതിഭാസമാണ് കരിസ്മാറ്റിക് പ്രസ്ഥാനം. ഇതിന്റെ സ്വാധീനം എല്ലാ ക്രൈസ്തവ സഭാപാരമ്പര്യങ്ങളിലേക്കും കടന്നെത്തിയിട്ടുണ്ട്. സഭാചരിത്രം ഉടനീളം പരിശോധിച്ചാൽ പരിമിതമായ കാലഘട്ടംകൊണ്ട് ഇത്രയധികം വളർച്ചയും വ്യാപ്തിയും പ്രാപിച്ചിട്ടുള്ള മറ്റു മുന്നേറ്റങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഇത് പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളിൽ ആരംഭിച്ച് റോമൻ കാത്തലിക് ഓർത്തഡോക്സ് പാരമ്പര്യങ്ങളിലേക്ക് വ്യാപിക്കുകയാണുണ്ടായത്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലുമാണ് ഈ പ്രസ്ഥാനം ആദ്യം പ്രത്യക്ഷപ്പെട്ടതെങ്കിലും ഇന്ന് ലോകവ്യാപകമായി അതു വളർന്നു കഴിഞ്ഞു. കേരള ക്രൈസ്തവസഭയിലും ഇന്ന് ഇതു ശക്തമായ ഒരു മുന്നേറ്റമായി തീർന്നിരിക്കുന്നു. പ്രത്യേകിച്ച് കത്തോലിക്കാസഭയിൽ ഇതിന് വലിയ അംഗീകാരവും പ്രോത്സാഹനവും ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഓർത്തഡോക്സ് സഭയിൽപ്പെട്ട വ്യക്തികളും വൈദികരും ഇതിലേക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു പ്രസ്ഥാനമായി സഭയിൽ ഇത് വളർന്നിട്ടില്ല. വ്യക്തിപൂജ നടത്തുന്ന ചില സമൂഹങ്ങൾ അവിടവിടെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നെങ്കിലും അവ കൾട്ടിക് പ്രസ്ഥാനമായി കണക്കാക്കാൻ പാടുള്ളതല്ല. ആധികാരികമായ അനുശാസനങ്ങൾ ഉണ്ടായപ്പോഴും കൾട്ടിക് പ്രസ്ഥാനങ്ങളെയും കരിസ്മാറ്റിക് പ്രസ്ഥാനങ്ങളെയും വേർതിരിച്ചു കാണാൻ ശ്രമിച്ചില്ല എന്നു പറയേണ്ടിയിരിക്കുന്നു.

കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ശക്തിയും വ്യാപ്തിയും വർദ്ധിച്ചു വന്നപ്പോൾ കേരളത്തിലെ കത്തോലിക്കാ ബിഷപ്പന്മാരടങ്ങുന്ന ഒരു കമ്മീഷൻ ആ പ്രസ്ഥാനത്തെപ്പറ്റി പഠിച്ച് റിപ്പോർട്ടു തയാറാക്കി. റിപ്പോർട്ടിൽ പ്രസ്ഥാനത്തിന്റെ നല്ല വശങ്ങളെപ്പറ്റിയും പ്രയോജനങ്ങളെപ്പറ്റിയും പരാമർശിക്കുന്നതോടൊപ്പം ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റിയും അപകടസാദ്ധ്യതകളെക്കുറിച്ചും ചൂണ്ടിക്കാണിക്കുന്നു. തുടർന്ന് ഏതുതരത്തിലുള്ള സമീപനവും പ്രതികരണവുമാണ് നൽകേണ്ടത് എന്നും വെളിപ്പെടുത്തുന്നു.

**നാം കണക്കിലെടുക്കേണ്ട ചില സത്യങ്ങൾ.** പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കൃപാവരങ്ങളെക്കുറിച്ചും വേണ്ടത്ര ശ്രദ്ധയും പഠനവും കഴിഞ്ഞ കാലങ്ങളിൽ നടന്നിരുന്നില്ല. വ്യക്തിജീവിതത്തിലും വ്യക്തിബന്ധങ്ങളിലും പരിശുദ്ധാത്മ വ്യാപാരം ഒരു യാഥാർത്ഥ്യമായി എടുത്തിരുന്നില്ല. ഓർത്തഡോക്സ് സഭയുടെ ആരാധനാക്രമങ്ങളിലും വിശ്വാസസംഹിതയിലും പരിശുദ്ധാത്മാവിനു വലിയ സ്ഥാനം നൽകിയിട്ടുണ്ടെന്നു പ്രസ്താവിക്കട്ടെ. എങ്കിലും വിശ്വാസത്തിലേയും ആരാധനയിലേയും വസ്തുതകൾ ജീവിതയാഥാർത്ഥ്യമാക്കിത്തീർക്കുന്നതിൽ നാം വിജയിച്ചിട്ടില്ല. പെന്തിക്കോസ്തി ഞായറാഴ്ച പ്രത്യേകമായ ശുശ്രൂഷയുണ്ട് അതിനുമുമ്പ് പത്തു ദിവസത്തെ കാത്തിരിപ്പ് എന്നൊരാശയം പറയാനുണ്ട്. ഇതൊക്കെയല്ലാതെ ആത്മീയാനുഭവത്തിലേക്ക് കാര്യമായ ഒരു പങ്കുവഹിക്കാൻ അവയ്ക്ക് കഴിയുന്നില്ല എന്നതാണു സത്യം. കാത്തിരിപ്പിന്റെ ദിവസങ്ങൾ എങ്ങനെ അർത്ഥപൂർണ്ണമാക്കാം. പെന്തിക്കോസ്തിയുടെ ശുശ്രൂഷ എപ്രകാരം ഹൃദ്യവും ലളിതവും ജനപങ്കാളിത്തമുള്ളതുമാക്കാം, പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പ്രബോധനങ്ങൾ സാധാരണക്കാരിലേക്ക് എപ്രകാരം എത്തിക്കാം? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വളരെ പ്രസക്തമാണ്.

വ്യക്തിജീവിതം ക്രിസ്തുവിനോടുള്ള ഐക്യത്തിലും ആഭിമുഖ്യത്തിലും ആക്കിത്തീർക്കാനുപകരിക്കുന്നു. പാരമ്പര്യവിശ്വാസകർമ്മാനുഷ്ഠാനങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കുന്നുവെങ്കിലും ക്രിസ്തുവിനെ ആളത്വപരമായി അറിഞ്ഞും വിശ്വസിച്ചും അവിടുത്തോടു ഗാഢബന്ധം പുലർത്തിയും ജീവിക്കുവാനുള്ള പ്രേരണ നിശ്ചയമായും ഉണ്ടാകേണ്ടതാണ്. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ഈ ഊന്നൽ തികച്ചും സ്വാഗതാർഹമെന്നു പറയാം. ഇപ്രകാരമുള്ള ഒരു ബന്ധം സാദ്ധ്യമാകുന്നതിന് ജീവിതത്തിൽ ഒരു പരിവർത്തനം ആവശ്യമാണ്. പാപബോധം ഉണ്ടാകാൻ അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും അനുഭവം കൈവരുത്താനും ഉതകുന്ന ഉപബോധനവും പ്രാർത്ഥനകളും കൗൺസലിംഗും സ്വാഗതാർഹമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിഞ്ഞ ജീവിതങ്ങൾ രൂപാന്തരം പ്രാപിക്കുന്ന അനുഭവങ്ങൾ ഒട്ടൊന്നുമല്ല. പുതിയ സൃഷ്ടികളായിത്തീർന്നിട്ടുള്ളവരും സാക്ഷ്യങ്ങൾ അംഗീകരിച്ചേ മതിയാവൂ. കുറേപ്പേരൊക്കെ പിന്മാറ്റത്തിലേക്കു വഴുതിപ്പോയിട്ടുണ്ടാവാം. എങ്കിലും വലിയ ഒരു സംഖ്യ ഉത്തമസാക്ഷ്യത്തിനുടമകളായി വർത്തിക്കുന്നുണ്ട്.

ഒരു കാലത്ത് കത്തോലിക്കാസഭയിൽ സാധാരണക്കാരായ ജനങ്ങൾ തിരുവെഴുത്ത് വായിക്കുന്നവരോ അതുമായി ബന്ധം പുലർത്തുന്നവരോ ആയിരുന്നില്ല.

*(ശേഷം പേജ് 10)*

---


വ്യക്തമാണ്. യേശു പറയുന്നു മരത്തെ അറിയുന്നത് അതിന്റെ ഫലംകൊണ്ടാണ്. സഭയേയും അറിയുന്നത് ഈ മാനദണ്ഡത്തിൽ തന്നെ. സഭ സഭയാകുന്നത് അതിലെ നല്ല ഫലം പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തന്നെ, മാറിവരുന്ന ജീവിതസാഹചര്യത്തിൽ കരിസ്മാറ്റിക് പ്രസ്ഥാനം മനുഷ്യന് ഫലപ്രദമായ ശുശ്രൂഷ നടത്തുന്നുണ്ടോ എന്നാണ് അന്വേഷിക്കേണ്ടത്. ഉണ്ടെങ്കിൽ അതിനോട് സഹകരിക്കുകയും ചെയ്യുക. അതോടൊപ്പം ആത്മവിമർശനത്തിനും തയ്യാറാകുക.

ഇന്ന് മതജീവിതം കൂടുതൽ ഔപചാരികമായിത്തീർന്നിട്ടുണ്ട്. മതനേതൃത്വത്തിലേക്ക് വരുന്നവർക്ക് സഭാഘടനയോടും അധികാരകേന്ദ്രങ്ങളോടും മാത്രം വിധേയത്വം പോരാ, ദൈവരാജ്യത്തോടും സുവിശേഷത്തോടും ഉള്ള പ്രതിബദ്ധതയും വളരെ പ്രധാനമാണ്. മാറി വരുന്ന സാഹചര്യങ്ങളിൽ സഭയെ ദൈവരാജ്യത്തിന്റെ ചിഹ്നവും പ്രതീകവുമാക്കിത്തീർക്കേണ്ടവരാണ് അവർ. ഈ താൽപര്യം ഇല്ലാതെ വന്നാൽ സഭയുടെ ദൗത്യം മറ്റു വല്ലതുമായിപ്പോകും.

സംഘം കൂടി വേദപുസ്തകം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനൊക്കെ സഭാധികാരികളുടെ അനുവാദം വേണമെന്ന ശാഠ്യവും ഇല്ലാതിരിക്കുകയായിരിക്കും നല്ലത്. മതജീവിതം കൂടുതൽ ഔപചാരികവും യാഥാസ്ഥിതികവും ആയിത്തീരുന്നു. ആരാധന നടത്തിപ്പുപോലും ഔപചാരികതയുടെ പിടിയിലാണ്. ഇടവകപ്പള്ളികളിൽ ജനങ്ങൾ തമ്മിലുള്ള കൂട്ടായ്മ അനുഭവം സാധിക്കുന്നില്ല. കുർബാനയ്ക്ക് വന്ന് ചടങ്ങു കഴിഞ്ഞാൽ വീട്ടിൽ പോകുന്നു. ഇവിടെ അംഗങ്ങൾ തമ്മിൽ എന്തു ബന്ധം? നടക്കുന്ന പ്രസംഗത്തിനും ഇടവക ശുശ്രൂഷയ്ക്കും വിമോചനസ്വഭാവം വളരെക്കുറവ്. പുരോഹിതന്റെ ജോലി ആരാധനയും വീട്ടാവശ്യം നിർവഹിക്കുകയും മാത്രം. പൗരസ്ത്യസഭകൾ വി. ആരാധനയിലൂടെ ആർജ്ജിക്കുവാൻ വിഭാവനം ചെയ്തത് ലഭ്യമാകാതെ പോകുന്നു എന്നതാണ് വാസ്തവം.

**സഭ സത്യത്തിൽ തള്ളപ്പെട്ടവരെ മേയ്ക്കുന്ന ഒരു ബദൽ പ്രസ്ഥാനമാണ്. തിരുത്തൽ പ്രസ്ഥാനമെന്ന നിലയിൽ അതിന് പരിവേഷം ഇന്നില്ല. സമൂഹത്തിലെ എതിർമൂല്യങ്ങളോട് സഹകരിക്കാനുള്ള താത്പര്യം മൂലം ജീവിതപ്രതിസന്ധിയിലെത്തിയവരെ സഹായിക്കാനോ, തിരസ്കൃതരെ ഉൾക്കൊള്ളാനോ, സാധിക്കാത്ത പ്രസ്ഥാനമായിപ്പോകുന്നു.**

ഈ സാഹചര്യത്തിലാണ് സ്വതന്ത്രമായി പല പ്രസ്ഥാനങ്ങളും സഭയിൽ രൂപം കൊള്ളുന്നത്. കരിസ്മാറ്റിക് പ്രസ്ഥാനം ഇതിൽ ഒന്നു മാത്രം. സഭയുടെ ഘടനയെ ചലിപ്പിക്കാൻ കഴിയാതെ വരുന്നുണ്ട് എങ്കിലും ഇവ സഭയുടെ ഉള്ളിൽ നിന്ന് സഭയുടെ ദൗത്യനിർവ്വഹണം നടത്തുന്നു. സഭയ്ക്ക് ഇതുവഴി ലഭിക്കുന്നത് വലിയ സേവനമാണ്. ●



# ഇലക്ട്രോൺ എന്ന അത്ഭുത പ്രതിഭാസം



ഡോ. ജോർജ് എം. തോമസ്

ചാണ്ടിയും മത്തായിയും അയൽവാസികളാണെങ്കിലും, തമ്മിൽ എന്നും വഴക്കാണ്. 'പോടാ പുല്ലേ'-മത്തായിയെ അധിക്ഷേപിക്കാനായി ചാണ്ടി ഒരിക്കൽ വിളിച്ചുകൂകി. ബദൽ പ്രയോഗത്തിന് പുല്ലിനേക്കാൾ നികൃഷ്ടമായ മറ്റെന്തെങ്കിലുമുണ്ടോയെന്ന് ഓർത്തു നോക്കിയശേഷം മത്തായി വിളിച്ചുപറഞ്ഞു, 'നീ പോടാ ഇലക്ട്രോണേ'. ചാണ്ടി ചോദിച്ചു, അതാരാ?. മത്തായി പറഞ്ഞു, 'പുല്ലിനേക്കാൾ എത്രയോ ചെറിയ തരിയാണ് ഇലക്ട്രോൺ. നീ അത്രയ്ക്കേയുള്ളെടാ'. യഥാർത്ഥത്തിൽ രണ്ടു പേർക്കും തെറ്റു പറ്റി. പുല്ല് അത്രയ്ക്കു മോശമാണോ? പച്ചയായ പുൽപ്പുറവും സ്വസ്ഥതയുള്ള വെള്ളവും നാൽക്കാലികൾക്കു സ്വർഗമാണ്.

ഇനി ഇലക്ട്രോണിന്റെ കാര്യമെടുക്കാം. എല്ലാ വസ്തുക്കളുടെയും ഏറ്റവും ചെറിയ ഘടകമാണ് 'ഇലക്ട്രോൺ' എന്ന കണിക. ഇലക്ട്രോണുകളെല്ലാം ഒരുപോലിരിക്കും. ഒന്നിൽ നിന്ന് മറ്റൊന്നിനെ തിരിച്ചറിയാൻ പറ്റില്ല. നെഗറ്റീവ് ഇലക്ട്രിക് ചാർജ് ആവഹിക്കുന്ന ഇലക്ട്രോണിന്റെ ദ്രവ്യമാനം (mass) പോസിറ്റീവ് ചാർജുള്ള പ്രോട്ടോൺ കണികയുടേതിന്റെ ഏകദേശം രണ്ടായിരത്തിലൊന്നു മാത്രമാണ്. ഇലക്ട്രോണിനെ വീണ്ടും ചെറിയ കണികകളായി വിഭജിക്കാൻ പറ്റില്ല. അതിന്മേലുള്ള ഗുരുത്വാകർഷണം നിസ്സാരമാണ്. ഇലക്ട്രോണുകൾ തമ്മിൽ വികർഷണമാണുള്ളത്. സർ ജെ. ജെ. തോംസൺ എന്ന ശാസ്ത്രജ്ഞനാണ് ഇന്നേയ്ക്ക് നൂറ്റിയാറു വർഷം മുമ്പ് ഇലക്ട്രോൺ കണ്ടുപിടിച്ചത്. പ്രപഞ്ചത്തെ സംയോജിപ്പിച്ച് ഇന്നത്തെ അവസ്ഥയിൽ നിലനിർത്താൻ സഹായിക്കുന്ന ഇലക്ട്രോണുകൾ എങ്ങനെ നിസ്സാരമാകും? ഊർജത്തിന്റെ ഉറവിടം സൂര്യനാണെന്ന് നമുക്കറിയാം. ഈ ഊർജശ്രോതസ്സിനെ സൂര്യദേവനെന്നു വിളിക്കാമെങ്കിൽ ഇലക്ട്രോണും ദേവന്റെ പദവിക്കു യോഗ്യൻ. പല ദേവന്മാർ വേണ്ടെങ്കിൽ സ്രഷ്ടാവു മാത്രം മതിയാകും.

ഒരു മൂലക(element)ത്തിന്റെ ഗുണവിശേഷണങ്ങളോടുകൂടിയ, അതിന്റെ ഏറ്റവും ചെറിയ ഘടകമാണ് ആറ്റം (atom). ആറ്റത്തിന്റെ കേന്ദ്രസ്ഥാനമായ ന്യൂക്ലിയസിൽ പോസിറ്റീവ് ഇലക്ട്രിക് ചാർജുള്ള പ്രോട്ടോണുകളുണ്ട്. പ്രോട്ടോണുകൾ തമ്മിൽ വികർഷണമാണുള്ളത്. അവയെ ഒന്നിച്ചുനിർത്താൻ പൂജ്യം ചാർജുള്ള, അഥവ, ചാർജില്ലാത്ത ന്യൂട്രോൺ കണികകൾ കൂട്ടിനുണ്ട്. കേന്ദ്രത്തിനു ചുറ്റും വിവിധ ഭ്രമണപഥങ്ങളിലായി ഇലക്ട്രോണുകൾ ചുറ്റിക്കറങ്ങുന്നു. ന്യൂക്ലിയസും ഇലക്ട്രോണുകളും തമ്മിലുള്ള ആകർഷണം ചെറുത്തുനിൽക്കാനാണു കറങ്ങുന്നത്. ഭൂമിയും ഇതരഗ്രഹങ്ങളും സൂര്യനു ചുറ്റും കറങ്ങി ഗുരുത്വാകർഷണം ചെറുത്ത് സ്ഥിരതയിലെത്തുന്നതുപോലെ തന്നെ. ഇവിടെ ഗുരുത്വാകർഷണമേയുള്ളു, വികർഷണമില്ല.

ഒരു മൂലകത്തിലെ ഇലക്ട്രോണുകളുടെ സംഖ്യയെ കുറിക്കുന്നതാണ് അതിന്റെ അറ്റോമിക് നമ്പർ. ന്യൂക്ലിയസിലെ കണികകളുടെ മൊത്തം സംഖ്യയെ മൂലകത്തിന്റെ മാസ്സ് നമ്പർ എന്നു പറയും. ഒരേ മൂലകത്തിൽ ന്യൂട്രോൺ എണ്ണത്തിനു വ്യത്യാസം വരാം. അങ്ങനെ ഒരേ അറ്റോമിക് നമ്പറും വ്യത്യസ്ത മാസ്സ് നമ്പരുമുള്ള മൂലകങ്ങളെ isotopes എന്നു വിളിക്കുന്നു. ഒരു പ്രോട്ടോണും ഒരു ഇലക്ട്രോണും മാത്രമടങ്ങിയ ഹൈഡ്രജനാണ് ഏറ്റവും ലഘുവായ മൂലകം. അടുത്തത്, രണ്ട് പ്രോട്ടോണും രണ്ട് ന്യൂട്രോണും രണ്ട് ഇലക്ട്രോണുമുള്ള ഹീലിയം. മൂലകങ്ങളെ ഇങ്ങനെ തരംതിരിച്ച് യൂറേനിയം എന്ന മൂലകത്തിലെത്തുമ്പോൾ 92 ഇലക്ട്രോണും, ന്യൂക്ലിയസിൽ 92 പ്രോട്ടോണും 143 ന്യൂട്രോണും അടങ്ങിയിരിക്കുന്നു. 92-ലും കൂടിയ അറ്റോമിക് നമ്പരുള്ള ചില മൂലകങ്ങൾ സൃഷ്ടിച്ചെടുത്തിട്ടുണ്ടെങ്കിലും അവ പ്രകൃതിയിലുള്ളവയല്ല.

ഒരു മൂലകത്തിലെ ഇലക്ട്രോണുകൾ പല തട്ടിലാണ്. ന്യൂക്ലിയസിനോടേറ്റവുമടുത്ത ഭ്രമണപഥത്തിൽ രണ്ട് ഇലക്ട്രോൺ വരെയാകാം. രണ്ടാമത്തേതിൽ എട്ടു വരെയാകാം. 2, 8, 18, 32 ... അങ്ങനെ പോകുന്നു തട്ടുകളിലെ ഇലക്ട്രോൺ സംഖ്യ. ഇവയാണ് ആറ്റത്തെ പൊതിഞ്ഞ് സ്ഥിരത കൊടുക്കുന്നത്. ആറ്റങ്ങൾ ചേർന്ന് തന്മാത്രകൾ (molecules) ഉണ്ടാകും. രണ്ട് ഹൈഡ്രജൻ ആറ്റം കൂടിച്ചേർന്നാൽ ഒരു ഹൈഡ്രജൻ തന്മാത്രയായി. രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓക്സിജൻ ആറ്റവും ചേർന്നാൽ വെള്ളം. ഈ കൂടിച്ചേരലിൽ ഇലക്ട്രോണിന്റെ പങ്കെന്താണ്? ആറ്റത്തിൽ നിന്ന് ഒരു ഇലക്ട്രോൺ പോയാൽ അതൊരു (+) അയോൺ (positive ion) ആകും. അതുപോലെ, ഒരു ഇലക്ട്രോൺ വന്നു ചേർന്നാൽ അതൊരു (-) അയോൺ (negative ion) ആകും. ഈ അയോണുകൾ തമ്മിലുള്ള ആകർഷണം തന്മാത്രകളെ നിലനിർത്തുന്നു. അപ്പോൾ ഇലക്ട്രോണുകൾക്ക് സ്ഥലമാറ്റമുണ്ടായാൽ തന്മാത്രകളുണ്ടാകുന്നു.

ഇലക്ട്രോണുകളുടെ പ്രവാഹമാണ് ഇലക്ട്രിക് കറന്റ്, അഥവ, വൈദ്യുതി. ലോഹങ്ങളിൽ ആറ്റവുമായി വലിയ ബന്ധമില്ലാത്ത ധാരാളം ഇലക്ട്രോണുകളുണ്ട്. ചെറിയ ബലം പ്രയോഗിച്ചാൽ അവയ്ക്കു സ്ഥാനചലനമുണ്ടാക്കാം. ഒരു ലോഹക്കമ്പിയുടെ രണ്ടറ്റം ഒരു ബാറ്ററിയിൽ ഘടിപ്പിച്ചാൽ ഈ ഇലക്ട്രോണുകളെ തള്ളിനീക്കാൻ സാധിക്കും. കമ്പി വഴി അവ ചുറ്റിക്കറങ്ങും. ഇലക്ട്രിക് കറന്റുപയോഗിച്ച് എന്തെല്ലാം ചെയ്യാമെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അതെല്ലാം ഇലക്ട്രോണിന്റെ സ്ഥലംമാറ്റം മൂലമാണെന്നു മനസ്സിലാക്കിയാൽ മതി.

ഇലക്ട്രോണുമായി വളരെ ബന്ധപ്പെട്ട ഒരു ഉപകരണമാണ് കമ്പ്യൂട്ടർ. നൽകുന്ന വിവരങ്ങൾ ആവശ്യപ്പെടുന്ന പ്രകാരം കൈകാര്യം ചെയ്ത് ഉത്തരങ്ങൾ തിരികെ നൽകുന്ന ഒരേർപ്പാട്. കമ്പ്യൂട്ടറിനു മനസ്സിലാകുന്ന ഒരു ഭാഷയുണ്ട്. 0, 1 എന്നീ രണ്ടു നമ്പരുകൾ കൊണ്ടുണ്ടാക്കിയതാണു ഈ ഭാഷ. 0 എന്നു വച്ചാൽ ഇലക്ട്രോണില്ലാത്ത അവസ്ഥയും, 1 എന്നു വച്ചാൽ ഇലക്ട്രോണുള്ള അവസ്ഥയും സൂചിപ്പിക്കുന്നു. ഇലക്ട്രോൺ ട്രാൻസ്ഫർ വീണ്ടും വൻകാര്യങ്ങൾ നിർവഹിക്കുന്നു. സ്ഥലംമാറ്റമില്ലാതെ, നിന്നുകൊണ്ട് വിറച്ചാൽ (vibrations) ആ വിറയലിന് ഒരു ആവർത്തി (frequency) യുണ്ട്. ഒരു സെക്കൻഡിൽ എത്ര തവണ വിറയലുണ്ടോ അതാണ് ആവർത്തി. ഈ വിറയൽ വൈദ്യുതകാന്തികതരംഗങ്ങളെ

## "I'M GOING TO CONGRESS."

One of the Lincoln stories has it that, during his 1846 campaign for Congress, he attended a preaching service of Peter Cartwright. The Evangelist called on all who wished to go to Heaven to stand up. All rose but Lincoln. The Evangelist then called for all to rise, who did not want to go to Hell. "I am grieved," said Cartwright, "to see Abe Lincoln sitting back there unmoved by these appeals. If he doesn't want to go to Heaven and doesn't want to escape Hell, will he tell us where he does want to go?"

Lincoln got up slowly and said, "I'm going to Congress."

## Christian Theology and Other Faiths

(Cont'd from Page 4)

goals for radically different reasons; and thus to recognise that the goals of secular justice are not after all so self-evident. One of the most important tasks of religion in our culture, I'd dare to say, is to challenge the secularist to produce good and coherent grounds for their goals. And this is made all the harder by the assumption devoted to challenging-that 'religion' is a subdivision of human activity which belongs among the optional extras, after you have attended to the clear imperatives of non-religious public life. The secular assumption too must strive to make itself credible; when it refuses this, we have a mirror image of theocracy-an uncriticised ideology defining the terms of public life. This is why the partnership between faith communities and public agencies, as in education, is good for both.

And finally: where would I put Christian theology on the sort of map I have been outlining? Christian theology says that the world exists because of the utterly free decision of a holy power that is more like perosnal life than anything else; that we can truthfully speak of as if it had mind and will. It says that the purpose of this creation is that what is brought into being from nothing should come to share as fully as possible in the abundant and joyful life of the maker. For intelligent beings, this involves exercising freedom-so that the possibility is there of frustrating one's own nature by wrong and destructive choices. The purpose of God to share the divine life is so strong, however, that God acts to limit the effects of this destructiveness and to introduce into creation the possibility of an intensified relation with the divine through the events of the life of Jesus of Nazareth, above all in his sacrificial death. This new relation, realised by the Spirit of God released in Jesus's rising from the grave, is available in the life of the community that gathers to open itself to God's gift by recalling Jesus and listening to the God-directed texts which witness to this history.

So what matters for the Christian? That the world is for joy and contemplation before it is for use (because it comes from God's freedom and delight, not to serve the purpose of a selfish divine ego); that our account of our own human nature and its needs is dangerously fallible and that we are more limited than we can know in our self-understanding; that it is God's gift in a particular and unique set of events of this fallibility; and that the new possibility is bound in with life in community centred on praise and listening and mutual nurture. This is the Christian universe in (very) small space. It must argue against other traditions that the world comes from and as deliberate gift (Buddhists would disagree), that our self-deception is so radical and deep-seated that we cannot be healed by the revelation of divine wisdom and law alone (Jews and Muslims would disagree), that our healing is a 'remaking' effected through a once and for all set of events (Muslims and Hindus would disagree). The Christian must argue that because this picture of the universe makes the fullest allowance possible for human failure and self-deceit and gives the most drastic account possible of divine presence in addressing this failure (God coming to inhabit creation in Jesus), it has a good claim to comprehensiveness as a view of how things are. But it is assailed by those who say that its doctrines of original sin are self-indulgent excuses for the weakness of the will, that its concentration on history limits it to parochial perspecitves or ties it to a remote and disputed past, that its view of the common life is weak and fails to make the necessary bid for social transformation in a comprehensive way (a particularly strong Muslim point).

And meanwhile, the Christian is struck and challenged by the fact that outside the visible fellowship of faith, lives are lived which look as though they are in harmony with the Christian universe-which give the right place to contemplation and joy, to self-forgetfulness and the awareness of gift. The theological task is not only to go on patiently clarifying the implications of the Christian universe and reflecting on the sort of critiques I have sketched, but also to think about how such lives outside the frame are made possible and sustained. There is no quick answer to this, certainly no answer that would justify us in saying, 'Forget the doctrine, all that matters is the practice', since the doctrine is what nourishes and makes sense of the practice. Our doctrine is still in formation; and the question of how holy lives can exist outside our own tradition has throughout Christian history led to some of the most searching and far-reaching extensions of our language about the significance of Jesus. I trust that this will go on being the fruit of such questioning. But my aim in this lecture has been primarily to plead for our dialogue to take place at the level of how we place ourselves in the whole universe of our systems, and how we imagine lives that are holy, that are in the fullest sense 'natural', in accord with how things are. At this level, we do not see others either as bad or unsuccessful copies of ourselves or as people who have a few casual variants on a single shared truth. We have to see how very discover where and how we can still talk about what matters most-holiness, being at peace with what most truly is.

*(concluded)*

(electromagnetic waves) ഉളവാക്കുന്നു. അവയുടെ വേഗത ഒരു സെക്കൻഡിൽ മുപ്പതു കോടി മീറ്റർ, ഭൂമിയെ ഏഴു തവണ ചുറ്റാൻ ഒരു സെക്കൻഡ് മതി. ഈ തരംഗങ്ങൾ ശൂന്യതയിൽക്കൂടിയും സഞ്ചരിക്കും. സൂര്യരശ്മികൾ ഈ വിഭാഗത്തിൽപ്പെടും. ഊർജം ഒരിടത്തു നിന്ന് കൊണ്ടുപോകണമെങ്കിൽ ലോഹക്കമ്പി വഴി ഇലക്ട്രോൺ ഒഴുകണം. അല്ലാത്ത പക്ഷം, നിന്നുകൊണ്ട് വിറച്ചാൽ മതി. ടെലഫോണിൽ ഇലക്ട്രോൺ പ്രവാഹം മുഖേന സന്ദേശങ്ങളെത്തിച്ചേരുന്നു. വൈദ്യുതകാന്തികതരംഗങ്ങൾ മുഖേനയും ഊർജം കൈമാറാൻ കഴിയും. റേഡിയോ, ടി വി, മൊബൈൽ ഫോൺ തുടങ്ങിയ ഉപകരണങ്ങൾ ഈ കൂട്ടത്തിൽപ്പെടും. ഇലക്ട്രോണുകൾക്ക് തനിച്ചും വിവരങ്ങൾ കൊണ്ടുപോകാനാകും. അതല്ലെങ്കിൽ, അവ നിന്നുകൊണ്ട് വിറച്ച് തരംഗങ്ങൾ സൃഷ്ടിച്ചും കാര്യം നേടും. കോസ്മിക് രശ്മി, ഗാമാ രശ്മി, അൾട്രാ വയലറ്റ് രശ്മി, ദൃശ്യ രശ്മി, ഇൻഫ്രാ റെഡ് രശ്മി, റേഡിയോ തരംഗങ്ങൾ എന്നിങ്ങനെ വിവിധ കൂട്ടരുണ്ട് ഈ ഗണത്തിൽ. ഇലക്ട്രോൺ എന്തു ചെയ്താലും നമുക്കുപയോഗിക്കാൻ പറ്റും. ഒരിടത്തു നിൽക്കാം, സ്ഥലം മാറാം; വട്ടത്തിൽ കറങ്ങാം, നേരെയൊഴുകാം; നിന്നുകൊണ്ട് വിറയ്ക്കാം. അതേ, ഇലക്ട്രോൺ ഒരത്ഭുത പ്രതിഭാസം തന്നെ! ●

# CHURCH AND BIO - ENVIRONMENT

**B**io-politics constitutes a new scientific approach to the problems of bios (life). We call it a "new" approach because it is reasonable that man of today is interested in the new problems and phenomena of bios and the world. We also say that bio-politics constitutes not only a new, but also a scientific approach to the problems of bios, of man and his environment. This is because science is called to give an opinion, a testimony, and judgment for both the old and new bios, and a new, theoretical and practical, more objective, more humane approach. Which scientific specialty has the privilege of exclusive occupation with the problems of life, of bios? None by itself, but all of them together. All the sciences, theoretical and practical, have something to say about man, about bios.

In Patmos, the 900 years of the historic testimony and the bios of the island were celebrated. It was in this island that the Apocalypse of John the Evangelist was written. This book of the New Testament tells us so much about man and his bios, his environment; about the past, the present and the future of man and all creation. It has been suggested that the island of patmos should become sacred. What does "sacred island" mean, particularly in respect to the spiritual institutions and values of the island, as well as to its natural bio-environment? We cannot separate one from the other. We cannot perceive the revelation (Apocalypse) of God in a violated and "unnatural" physical bio-environment. The sanctification of the spiritual and natural conditions presupposes the message of love of God as the substance of God, as the affectionate relationship between man, and as the harmony of the creatures of the universe. The proclamation to make a "sacred island" by the leader of the Orthodox Eastern Christendom, was nothing less than the exaltation of the universal message of love, borne out of the magnificent, naturally beautiful cave of the Apocalypse.

Christianity carries the historical responsibility for the present bio-ecological crisis. The New Testament, and particularly the book of the Apocalypse, presupposes **(a)** the interference of God in the world and in history and **(b)** the role and conduct of man in history and in nature. The end of history will be the end of nature. The continuation of history and nature is a result of divine will and energy. God became a "god-man", intending to save the spiritual man or the material and carnal man, but the whole man, the whole bios the whole creation. This means that the Creator is interested in the salvation and the cure of all creation: "The un received and the uncured." The responsibility of the Church for bio-politics, for the environment, is the result of its own theology, anthropology and cosmology. That is, it's teaching about God, man, bios and the world.

The functional life of the Church confirms, on an everyday basis, the above briefly outlined theological contemplation about God, man, bios and nature. How is this achieved? Primarily, through an eucharistic approach of God, of man and of the world: secondly, through an everyday approach of the Church to human and natural conditions.

**A. The Eucharistic Approach**

The term "eucharistic approach" of the bio-political and the ecological problem, sounds somewhat strange. Nevertheless, in analyzing this term, we find the thesis and suggestion of the Church theology in the solution to our problem. In the sacrament of the Holy Communion we see the eschatological, the historical and the real approach to god and man, God and the world and the relationships between them." The products of nature, wine and bread are exposed. The priest holds them in his hands and offers them with a movement up to God, as creator of the world. He then says, "We offer to you all that is yours from all that is yours." What does this action mean? That nature's products are not our property. We are only the users of them. We are merely their administrators. This is the first action, the first scene.

The second action is the survival of man through these products of nature. We are called to eat the bread and drink the wine. We use them. We enjoy them. We taste them as material, we feel them, and believe them to be the flesh and blood of our Creator. The third action in the Holy Communion is the move of the Communion itself. We participate in the sacrament not as individuals within a narrow, egotistical and lucrative aspect, but as members in part, as members of the whole, as a community of persons and fellowmen. This is completed eschatologically, is outside the sense of time and place, but really in the present. So, the eucharistic approach to the bio-political problem leads us to the conclusion that man is not the lord and master of creation with a right to rule it as he so wishes, least of all a right to destroy it. What, then, is the role of man in creation, in relation to bios? He is the priest and the servant and the logical user of creation. This ecclesiastical, theological thesis of bios offers the solution to the bio-political, environmental and ecological problem.

**B. The Everyday Approach**

The practical life of the Church is consequent to the above-mentioned theological and functional ideology and teaching. The Church, as a communion of persons, participates in all the manifestations of man, bios and creation. The Church blesses them with the proportionate and wise use and pleasure of man. Nowhere throughout the writings of the Fathers of the Church and the Euchologion of the Church does the idea of ownership, violation and alteration of creation glimmer. St. John the Golden-Tongued prays "for a universal world." Vassilios the Great wishes that "the winds be mild and beneficial for us, the rains peaceful to the earth for fruition." Mark the Apostle prays "for the proportional ascending of the river waters, for the good showers which will bring seeds to the earth," and he also asks to "send the good showers to the places that need them, bring the river waters to a

*(Cont'd..... Page 12)*

## കരിസ്മാറ്റിക് പ്രസ്ഥാനം : ഒരു തുറന്ന സമീപനമാവശ്യം (പേജ് 6 തുടർച്ച)

വിശുദ്ധ ഗ്രന്ഥം അവർക്ക് അപ്രാപ്യമായിരുന്നു. എന്നാൽ ഈ പ്രസ്ഥാനവും അതിന്റെ ധ്യാനപരിപാടികളും വിശുദ്ധഗ്രന്ഥത്തെ വിശ്വാസികളുടെ ആത്മീയജീവിതത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നു. തിരുവെഴുത്ത് അനുദിനം പഠിക്കുന്നതിനും വായിക്കുന്നതിനുമുള്ള ആത്മീയദാഹം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ബൈബിൾ കൺവൻഷൻ വചനോത്സവം എന്നിങ്ങനെയുള്ള പേരുകൾ തന്നെ നൽകി വിശുദ്ധ വേദപുസ്തകത്തെ ജനങ്ങളുടെ ജീവിതധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. നിശ്ചയമായും ഓർത്തഡോക്സ് സഭ ശ്രദ്ധിക്കേണ്ട ഒരു മേഖലയാണിത്. ഞായറാഴ്ചയിലെ ആരാധനയിൽപ്പോലും വചനശുശ്രൂഷ അവഗണിക്കുന്ന അവസ്ഥയല്ലേ അധികവുമുള്ളത്. കൺവൻഷനുകളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ ജനങ്ങളുടെ അനുദിനജീവിതത്തിൽ തിരുവചനപഠനത്തിനും ധ്യാനത്തിനുമുള്ള സ്ഥാനം സംരക്ഷിക്കപ്പെടുന്നുണ്ടോ? പല ഭവനങ്ങളിലും വേദപുസ്തകത്തിന്റെ സ്ഥാനം ഷോകേയ്സിൽ മാത്രമാണ്.

വ്യക്തിഗത പ്രാർത്ഥന മാത്രമല്ല സമൂഹമായ ആരാധനകളും പ്രാർത്ഥനകളും കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നു. കേവലം അനുഷ്ഠാനങ്ങളും ചടങ്ങും എന്നതിലുപരി പ്രാർത്ഥന ഒരു അനുഭൂതിയായി മാറ്റുവാൻ ഉപകരിച്ചിട്ടുണ്ട്. ഈ പ്രാർത്ഥനാനുഭവം കുടുംബങ്ങളിലേക്കും കൂട്ടായ്മകളിലേക്കും വ്യാപിക്കുന്നു. മാത്രമല്ല, ആരാധനാക്രമത്തിലുള്ള പങ്കാളിത്തം ശക്തമാകുന്നുണ്ട്. കൗദാശികാനുഭവത്തിലേക്ക് കൂടുതൽ വരുവാനും സഹായകമാകുന്നു എന്നാണു മനസ്സിലാകുന്നത്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ അഭിപ്രായാന്തരമുണ്ടാകാനിടയില്ല. എന്നാൽ ഈ പ്രസ്ഥാനത്തിലെ മറ്റു പല വശങ്ങളോടും അനുകൂലിക്കുവാൻ സാധിക്കുന്നില്ല. വേദശാസ്ത്രപരമായിത്തന്നെ വിലയിരുത്തേണ്ട ചില കാര്യങ്ങളുണ്ട്.

**പരിശുദ്ധാത്മാവിലുള്ള സ്നാനം.** വിശുദ്ധ മാമോദീസായിലും കത്തോലിക്കാ വിശ്വാസമനുസരിച്ചുള്ള സ്ഥൈര്യലേപനത്തിലും എന്താണ് സംഭവിക്കുന്നത് എന്നു വ്യക്തമാകുന്നില്ല. വെള്ളത്തിൽനിന്നും ആത്മാവിൽനിന്നുമുള്ള വീണ്ടും ജനനം മാമോദീസായിൽക്കൂടി നടക്കുന്നു എന്നാണ് വിശ്വാസം. മാമോദീസായിൽ പരിശുദ്ധാത്മ നൽവരം വീണ്ടും പ്രാപിക്കണമെന്നു പറയുന്നതിന്റെ ന്യായമെന്ത്? ആത്മാവിൽ നിറഞ്ഞുവരിക എന്നുപറയാം. പക്ഷേ, വീണ്ടും ഒരാത്മസ്നാനം ആവശ്യപ്പെടുന്നതിന്റെ വേദശാസ്ത്രം മനസ്സിലാകുന്നില്ല. ക്രിസ്തീയ വിശ്വാസത്തിലേക്കും ജീവിതാനുഭവത്തിലേക്കും വന്നവർക്ക് ആത്മസ്നാനം നടത്തിയതായി പുതിയനിയമസാക്ഷ്യമൊന്നും കാണുന്നില്ല.

**അന്യഭാഷ സംസാരിക്കുക** എന്നത് വിശ്വാസികൾ ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും വേണ്ട ഒരു കാര്യമായി പഠിപ്പിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ ഒരു സുപ്രധാനഘടകമായി അതിനെ വിലയിരുത്തുന്നു. പെന്തിക്കോസ്തൽ പ്രസ്ഥാനത്തെ അനുകരിച്ചും അവരിൽ നിന്നു പകർത്തിയതുമായ ഒരു കാര്യമാണ് ഈ അന്യഭാഷ. പൗലോസിന്റെ കത്തുകളാണ് ഇതിനു പ്രധാന അടിസ്ഥാനമായി എടുക്കുന്നത്. കൊരിന്ത്യസഭയിൽ മാത്രം ഉയർന്നുവന്ന ഒരു പ്രതിഭാസമായിരുന്നു അത്. അതിനാൽ കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിലല്ലാതെ മറ്റു കത്തുകളിലൊന്നും ഇതിനെപ്പറ്റി പരാമർശമില്ല. കാരണം മറ്റു സഭകളിലൊന്നും ഇതൊരു പ്രശ്നമേ ആയിരുന്നില്ല. കൊരിന്ത്യലേഖനത്തിൽ തന്നെ, സൂക്ഷ്മമായി പഠിച്ചാൽ ഈ പ്രതിഭാസത്തിന് അപ്രധാനമായ ഒരു സ്ഥാനമേ നൽകാവൂ എന്ന് പൗലോസ് അവരോട് ഓർമ്മിപ്പിക്കുന്നു. ശ്രോതാക്കൾക്ക് ഗ്രഹിക്കാൻ ഉപകരിക്കുന്നതും ആത്മീയവർദ്ധന വരുത്തുന്നതുമായ പ്രവർത്തനത്തിനാണ് അപ്പോസ്തോലൻ പ്രാധാന്യം കല്പിക്കുന്നത്. സഭയിൽ പതിനായിരം വാക്കുകൾ അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ അധികം മറ്റുള്ളവരെയും പഠിപ്പിക്കേണ്ടതിനു ബുദ്ധികൊണ്ട് അഞ്ചുവാക്ക് പറയാനാണ് പൗലോസ് ഇഷ്ടപ്പെട്ടത്. (1 കൊരി. 14:19).

**മനുഷ്യരുടെ വൈകാരികതലത്തിന് പരിപോഷണം നൽകുന്നു.** ആരാധനയും, പ്രാർത്ഥനയും, കരങ്ങൾ ഉയർത്തലും, ഉച്ചത്തിൽ ഹാല്ലേലുയ്യ പറച്ചിലുകളും എല്ലാം വികാരത്തെ ഇളക്കിമറിക്കുന്ന വിധത്തിലാണ്. തീർച്ചയായും മനുഷ്യൻ വികാരജീവിയാകകൊണ്ട് വികാരത്തെ വിസ്മരിച്ചുകൊണ്ട് ആരാധന നടത്തണമെന്നല്ല വിവക്ഷ. വികാരാംശത്തിന് അമിതപ്രാധാന്യം നൽകി താൽക്കാലികമായ ഒരാവേശത്തിലേക്കും അനുഭൂതിയിലേക്കും എത്തിക്കുകയാണിവിടെ ചെയ്യുന്നത്. മനുഷ്യന്റെ ആളത്വത്തെ മുഴുവൻ ഉൾക്കൊള്ളുന്നതും സ്വാധീനിക്കുന്നതുമായിരിക്കണം അല്ലാതെ ഒരംശത്തെ മാത്രം തൃപ്തിപ്പെടുത്തുന്നതായിക്കൂടാ. സ്തുതിപ്പുകൾ ഒരുതരം അട്ടഹാസമായി മാറുമ്പോൾ അതിൽ ലഭിക്കുന്ന മാനസിക നിർവൃതിയെ പലരും ആത്മീകാനുഭൂതിയായി കരുതുന്നു.

**വ്യക്തിഗത മാനസാന്തരത്തിനല്ലാതെ സാമൂഹികമായ തിന്മകൾക്കെതിരായോ സാമൂഹികമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനോ പ്രസ്ഥാനത്തിനു താൽപര്യമൊന്നുമില്ല.** സാമൂഹ്യനീതി കൈവരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കാനുള്ള ആഹ്വാനമോ കേൾക്കാനില്ല. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത് എന്നു പഠിപ്പിച്ച കർത്താവ് അപ്പത്തിന്റെ കാര്യം വിസ്മരിക്കാൻ പറയുന്നില്ല. നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ, എന്നു കല്പിച്ചപ്പോൾ സഭയ്ക്ക് ആ രംഗത്തുള്ള കടപ്പാടിനെ അനുസ്മരിപ്പിക്കുകയായിരുന്നു. സഭയുടെ സാമൂഹിക പ്രതിബദ്ധതയെപ്പറ്റിയോ പ്രവാചകദൗത്യത്തെക്കുറിച്ചോ ഈ പ്രസ്ഥാനത്തിനു താല്പര്യമുള്ളതായി തോന്നുന്നില്ല.

രോഗശാന്തി ശുശ്രൂഷയ്ക്ക് അമിതമായ പ്രാധാന്യം നൽകി പ്രേക്ഷകരുടെ സംഖ്യ വർദ്ധിപ്പിക്കുന്ന രീതി ആശാസ്യമല്ല. പ്രാർത്ഥനയിൽക്കൂടി രോഗസൗഖ്യമുണ്ടാകുമെന്നതിനു സംശയമില്ല. ആ വിശ്വാസം ജനങ്ങളിൽ ഉളവാക്കുന്നതും നല്ലതുതന്നെ. എന്നാൽ രോഗസൗഖ്യത്തിനുവേണ്ടി മാത്രം കർത്താവിനെ സമീപിക്കുന്ന രീതി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. ജീവിതപരിവർത്തനത്തിനും ദൈവാനുഭവത്തിനും ആയിരിക്കണം പ്രാധാന്യം നൽകേണ്ടത്.

ഇങ്ങനെ ചില പോരായ്മകൾ ഈ പ്രസ്ഥാനത്തിൽ പ്രകടമാണ്. അതുകൊണ്ട് നാം അതിന്റെ തെറ്റുകളെയോ പോരായ്മകളെയോ മാത്രം കണക്കിലെടുത്ത് പ്രസ്ഥാനത്തോട് നിഷേധാത്മകമായ ഒരു നിലപാടു സ്വീകരിക്കുന്നതും ശരിയല്ല. നിശ്ചയമായും സഭയിലെ പല പോരായ്മകളെയും തിരുത്തുവാനുള്ള പ്രേരണ അതിൽ നിന്ന് സ്വീകരിക്കാനുണ്ട്. ഭൗതികവും ധാർമ്മികാധഃപതനവും അരാജകത്വവും നടമാടുന്ന ഇന്നത്തെ ലോകത്ത് ഈ പ്രസ്ഥാനത്തിന് ഒരു പ്രസക്തിയുണ്ട്. ഒരു പ്രസ്ഥാനവും നൂറുശതമാനവും ശരിയായിട്ടുണ്ടാവുകയില്ല. കരിസ്മാറ്റിക് പ്രസ്ഥാനത്തെക്കുറിച്ചും അതുതന്നെ പറയാം. എന്നാൽ അതിൽ നന്മയുടെ വശങ്ങൾ ഏറെയുണ്ട്. അവയുടെ നേരെ നാം കണ്ണടയ്ക്കേണ്ടതില്ല. നമ്മുടെ സഭകളിൽ ഇന്ന് ഒരു പുനർചിന്തനം ആവശ്യമായിരിക്കുന്നു. ഒടുങ്ങാത്ത കേസുകളും അടങ്ങാത്ത പോരാട്ടവും നമ്മെ ആത്മീയമായ മുരടിപ്പിലേക്കും വരൾച്ചയിലേക്കുമാണ് നയിക്കുന്നത് എന്നു മനസ്സിലാക്കണം. ഈ അവസ്ഥയിൽ അനേകർ തങ്ങളുടെ ആത്മീയദാഹം തീർക്കുവാനും ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവവാനും കരിസ്മാറ്റിക് പ്രസ്ഥാനം പോലുള്ളതിലേക്ക് ആകൃഷ്ടരാകുന്നതിൽ അന്ധാളിക്കേണ്ടതില്ല. വിലക്കുകൾക്കു വലിയ പ്രയോജനം ഉണ്ടായെന്നും വരികയില്ല. സഭയുടെ എല്ലാതലങ്ങളിലും ആത്മശോധനയ്ക്കും ദൈവഹിതം കണ്ടെത്താനുള്ള അന്വേഷണത്തിനും ഇതൊരു അവസരമാക്കണം.

*(കടപ്പാട് : പൗരസ്ത്യതാരം)*

# പ്രകൃതിയിൽ നിന്നു പാഠങ്ങൾ പഠിക്കൂ...

പഠനവുമായി ബന്ധപ്പെട്ടു ഞാൻ യെരുശലേമിൽ എത്തിയ അവസരത്തിൽ മഞ്ഞപ്പിത്തം പിടിപെട്ടു കിടക്കുവാനിടയായി. ഒറ്റയ്ക്ക് ഒരു മുറിയിൽ ചില ദിവസങ്ങൾ കഴിയേണ്ടി വന്നു. ഒരു ദിവസം വെളിയിലേക്കു നോക്കിയപ്പോൾ ഇലകളിലെല്ലാം മഞ്ഞുതുള്ളികൾ. മഞ്ഞുമഴ ആദ്യമായാണു ഞാൻ കണ്ടത്. ഇത് എന്നിൽ ചില മാറ്റങ്ങൾ വരുത്തി. ഞാൻ ഒരു കവിതയെഴുതി. വീണ്ടും കവിതകളെഴുതി. ഒരു തരം ധ്യാനങ്ങളായിരുന്നു അവ. സകലതും ക്രിസ്തുവിലേക്ക് നീങ്ങുന്നതായി അനുഭവപ്പെട്ടു. തുടർന്നു പലപ്പോഴായി ഞാനെഴുതിയ എഴുപതോളം കവിതകൾ എല്ലാം പ്രകൃതിയെ മനസ്സിലാക്കുവാനുള്ള ധ്യാനങ്ങളായിരുന്നു. നമ്മുടെ ചുറ്റുപാടും ശ്രദ്ധിച്ചാൽ മനുഷ്യജീവിതത്തിൽ ആവശ്യമായ പല പാഠങ്ങളും പഠിക്കാനായി സാധിക്കും.

സൂര്യനിൽ നിന്നുള്ള വെളിച്ചം ഏഴു നിറങ്ങളായി വിഭജിക്കക്കാം. ഒരുമിച്ചു കാണുമ്പോൾ ഈ വൈവിധ്യം കാണാനാവില്ല. Unity in Diveristy യാണ് ഇതിൽ കാണുന്നത് Wider Ecumenism ത്തെക്കുറിച്ചുളള ചിന്തകളാണ് ഇതിൽ കൂടി പ്രതിഫലിപ്പിക്കുന്നത്. ഒരു റോസാപുഷ്പത്തെ ശ്രദ്ധിക്കുക ഒരു കവി അതിനെ കാണുന്ന രീതിയിലല്ല ഒരു സ്ത്രീ കാണുന്നത്. തേനീച്ചകൾ മറ്റൊരു വിധത്തിലാണ് കാണുന്നത്. എല്ലാവരും ഒരേ രീതിയിൽ ഒരു വസ്തുവിനെ കാണണമെന്നല്ല ദൈവം ആഗ്രഹിക്കുന്നത്. ഭൂമിയ്ക്കടിയിൽ ഓരോ മരത്തിന്റെയും വേരുകൾ എങ്ങനെയാണിരിക്കുന്നതെന്നു നമുക്കറിയുവാൻ താല്പര്യമില്ല. ഇന്നു കാണുന്ന പലതിന്റെയും നിഗൂഢമായ രഹസ്യങ്ങൾ നാം കാണാറില്ല. കാണാത്തതിനെക്കുറിച്ചാണ് നാം എപ്പോഴും പറയാറുള്ളത്. ദൈവം ഓരോന്നിനെയും എങ്ങനെയാണ് രൂപകല്പന ചെയ്തിരിക്കുന്നതെന്നു നാമറിയുന്നില്ല.

ഒരു ചെടിയുടെ താഴെയുള്ള ഇലകളുടെ ജോലി തീരുമ്പോൾ അടുത്ത ഇലകൾ അതിന്റെ ജോലി ഏറ്റെടുക്കും. അപ്പോൾ താഴത്തെ ഇലകൾ ഉണങ്ങി നിലത്തു വീണ് ചെടിയ്ക്ക് വളമായിത്തീരുകയാണ് ചെയ്യുന്നത്. മുകളിലത്തെ ഇലകൾ ചിരിക്കുന്നതിനുപകരം തന്റെ ഗതിയും ഇതു തന്നെയാണെന്നു മനസ്സിലാക്കണം. ഇത് നമുക്ക് തരുന്നത് വലിയൊരു പാഠമാണ്. നമ്മൾ ഏതെങ്കിലും സ്ഥാനത്തു നിന്നും പിരിയുമ്പോൾ വൈരാഗ്യത്തോടെയാണ് പോകുന്നത്. ഒരു സ്ഥാപനത്തിന്റെ മേധാവി വിരമിക്കുമ്പോൾ അടുത്തു വരുന്നയാൾ താഴെ വീഴുന്നതിൽ നാം പലപ്പോഴും സന്തോഷിക്കയാണ് ചെയ്യുന്നത്. പ്രകൃതി നൽകുന്ന പാഠം, നമ്മുടെ ശിഷ്ടായുസ്സ് താൻ സേവനം ചെയ്ത സ്ഥാപനത്തിന് വളമായി മാറി ശക്തിയേകുക എന്നതാണ് പലപ്പോഴും ഇതു സംഭവിക്കാറില്ല എന്നതാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്.



റവ. ഡോ. എം. ജെ. ജോസഫ്

മുന്തിരിക്ക് രണ്ടു മുഖങ്ങളുണ്ട്. ആദ്യം അതിന് കൈയ്പ്പ് ആണ്. ആ കൈയ്പിനെയാണ് പിന്നീടു മധുരമാക്കി മാറ്റുന്നത്. ജീവിതവും ഇതുപോലെയാണ്. കൈയ്പിനെ രൂപാന്തരപ്പെടുത്തുക എന്നതാണ് ക്രിസ്തീയജീവിതം. യുക്കറിസ്റ്റിൽ കൂടി സാധിക്കേണ്ടത് ജീവിതത്തിന്റെ രൂപാന്തരമായിരിക്കണം. പ്രകൃതി നമുക്ക് നൽകുന്നത് മുന്തിരിയും ഗോതമ്പുമാണ്. ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ചാണ് മുന്തിരിയെ വീഞ്ഞായും ഗോതമ്പിനെ അപ്പവുമായി മാറ്റുന്നത്. ദൈവം നൽകുന്നതിനെ മനുഷ്യന്റെ കൂടി സഹകരണത്തിലാണ് വീഞ്ഞും അപ്പവുമായി മാറിയത്. ദൈവത്തിന്റെ സഹപ്രവർത്തകരാകുന്നതിൽ കൂടി മാത്രമേ നമുക്ക് രൂപാന്തരങ്ങൾ വരുത്തുവാൻ സാധിക്കൂ. രൂപാന്തരപ്പെടുത്തിയ വിഭവങ്ങൾ പങ്കുവെക്കുന്നതിലൂടെ മാത്രമെ പൂർണ്ണത ഉണ്ടാവൂ. യൂക്കറിസ്റ്റു നമ്മെ ഓർപ്പിക്കുന്നത് ഇതാണ്. യൂക്കറിസ്റ്റ് ക്രൈസ്തവർക്ക് വേണ്ടിയുള്ളതല്ല. മാനവസമുദായത്തിനുവേണ്ടിയുള്ള ആഘോഷമാണ്. ദൈവത്തോടൊപ്പം സഹകരിച്ചു ലോകത്തെ രൂപാന്തരപ്പെടുത്തുവാനുള്ള ഒരാഹ്വാനമാണ് യൂക്കറിസ്റ്റ് അനുഭവിക്കുന്നതിലൂടെ നടക്കേണ്ടത്.

വലിയ മരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറിയ പുല്ലുകൾ ദുർബ്ബലരാണ്, ബലഹീനരാണ്. പക്ഷേ വലിയ വെള്ളപ്പൊക്കവും കാറ്റും വരുമ്പോൾ വലിയ മരങ്ങൾ കടപുഴകും. പുല്ലുകളെ ഇവയൊന്നും ബാധിക്കാറില്ല. നമ്മുടെ സമൂഹത്തിലും പ്രതിസന്ധികളെ തരണം ചെയ്യുവാൻ സാധിക്കുന്നത് ദുർബല ജനവിഭാഗങ്ങൾക്കാണ്. സമ്പന്നർക്ക് നേരിടുന്ന പ്രശ്നങ്ങളൊന്നും ഇവരെ ബാധിക്കാറില്ല. സാമൂഹ്യജീവിതത്തെ താങ്ങിനിർത്തുന്നത് ഇവരാണെന്നു നാം പലപ്പോഴും ഓർക്കാറില്ല.

ക്രിസോസ്റ്റം തിരുമേനി ഒരിക്കൽ ഒരു ജയിൽ സന്ദർശിക്കുവാൻ പോയി. ജയിൽ പുള്ളികൾ തിരുമേനിയുടെ പ്രസംഗം കേൾക്കുവാൻ അടുത്തു കൂടി. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഞങ്ങളും നിങ്ങളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. നാമെല്ലാവരും ഓരോ ദിവസവും ഓരോരോ കുറ്റങ്ങൾ ചെയ്തു കൊണ്ടിരിക്കയാണ്. നിങ്ങളെ പിടിച്ചു. ഞങ്ങളെ ഇതുവരെയായും പിടിച്ചില്ല എന്ന വ്യത്യാസം മാത്രം." താമര വേരുകളുറപ്പിച്ചിരിക്കുന്നത് ചെളിയിലാണ്. വെള്ളത്തിനു മുകളിൽ സൗരഭ്യം പകരുന്ന താമര വിടർന്നു നിലക്കുന്നതു രസകരമാണ്. നമ്മുടെ ജീവിതത്തെ താമരയുമായി താരതമ്യം ചെയ്തു ധ്യാനിക്കുമ്പോൾ കഷ്ടതകളുടെ നടുവിലും സമൂഹത്തിനു സുഗന്ധം പകരുന്നവരായിത്തീരുവാനാണ് താമര നമുക്ക് നല്കുന്ന പാഠം.

പൂക്കളില്ലാത്ത ചെടികൾ നമ്മുടെ ഭാഷയിൽ ദളിത് ചെടികളാണ്. അധഃകൃത വിഭാഗക്കാരാണ്. പൂക്കളില്ലാത്ത ചെടികൾക്ക് ഫ്ളവർവെയ്സിൽ സ്ഥാനമില്ല. അവയെ നാം കാട്ടുചെടികളായാണ് കാണുന്നത്. ഒരിക്കൽ ഈ ചെടികൾ ചോദിച്ചു "ഞാനെന്തു കൊണ്ടാണ് കാട്ടുചെടിയായത്." ഉത്തരം, "എനിക്ക് ഉടമസ്ഥനില്ല. ഉടമസ്ഥൻ വരുമ്പോൾ ഞാൻ പ്രധാന സ്ഥാനങ്ങളിൽ വരും." തെരുവുകുട്ടികൾ തെരുവ് കുട്ടികളാകുന്നത് അവർക്ക് ആരുടേതുമല്ലാതാകുന്നതുകൊണ്ടാണ്.

ദൈവം എന്തിനാണ് വിഷപ്പാമ്പുകളെയും സിംഹത്തെയും കടുവായെയുമൊക്കെ സൃഷ്ടിച്ചതെന്നറിയാമോ? ഇവ ജീവിക്കുന്നത് കൊടുംവനങ്ങളിലാണ്. കൊടുംവനങ്ങൾ നിലനില്ക്കേണ്ടത് പ്രകൃതിയുടെ ഒരാവശ്യമാണ്. കൊടുംവനങ്ങൾ നിലനില്ക്കുന്നത് ഇവയുള്ളതുകൊണ്ടാണ്. പലപ്പോഴും മൃഗങ്ങളുടെയും ചെടികളുടെയും അവകാശങ്ങളെക്കുറിച്ചു നാം ചിന്തിക്കാറില്ല. പുഷ്പങ്ങളില്ലെങ്കിലും കറ്റാർ വാഴയും, മഞ്ഞളും, വേപ്പുമൊക്കെ ഇന്ന് ആഗോളതലത്തിൽ വിലയേറിയ ചെടികളായിത്തീർന്നിരിക്കുന്നു. നമുക്കു ചുറ്റുമുള്ള നിസാരങ്ങളെന്നു കരുതുന്ന ചെറുജീവികളിൽനിന്നും, ചെറുചെടികളിൽനിന്നുപോലും പാഠങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയിൽനിന്നും നമുക്കു ലഭിക്കുന്ന വിഭവങ്ങൾ സ്വാർത്ഥതയില്ലാതെ പങ്കുവെച്ച്, പ്രകൃതിയിൽനിന്നും പാഠങ്ങൾ ഉൾകൊണ്ട്, പ്രകൃതിയുമായി ഇണങ്ങി ജീവിക്കാം, ഇതല്ലേ സ്വർഗ്ഗലക്ഷണം? ●



# കോടതിവിധിയും കലാലയരാഷ്ട്രീയവും

ജോർജ് ഏബ്രഹാം, കല്ലൂപ്പാറ

കലാലയങ്ങളിൽ രാഷ്ട്രീയപ്രവർത്തനം നിരോധിക്കുവാൻ കോളജധികൃതർക്ക് അധികാരമുണ്ടെന്ന കോടതിവിധി വന്നതോടുകൂടി കലാലയരാഷ്ട്രീയം ഒരിക്കൽക്കൂടി കേരളത്തിൽ ചർച്ചാവിഷയമാകുകയാണ്. അച്ചടക്കവും വിദ്യാഭ്യാസനിലവാരവും മുൻനിർത്തി കലാലയങ്ങളെ അരാഷ്ട്രീയവത്കരിക്കുകയെന്നത് കേരളസമൂഹത്തിൽ പുതിയ ഒരു നടപടിയല്ല. ഇവിടെ അച്ചടക്കം, വിദ്യാഭ്യാസനിലവാരം തുടങ്ങിയ പ്രയോഗങ്ങളെ നിർവഹിക്കുവാൻ പലപ്പോഴും ഇവയുടെ പ്രയോക്താക്കൾ വിസ്മരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ സമൂലപരിവർത്തനത്തിന് രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ശരിയായ ഇടപെടൽ അനിവാര്യമാണ്. കലാലയങ്ങളിൽ രാഷ്ട്രീയപ്രവർത്തനം നിരോധിച്ചുകൊണ്ടുള്ള കോടതിവിധി ഒരു പുനഃസംവിധാനത്തിനുതകാതെ സംഘടനകളും, രാഷ്ട്രീയപാർട്ടികളും, മാനേജ്മെന്റുകളും ഇന്നത്തെ നിലപാട് തുടർന്നാൽ അത് വിദ്യാഭ്യാസത്തിന്റെയും സമൂഹത്തിന്റെയും ഭാവി അപകടത്തിലാക്കും. പ്രസ്തുത വിധിയെത്തുടർന്നുള്ള സംഘടനാനേതാക്കളുടെയും മാനേജ്മെന്റുകളുടെയുമൊക്കെ പ്രതികരണങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടിയ നിർദ്ദേശങ്ങളാകുന്നതിനുപകരം ഉപരിപ്ലവമായവയായി മാറുന്നു. വിധിയോടനുബന്ധിച്ച് പ്രസക്തമായ ഒരു വിശകലനം നടത്തിയത് കേരള സർവകലാശാലാ വൈസ് ചാൻസലറാണ്. വിദ്യാർത്ഥി സംഘടനകളെ രാഷ്ട്രീയപാർട്ടികളോടു തുല്യമായി കണക്കാക്കിയാണ് കോളജ് മാനേജ്മെന്റുകളും വിദ്യാർത്ഥി സംഘടനാനേതാക്കളും പ്രതികരിച്ചിട്ടുള്ളത്. എന്നാൽ കേരളത്തിലെ പ്രമുഖ വിദ്യാർത്ഥി സംഘടനകളൊന്നും തന്നെ അവയുടെ ഭരണഘടനയും പരിപാടിയുമനുസരിച്ച് രാഷ്ട്രീയപ്രസ്ഥാനങ്ങളോ രാഷ്ട്രീയപാർട്ടികളുടെ പോഷകസംഘടനകളോ അല്ലെന്നതാണു വസ്തുത. ഈ വിഷയത്തിൽ രാഷ്ട്രീയപാർട്ടികൾക്കുണ്ടായിരുന്ന നിലപാടും വ്യത്യസ്തമായിരുന്നില്ല. വിദ്യാർത്ഥി സംഘടനാനേതാക്കളും പ്രവർത്തകരും ഏതെങ്കിലും രാഷ്ട്രീയപാർട്ടി വരച്ച വരയ്ക്കപ്പുറം വിദ്യാർത്ഥികളുടെ പൊതുവായ ആവശ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കണമെന്നും, വിവിധ രാഷ്ട്രീയപാർട്ടികളോടു കൂറുള്ള സംഘടനകളെ പിരിച്ചുവിട്ട് വിദ്യാർത്ഥിസമൂഹത്തിന്റെ പൊതുവായ ഒരു സംഘടന രൂപീകരിക്കുമെങ്കിൽ അത് ആരോഗ്യകരമായ ഒരു സംഭവവികാസമായിരിക്കുമെന്നുമുള്ള ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പ്രസ്താവന കക്ഷിരാഷ്ട്രീയത്തിന് വിദ്യാർത്ഥി പ്രസ്ഥാനങ്ങളോടുള്ള വ്യത്യാസം കൂടുതൽ ദൃഢീകരിക്കുന്നു. വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ അവയുടെ പ്രഖ്യാപിതലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുകയും, കക്ഷിരാഷ്ട്രീയത്തിന്റെ അനുബന്ധമായി മാറുകയും ചെയ്തതോടെയാണ് രാഷ്ട്രീയപ്രവർത്തനം കാമ്പസുകളിൽ നിരോധിക്കണമെന്നുള്ള ആവശ്യം ഉയർന്നു വന്നത്.

ഒരു ദശാബ്ദത്തിനു മുമ്പ് വിദ്യാർത്ഥി സംഘടനകളുയർത്തിയ പ്രതിച്ഛായയ്ക്ക് മങ്ങലേറ്റിട്ടുണ്ടെന്ന വസ്തുത മറക്കുന്നില്ല. അവസരവാദവും അധികാരമോഹവും വിദ്യാർത്ഥി സംഘടനകളിൽ വ്യാപിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നിരുന്നാലും, വിദ്യാഭ്യാസരംഗത്ത് നിലവിൽ വന്ന പല പരിഷ്കാരങ്ങളുടെയും പിന്നിൽ വിദ്യാർത്ഥി സംഘടനകൾ വഹിച്ച ചരിത്രപരമായ പങ്കാളിത്തം നിഷേധിക്കുവാൻ ആർക്കും സാധ്യമല്ല. 1920-ൽ രാജ്യത്താകമാനമുള്ള സ്വാതന്ത്ര്യസമരനേതാക്കളെല്ലാം ജയിലിൽ പോയപ്പോൾ, നിസ്സഹകരണസമരത്തെ മുൻപോട്ടു നയിച്ചത് ഇവിടെയുള്ള വിദ്യാർത്ഥിപ്രസ്ഥാനങ്ങളായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനംകേട്ട് കേളപ്പജിയും കൃഷ്ണപ്പിള്ളയും ഒക്കെ ബഹിഷ്കരിച്ച ക്ലാസ്സുമുറികളിൽ സ്വാതന്ത്ര്യപ്പക്ഷികൾ പാടിയുല്ലസിച്ചു. 1939-ൽ യുദ്ധവിരുദ്ധ പ്രക്ഷോഭത്തിന്റെ മുൻപന്തിയിലും 1942-ൽ ക്വിറ്റ് ഇന്ത്യാപ്രമേയത്തോടനുബന്ധിച്ച് നടന്ന പോരാട്ടങ്ങളിലും വിദ്യാർത്ഥികൾ മുൻനിരയിലുണ്ടായിരുന്നു. ക്ലാസ്സ് ബഹിഷ്കരണം ഗതിമാറി അദ്ധ്യാപകധിക്കാരത്തിന്റെയും പൊതുസ്വത്ത് നശിപ്പിക്കലിന്റെയും വഴി സ്വീകരിച്ചത് 1957-ലെ കേരള വിമോചചനസമരത്തിലൂടെയാണ്. ചരിത്രത്തിലെ ഒട്ടുമിക്ക സ്വാതന്ത്ര്യമുന്നേറ്റങ്ങളുടെയും നവോത്ഥാനപ്രസ്ഥാനങ്ങളുടെയും നാന്ദി കുറിക്കുവാൻ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. പാരീസിലും വിയറ്റ്നാമിലും ഇൻഡോനേഷ്യയിലുമൊക്കെ വിദ്യാർത്ഥികൾ സാധ്യമാക്കിയ സ്വാതന്ത്ര്യമുന്നേറ്റങ്ങളെയും വിപ്ലവപ്രസ്ഥാനങ്ങളെയും നമുക്ക് അവഗണിക്കാനാവില്ല. ഇന്ന് വിദ്യാഭ്യാസം യാതൊരു വിവേചനവുമില്ലാതെ കച്ചവടവത്കരിക്കപ്പെടുകയും സ്വകാര്യമേഖലയ്ക്ക് തീറെഴുതിക്കൊടുക്കുകയും ചെയ്യപ്പെടുമ്പോൾ അവയ്ക്കെതിരെ ശബ്ദമുയർത്തുന്ന സംഘങ്ങളെ ഇല്ലായ്മ ചെയ്യുകയാണ്.

(ശേഷം പേജ് 18)

## CHURCH AND.... (Cont'd from Page 9)

measure as you choose, increase the fruits of the earth in the seeds and in harvest."

In the Great Euchologion of the Church, we find a multitude of characteristic blessings for the proportionate use of the goods of creation. Below I mention only some titles of special blessings which refer to man, to bios and to creation centered in man, who is the perfection of creation, of bios: the blessings of illness, the blessing for a new house, for the opening of a well, the blessing for fields, gardens, the blessing for seeds, for the threshing floor, the blessing for the planting of a vingyard, for the receiving of grapes, the blessing for the herds, for the animals, for the construction of a vessel, for nets, for silk; the blessing for carnal food, for cheese and eggs; the blessing for a contaminated utensil, wine or flour, for those who have eaten contaminated food.

From all the above, we can extract the following conclusions, which show the thesis of the Church's theology and practical life in history, in the present and in the eschatological future as they relate to the bios of man: **a)** The Church approaches all of creation with awe, great respect and much love, because creation is God's work. **b)** Man, as a creation and a child of God is not the lord and master of creation. He is the priest. He is the user. He should, in no way, be the violator, the embezzler, and the super consumer of the goods of nature and of life. **c)** The human reality of today's world has created a distressing situation. Because of the perfection of creation, "all of creation sighs and suffers until now"-because of man, as Paul the Apostle states (Rom. 8, 22). The four horsemen of the Apocalypse-War, Famine, Death and the Plague-with the arrow, the sword, the scales and the sickle-attack bio-creation according to the Apocalypse of John the Evangelist. Who is going to win? The final triumph belongs to the Church, to God in the Holy Trinity, to the God-man, to man and to all new creation. The acceptance of the fact, eschatologically and revealingly, does not suffice. Our participation is required.

*Prof. Athanasios. A. Poulos*

# ക്യാമ്പസുകളിലെ കക്ഷിരാഷ്ട്രീയം

ഡോ. എം. വി. പൈലി

കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം സ്കൂൾ-കോളജ് വിദ്യാർത്ഥി മേഖലകളിൽനിന്ന് മാറാത്തിടത്തോളം കാലം ക്യാമ്പസുകളിൽ ഇന്നത്തെ ദുരവസ്ഥ നിലനിൽക്കും. കേരളത്തിലെ വലുതും ചെറുതുമായ അനേകം രാഷ്ട്രീയകക്ഷികളും അവരുടെ ഉന്നതരും നേതൃത്വം നൽകുന്ന ഒരു രംഗമാണ് സ്കൂൾ-കോളജ് യൂണിയൻ തിരഞ്ഞെടുപ്പ്. സ്കൂളിലേക്കും കോളജിലേക്കും പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ തങ്ങളുടെ പാർട്ടികളിലേക്കാകർഷിക്കുന്നതിനും അംഗങ്ങളാക്കുന്നതിനും വെമ്പൽകൊള്ളുകയാണ് എല്ലാ പാർട്ടികളും. അംഗങ്ങളാക്കുക മാത്രമല്ല, അവരെ തങ്ങളുടെ പിണിയാളുകളാക്കി ഏതവസരത്തിലും പഠിപ്പുമുടക്കിനോ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കോ സജ്ജമാക്കുകയെന്നതാണ് അവരുടെ സ്ഥായിയായ പരിപാടി. ട്രേഡ് യൂണിയൻ രംഗത്ത് തൊഴിലാളി യൂണിയനുകൾ മത്സരിച്ച് അവകാശപ്രഖ്യാപനങ്ങളും അമിതമായ വിലപേശലുകളും നടത്തുന്നതിനെ അനുകരിച്ചാണ് ഓരോ വിദ്യാർത്ഥി സംഘടനയും സ്കൂൾ-കോളജ് മാനേജ്മെന്റുകളുടെ മുമ്പിൽ 'അവകാശങ്ങൾ'ക്കുവേണ്ടി അലമുറയിടുന്നതും കുഴപ്പങ്ങളുണ്ടാക്കുന്നതും.

സ്കൂളിന്റെയോ കോളജിന്റെയോ അച്ചടക്കത്തോടുകൂടിയുള്ള പ്രവർത്തനം സ്തംഭിപ്പിക്കുന്നതിൽ വിജയാഹ്ലാദം പ്രകടിപ്പിക്കുന്നവരാണവർ. അവർക്കു പഠിക്കേണ്ട; മറ്റുള്ളവരെ പഠിക്കാൻ അനുവദിക്കയുമില്ല. ആത്മഹത്യാപരമായ ഈ പാതകത്തിന് ഇവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷികളും ഒരുപോലെ കുറ്റക്കാരാണ്. ഇ.എം.എസ്. മുതൽ എ. കെ. ആന്റണി വരെ എല്ലാ രാഷ്ട്രീയനേതാക്കളും ഈ പാപഭാരം ഏറ്റെടുത്തേ പറ്റൂ. ഇതിനു പരിഹാരമുണ്ടാകണമെങ്കിൽ അവർ തന്നെ മുൻകൈയെടുക്കണം, രാഷ്ട്രീയതലത്തിൽത്തന്നെ. ഇവിടത്തെ എല്ലാ പ്രധാന രാഷ്ട്രീയകക്ഷികളും ഈ രംഗത്തു നിന്ന് വിരമിക്കുന്നതിനാവശ്യമായ പൊതുജനാഭിപ്രായം രൂപീകരിക്കണം. മക്കളെ സ്കൂളിലും കോളജിലും അയയ്ക്കുന്ന മാതാപിതാക്കൾ മുന്നോട്ടു വരണം. അവർ ഈ അക്രമത്തിനെതിരെ സംഘടിതമായി ശബ്ദമുയർത്തണം. ഇന്ന് അവർ നിഷ്ക്രിയരാണ്. നിശ്ശബ്ദമായി ഈ അച്ചടക്കമില്ലായ്മ നോക്കി വിലപിക്കുന്ന ഒരു കൂട്ടം അസംഘടിതർ. അവരുടെ ശബ്ദമുയരട്ടെ. അവർ കൂട്ടംകൂട്ടമായി ഈ രാഷ്ട്രീയ നേതൃമാന്യന്മാരുടെ വീടുകൾക്കു മുമ്പിൽ സത്യഗ്രഹം നടത്തട്ടെ. അതിന്റെ ഫലമായി ഇന്നത്തെ രീതിയിൽ കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന സ്കൂൾ-കോളജ് യൂണിയൻ തിരഞ്ഞെടുപ്പുകൾ നിർത്തലാക്കട്ടെ. ഒരു പരിഷ്കൃത രാജ്യത്തും നടക്കാത്ത ഈ സ്കൂൾ-കോളജ് തിരഞ്ഞെടുപ്പെന്ന ആഭാസം പൂർണമായി സ്തംഭിപ്പിക്കട്ടെ. അതായിരിക്കണം ആദ്യത്തെ പരിഹാരമാർഗം.

മറ്റൊന്ന്, സ്കൂൾ ഹെഡ്മാസ്റ്റർമാരും കോളജ് പ്രിൻസിപ്പൽമാരും യൂണിയൻ തിരഞ്ഞെടുപ്പ് നടത്തുകയില്ലെന്ന് സംഘടിതമായി തീരുമാനമെടുക്കട്ടെ. അപ്രകാരമുള്ള കൂട്ടായ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് പ്രവർത്തിക്കുവാൻ കഴിഞ്ഞാൽ അത് വലിയ ഒരു നേട്ടമായിരിക്കും. ഭരണകക്ഷിയും പ്രതിപക്ഷവും ഒന്നിച്ചിരുന്നു സ്കൂൾ, കോളജുകളുടെ പ്രവർത്തനത്തിന് ഒരു പെരുമാറ്റച്ചട്ടമുണ്ടാക്കട്ടെ. അതിനു അവരുടെമേൽ സമ്മർദ്ദം ചെലുത്തുന്നവിധം പൊതുജനാഭിപ്രായം രൂപീകരിക്കുവാൻ എല്ലാ തലത്തിലുള്ളവരും പരിശ്രമിക്കണം.

മറ്റൊന്ന്, സ്കൂൾ-കോളജ് തിരഞ്ഞെടുപ്പിന് കേരളത്തിലെ പത്രങ്ങൾ യാതൊരു പ്രാധാന്യവും കൊടുക്കാതിരിക്കുകയെന്നതാണ്. ഇന്ന് നമ്മുടെ പത്രങ്ങൾ എത്ര ഉത്തരവാദിത്തരഹിതമായിട്ടാണ് അമിതപ്രാധാന്യത്തോടുകൂടി യൂണിയൻ തിരഞ്ഞെടുപ്പുകൾ പ്രസിദ്ധപ്പെടുത്തുന്നത്. ഇത് തികച്ചും തെറ്റായ ഒരു നടപടിയാണെന്നാണ് എന്റെ പക്ഷം.

നമ്മുടെ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും ഇന്നൊരു വഴിത്തിരിവിലാണ്. അവരുടെയിടയിൽ എത്രയോ നല്ലവരുണ്ട്, ആദർശശാലികൾ. പക്ഷേ, രണ്ട് കാരണങ്ങളാണ് അവരെ ഈ നിലയിലെത്തിച്ചത്. ഒന്ന്, മൂന്നാംകിടക്കാർക്ക് വിദ്യാഭ്യാസ മണ്ഡലത്തിൽ നിയമനം കൊടുത്തത്. കൈക്കൂലിയുടെയും സ്വജനപക്ഷപാതത്തിന്റെയും തണലിലാണ് അവർ വിദ്യാലയങ്ങളിലും കലാലയങ്ങളിലും കയറിപ്പറ്റിയത്. ഒരു ജോലി കിട്ടണം, നല്ല ശമ്പളം കിട്ടണം, പ്രമോഷൻ കിട്ടണം, എന്നതിലപ്പുറം അവർക്ക് മറ്റു ലക്ഷ്യങ്ങളൊന്നുമില്ല.

രണ്ട്, നമ്മുടെ വിദ്യാലയാന്തരീക്ഷത്തിൽ കയറിപ്പറ്റിയ കക്ഷിരാഷഷ്ട്രീയം. കേരളത്തിലെ എല്ലാ പാർട്ടികളും ഇതിൽ കുറ്റവാളികളാണ്. 1967-ൽ എ. കെ. പി. സി. ടി. എ. ഒരൊറ്റ സംഘടനയായിരുന്നു. അന്നതിനെ അമിതമായി താലോലിച്ചത് ഇ.എം.എസും മുഹമ്മദ് കോയയുമായിരുന്നു. എ.കെ.പി.സി.ടി.എ.യുടെ ഉപദേശമനുസരിച്ചാണ് ഇ.എം.എസ്.മന്ത്രിസഭ ഇവിടെ യു.ജി.സി. സ്കെയിൽ നടപ്പാക്കാതെ പ്രൈവറ്റ് കോളജ് അദ്ധ്യാപകരെ പ്രീണിപ്പിക്കുന്ന നയമെടുത്തത്. സമർത്ഥനായ ഒരദ്ധ്യാപകൻ ഗവേഷണരംഗത്തു പ്രവർത്തിക്കുന്നതും ഡിഗ്രിയെടുക്കുന്നതും എ.കെ.പി.സി.ടി. യ്ക്ക് അരോചകമായിരുന്നു. ഒരു പി.എച്ച്.ഡി. എടുക്കുന്നയാൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണന നൽകുന്നതോ ഒന്നോ രണ്ടോ ഇൻക്രിമെന്റ് നൽകുന്നതോ അവർക്കിഷ്ടമല്ലായിരുന്നു. അതുകൊണ്ടാണല്ലോ ഇന്നും കോളജു വിദ്യാഭ്യാസരംഗത്ത് ഗവേഷണത്തിന് യാതൊരു പ്രാധാന്യവും കൽപ്പിക്കാത്തത്. മറ്റൊന്ന്, കോളജദ്ധ്യാപകരെ കക്ഷിരാഷ്ട്രീയക്കാരാക്കി താഴ്ത്തിയതാണ്. ഇന്ന് എത്ര യൂണിയനുകളാണ് അവരെ നയിക്കുന്നതെന്നു നോക്കുക. കൂടുതൽ യൂണിയനുകൾ, കൂടുതൽ നേതാക്കൾ, കൂടുതൽ സംഘട്ടനം, മത്സരിച്ച് പ്രക്ഷോഭം സംഘടിപ്പിക്കൽ-ഇതാണിന്നത്തെ ദയനീയ സ്ഥിതി.

ഡൊണേഷൻ കൊടുത്ത് ഉദ്യോഗം വാങ്ങിയ ഒരു കോളജദ്ധ്യാപകൻ ഒരിക്കലും ഒരു മാതൃകാദ്ധ്യാപകനാവുകയില്ല. തനിക്കു കിട്ടുന്ന ശമ്പളം താൻ മുടക്കിയ മുതലിന്റെ പലിശയായേ അയാൾ കണക്കാക്കുകയുള്ളൂ.

അൽപ്പമെങ്കിലും കാര്യങ്ങൾ നേരെയാകണമെങ്കിൽ ചെയ്യേണ്ടത് സർവീസിന്റെ മാത്രം അടിസ്ഥാനത്തിലുള്ള പ്രമോഷൻ നിർത്തലാക്കുകയും കഴിവുള്ളവരെ മാത്രം പ്രധാനാദ്ധ്യാപകരായി നിയമിക്കുകയും അവർക്ക് അച്ചടക്കനടപടി എടുക്കുവാനുള്ള അധികാരം നൽകുകയുമാണ്. അച്ചടക്കമില്ലാത്ത, അറിവു വർദ്ധിപ്പിക്കുവാൻ താൽപര്യമില്ലാത്ത, പഠിപ്പിക്കുവാൻ താൽപര്യമില്ലാത്ത, രാഷ്ട്രീയം കളിക്കുന്ന, തത്ത്വദീക്ഷയില്ലാത്ത, എന്തും ചെയ്യാൻ മടിയില്ലാത്തവരായ ഒരു കൂട്ടം സാമൂഹ്യ ദ്രോഹികളായി അധഃപതനത്തിൽനിന്ന് അധഃപതനത്തിലേക്കു താഴുന്നവരാണ് കേരളത്തിലെ കലാലയാദ്ധ്യാപകരിൽ ഒരു നല്ല പങ്കും.

*(കടപ്പാട്: ഡയോസിസൻ ബുള്ളറ്റിൻ)*

**A teacher tells she was somewhat startled by this note which she received from the mother of one of her pupils. "Dear teacher, please excuse Paul for being late ! It was his father's fault."**

## കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## സഭയും സഭകളും

സമാനതയുടെ ഭാസമെന്നാണു സഭയ്ക്കു വാച്യാർത്ഥം. ഭാസമെന്നാൽ പ്രകാശം. യേശുക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർപ്പ് എന്നിവയിലുള്ള വിശ്വാസത്തിലും വരാനിരിക്കുന്ന ദൈവരാജ്യത്തിലുള്ള പ്രതീക്ഷയിലുമുള്ള സമാനത പ്രകാശപൂർണ്ണമാക്കിയവരുടെ സമൂഹമാണു ക്രൈസ്തവസഭ. യേശുശിഷ്യരോടു പറഞ്ഞു: "നിങ്ങൾ പോയി എല്ലാ ജനങ്ങളെയും ശിഷ്യപ്പെടുത്തുക...ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുക". ആ കല്പന പാലിച്ച് അവർ ജറുസലേമിൽ നിന്നു പുറപ്പെട്ടു. അറിയപ്പെട്ടിരുന്ന സകല ജനപദങ്ങളിലും അവർ എത്തി. അവിടങ്ങളിലെല്ലാം ക്രൈസ്തവസമൂഹങ്ങളുണ്ടായി. ക്രിസ്ത്വാബ്ദത്തിന്റെ ആദ്യത്തെ രണ്ടുമൂന്നു നൂറ്റാണ്ടുകൾ ആ സമൂഹങ്ങൾക്കു പീഡനകാലമായിരുന്നു. പീഡനം യഹൂദന്മാരിൽ നിന്നും റോമൻകാരിൽ നിന്നും ഉണ്ടായി. എ.ഡി.312-ൽ റോമൻ ചക്രവർത്തി കോൺസ്റ്റന്റൈൻ ക്രിസ്തുമതം സ്വീകരിച്ചതോടെ ക്രൈസ്തവസഭയ്ക്കു സുവർണ്ണകാലം. മതതീഷ്ണതയുടെയും പ്രത്യാശയുടെയും ജീവിതവിശുദ്ധിയുടെയും നാലഞ്ചു നൂറ്റാണ്ടുകൾ. പിന്നെപ്പിന്നെ സഭയിൽ സംഘർഷങ്ങൾ, പിളർപ്പുകൾ, പുതുസഭകൾ...

രണ്ടായിരം വർഷത്തെ പാരമ്പര്യമുണ്ടെങ്കിലും നൂറുകോടിയിലധികം വരുന്ന ഇന്ത്യയുടെ ജനസംഖ്യയിൽ ക്രിസ്ത്യാനികൾ മൂന്നു ശതമാനത്തിലധികമല്ലാത്തതെന്തുകൊണ്ടെന്നു ചോദിക്കുന്നു 'ധർമ്മദീപ്തി' പത്രാധിപർ. അദ്ദേഹം തന്നെ ഉത്തരവും നൽകുന്നുണ്ട്. എപ്പിസ്കോപ്പലെന്നും ബ്രദറൺ-ബാപ്റ്റിസ്റ്റ് വിഭാഗമെന്നും പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളെന്നും വേർതിരിക്കാവുന്ന സഭാവിഭാഗങ്ങൾ തമ്മിലുള്ള അനൈക്യം, അവയിൽ പലതിലുമുള്ള സവർണ്ണ-അവർണ്ണഭേദം, മദ്യപാനം പോലുള്ള ദുർവൃത്തികളിലും അക്രമപ്രവർത്തനങ്ങളിലും വ്യാപരിച്ചു സാക്ഷ്യത്തിൽ നിന്നുള്ള അകൽച്ച, ലൗകികമോഹത്തിന്റെ പിടിയിലമർന്ന് പടുകൂറ്റൻ വീടുകളും ആർഭാടങ്ങളും ദൈവാനുഗ്രഹമെന്നു കരുതിയുള്ള സ്വാർത്ഥജീവിതം. ക്രൈസ്തവസഭയെ ദുർബലമാക്കുകയും വളർച്ചയ്ക്കുപകരം തളർച്ചയിലേക്കു നയിക്കുകയും ചെയ്യുന്നു അവ.

ക്രൈസ്തവസഭാംഗങ്ങളുടെ ധാർമ്മികബോധത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടകരമായ മാറ്റങ്ങളുടെ ചിത്രം റവ. ഡോ. ഒ. തോമസ് 'ബഥേൽ പത്രിക'യിൽ അവതരിപ്പിക്കുന്നു. പൂർണ്ണശക്തിയോടെ ദൈവത്തെയും തന്നെപ്പോലെ തന്നെ അയൽക്കാരനെയും സ്നേഹിക്കുകയാണു ക്രൈസ്തവ ധാർമ്മികതയുടെ അടിസ്ഥാനങ്ങൾ. പക്ഷേ, അവയിൽ നിന്നു നാം ഏറെ മാറിപ്പോയിരിക്കുന്നു. നന്മയിൽ നിന്ന് അകലുക മാത്രമല്ല, തിന്മയെ നന്മയായി കാണുകയും ചെയ്യുന്നു. സമ്പത്തു ദൈവാനുഗ്രഹത്തിന്റെ അടയാളമായിരിക്കുന്നു നമുക്ക്. സാധാരണക്കാരന്റെ നന്മയെ തിരസ്കരിച്ച് ന്യൂനപക്ഷത്തിന്റെ സ്വാർത്ഥതാല്പര്യങ്ങൾ നാം നിലനിർത്തുന്നു.

യേശു കാണിച്ചുതന്ന വഴിയിൽ നിന്ന് എത്രയോ അകലെയാണ് ഇന്നു നമ്മുടെ സഭയും സഭകളും! മതങ്ങൾ തമ്മിലുള്ള കലഹങ്ങൾ കൊണ്ട് ആകെ കലുഷിതമാണു നമ്മുടെ നാട്. മതങ്ങൾ തമ്മിലെന്നത് ലാക്ഷണികപ്രയോഗമാണ്. മതങ്ങൾക്കു കലഹിക്കാനാവില്ല; മതാനുയായികൾ തമ്മിലാണു കലഹം. സ്വന്തം മതത്തെ സംബന്ധിക്കുന്ന തെറ്റായ ധാരണകളാണ് കലഹത്തിനു കാരണം. എന്റെ മതമാണ് മഹത്തരം എന്നു ഞാൻ കരുതുമ്പോൾ മറ്റു മതങ്ങളോട് അസഹിഷ്ണുവാകും. മറിച്ച്, മറ്റു മതങ്ങൾ എന്റെ മതം പോലെ മഹത്വമുള്ളതെന്നു ഞാൻ ധരിക്കുന്നുവെങ്കിൽ സൗഹാർദ്ദപരമാകും അവയോടുള്ള സമീപനം. സഭകളുടെ കാര്യത്തിലും ഇതു തന്നെ സ്ഥിതി. മതങ്ങൾക്കെന്നപോലെ സഭകൾക്കും ആന്തരമെന്നും ബാഹ്യമെന്നും രണ്ടു രൂപങ്ങളുണ്ട്. ക്രൈസ്തവസഭകളുടെ ആന്തരരൂപം ക്രിസ്തുവിലുള്ള വിശ്വാസത്തിലും ബാഹ്യരൂപം ആ വിശ്വാസത്തിന്റെ ആവിഷ്കാരത്തിലും ശ്രദ്ധിക്കുന്നു. ആവിഷ്കാരങ്ങളിലുള്ള അന്തരമാണു സഭകളെ വേർതിരിക്കുന്നത്. അതിലുള്ള അമിതശ്രദ്ധയിൽ നാം സ്വന്തം സഭയുടെ രക്ഷയ്ക്കായി അതിനു ചുറ്റും മതിലുകൾ പണിയുന്നു. മറ്റു സഭകളുടെ മതിലുകൾ നമുക്കു പൊളിക്കേണ്ടിയും വരും. തുടർന്നു കലഹങ്ങൾ, മത്സരങ്ങൾ...

ഇത്തരമൊരു ചിന്തയ്ക്കുള്ള പ്രേരണ 'മരുപച്ച' ജൂലൈ ലക്കത്തിലെ ലേഖനം. 'കുഞ്ഞാടുകളെ ചെന്നായ്ക്കളാക്കുന്ന പത്ര'മെന്ന ലേഖനശീർഷകം. എപ്പിസ്ക്കോപ്പൽ സഭകളിൽ നിന്നു പെന്തെക്കോസ്ത് സഭകളിലേയ്ക്കുള്ള പ്രവാഹത്തെപ്പറ്റി 'മംഗളം' പ്രസിദ്ധപ്പെടുത്തിയ ലേഖനപരമ്പരയോടുള്ള പ്രതികരണമാണ്. ലേഖനപരമ്പര സത്യാന്വേഷണമായിരുന്നില്ലെന്നും കുരുടന്മാർ ആനയെക്കണ്ട മട്ടിലായിരുന്നെന്നും ലേഖനം ചൂണ്ടിക്കാണിക്കുന്നു. ഒരു പെന്തക്കോസ്തൽ പ്രസിദ്ധീകരണമെന്ന നിലയിൽ അത്രയും ചെയ്യാൻ മരുപ്പച്ച കടപ്പെട്ടിരുന്നു. പക്ഷേ, അതുകൊണ്ടവസാനിപ്പിക്കാതെ പെന്തിക്കോസ്തിതര ക്രൈസ്തവസഭകളെ ആക്രമിക്കുന്നതിനൊരു അവസരമായി ലേഖനത്തെ ഉപയോഗപ്പെടുത്തിയത് അക്രൈസ്തവമായി. ഒരു ചെകിടത്തടിക്കുന്നവനു മറ്റേ ചെകിടു കാണിച്ചു കൊടുക്കാനാണ് യേശു തമ്പുരാൻ കല്പിച്ചത്. അതിനു കഴിഞ്ഞില്ലെങ്കിൽ തന്നെയും ഒട്ടും കുറയാത്ത ശക്തിയിൽ നാം തിരിച്ചടിച്ചുകൂടാ.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് 'ചർച്ച് വീക്ക്ലി'യിൽ പ്രസിദ്ധപ്പെടുത്തിയ സ്നേഹസങ്കീർത്തനത്തോടുള്ള 'മരുപ്പച്ച'യുടെ പ്രതികരണത്തിലുമുണ്ട് അപാകത. "ബിംബാരാധകർ തൻ പ്രാർത്ഥനകൾക്കും ഉത്തരം നൽകുന്നതു സത്യനിത്യശുദ്ധസ്നേഹം ത്രിയേക ദൈവം" എന്ന മെത്രാപ്പോലീത്തയുടെ വാക്കുകൾക്കു മറുപടിയായി "ബാവാകക്ഷിയെയും മെത്രാൻകക്ഷിയെയും തമ്മിലടിപ്പിച്ചു ചോരകുടിക്കുന്നതും സത്യനിത്യശുദ്ധസ്നേഹമോ". എന്നു ചോദിക്കുന്നത് ഒരു ക്രൈസ്തവപ്രസിദ്ധീകരണത്തിൽ നിന്നു പ്രതീക്ഷിക്കുന്ന സ്നേഹാനുഭവത്തിന് ഇണങ്ങുന്നുതല്ല.

സ്നേഹത്തെപ്പറ്റി പറയുമ്പോൾ 'അമ്മ'യിൽ കണ്ട ഒരു വിവരണം ഓർമ്മിക്കുന്നു. അസീസിയിലെ ഫ്രാൻസിസിനെപ്പറ്റിയാണ്. കുഷ്ഠരോഗികൾ നമുക്കെന്നപോലെ ഫ്രാൻസിസിനും മടുപ്പിക്കുന്ന കാഴ്ചയായിരുന്നു. പക്ഷേ, ഒരിക്കൽ എതിരേ വന്ന ഒരു കുഷ്ഠരോഗിയുടെ അടുത്തെത്തി അയാളുടെ വ്രണങ്ങളെ അദ്ദേഹം ചുംബിച്ചു. വ്രണങ്ങൾ അപ്രത്യക്ഷമായി. അവശേഷിച്ചത് അഞ്ചു മുറിവുകൾ. രണ്ടെണ്ണം പാദങ്ങളിൽ, രണ്ടു കൈകളിൽ, ഒന്നു വിലാപ്പുറത്ത്. ഫ്രാൻസിസ് ഇങ്ങനെ തേങ്ങി: "ദൈവമേ, തിരശീലകൾക്കു പിന്നിൽ ഒളിച്ചു നിൽക്കുന്ന ദൈവമേ!" ●

Susan : What does your mother-in-law wear when she goes to Church?
Mary : No, she always wears a long face whenever she goes to Church.

# കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

## സങ്കല്പങ്ങളുടെ മാസ്മര ലോകത്തിൽ

ഇന്റർ മീഡിയറ്റ് വിദ്യാർത്ഥി ആയിരിക്കുമ്പോൾ സിനിമ കാണുന്നത് സന്തോഷപ്രദമായ ഒരനുഭവമായിരുന്നു. അന്ന് ആലുവയിൽ ഒരു സിനിമാപ്രദർശനശാല മാത്രമേ ഉണ്ടായിരുന്നുള്ളൂ. പങ്കജം ടാക്കീസ്. ഒരു വിധം കൊള്ളാവുന്ന പടമുണ്ടെങ്കിൽ ശനിയാഴ്ച മാറ്റിനിക്കാണ് ഹോസ്റ്റൽ വിദ്യാർത്ഥികൾ പോകാറ്. മലയാളചിത്രങ്ങൾ അന്ന് ഇറങ്ങി തുടങ്ങിയിട്ടേയുള്ളൂ. തിക്കുറിശ്ശിയും കൊട്ടാരക്കര ശ്രീധരൻ നായരുമൊക്കെ ഹീറോ ആയി അഭിനയിക്കുന്ന കാലം. പ്രേംനസീർ പ്രധാന നടനായി രംഗപ്രവേശനം ചെയ്യുന്നതേയുള്ളൂ. ഒരു വർഷം ഇറങ്ങുന്നത് മൂന്നോ നാലോ മലയാളച്ചിത്രങ്ങൾ മാത്രം. അതുകൊണ്ട് പഴയ ഹിന്ദി, തമിഴ് ചലച്ചിത്രങ്ങളാണ് പങ്കജം ടാക്കിസിൽ പ്രദർശനത്തിനെത്തിക്കൊണ്ടിരുന്നത്. നല്ല നിലവാരമുള്ള ചിത്രങ്ങൾ കാണണമെങ്കിൽ എറണാകുളം വരെ പോകണം. പ്രത്യേകിച്ച് ഇംഗ്ലീഷ് ചിത്രങ്ങൾ. അതിനായി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഹോസ്റ്റലിലെ കുട്ടികൾ മേനക തിയേറ്ററിൽ എത്താതിരിക്കില്ല. 'സാംസൻ ആൻഡ് ദെലീല'യാണ് ഞാൻ ആദ്യമായി കണ്ട ഇംഗ്ലീഷ് ചലചിത്രം. അന്ധനായ സാംസൻ ദാഗോന്റെ ക്ഷേത്രം നിലംപരിചാക്കുന്നത് അവിശ്വസനീയമായ ഒരു രംഗംതന്നെ ആയിരുന്നു. ഗ്രിഗറി പെക്കും ഓഡ്റി ഹെപ്ബോണും ചേർന്ന ഭിനയിച്ച 'എ റോമൻ ഹോളിഡേ' എന്ന ചിത്രവും അനുഭൂതി നല്കുന്ന ഒരനുഭവമായിരുന്നു. അനേകായിരങ്ങൾക്ക് ചലച്ചിത്രാസ്വാദനത്തിനു വഴി തുറന്നു കൊടുത്ത മേനക ഇന്ന് ഒരു ഷോപ്പിംങ്ങ് കോംപ്ലക്സായി മാറിയിരിക്കുന്നു. ബസിന്റെ ബോർഡിൽ ഇന്നും മേനക, ജട്ടി വഴി എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മേനക ഇന്നു സ്മരണയിൽ നിലനില്ക്കുന്നു.

സിനിമയുടെ കാര്യത്തിൽ എനിയ്ക്കു യാതൊരു കമ്പവും ഉണ്ടായിരുന്നില്ല. അതു കാണുന്നതുകൊണ്ടെന്തെങ്കിലും ദോഷമുണ്ടാകുമെന്നു ഞാൻ കരുതിയുമില്ല. ഒരു ദൃശ്യകലയെന്ന നിലയിൽ അതിനെ വിമർശനബുദ്ധിയോടെ കൈകാര്യം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. പലപ്പോഴും കുട്ടികൾക്ക് ഇതിലുണ്ടാകുന്ന ആസക്തിയാണ് അവരെ വഴി തെറ്റിക്കുന്നത്. അടച്ചു പൂട്ടിയ ഒരു ലോകത്തിൽ ആർക്കും ജീവിക്കാനാവില്ല. പ്രലോഭനങ്ങളെ അതിജീവിക്കുവാൻ കെൽപില്ലാത്ത ഒരുവന് നഷ്ടപ്പെടാൻ പലതും ഉണ്ടാവും. കഥാപാത്രങ്ങളുമായി അതിരു കവിഞ്ഞ് താദാത്മ്യപ്പെട്ട് യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒളിച്ചോടുമ്പോഴാണ് സിനിമ ഒരു മയക്കുമരുന്നാകുന്നത്. ഒന്നിനോടും അമിതാസക്തി ഉണ്ടാകുന്നത് അഭികാമ്യമല്ല. മതവിശ്വാസം പോലും മയക്കുമരുന്നുപോലെ ആയിത്തീരരുത്.

ഏതായാലും ഞങ്ങളുടെ ഹോസ്റ്റൽ ജീവിതവുമായി ബന്ധപ്പെട്ട ഒരു ഘടകമായിരുന്നു സിനിമ. മഹൽ എന്ന ചിത്രത്തിലെ 'ആയേഗാ ആയേഗാ ആനേവാലേ' എന്ന ഗാനം കേൾക്കുമ്പോൾ ഗതകാലസ്മരണകളാണ് ഇന്നും ഓടി എത്തുക. വർക്കി മെമ്മോറിയൽ അസ്സംബ്ലിഹോളും, കോളജ് കവലയും, കുട്ടികളുടെ തിക്കും തിരക്കുമൊക്കെ മനസ്സിന്റെ വെള്ളിത്തിരയിൽ തെളിഞ്ഞുവരും. മൈക്ക് സെറ്റ് കൊണ്ടുവരുന്നയാളുടെ പക്കൽ ഈ പാട്ട് ഉണ്ടായിരിക്കുമെന്നു മാത്രമല്ല മഹമ്മദ് റാഫിയുടെ 'ദുനിയാ കേരഹ് വാലേ' തുടങ്ങിയ പല ഹിറ്റ് ഗാനങ്ങളുടെ ശേഖരവും ഉണ്ടാവും. ഈ പാട്ടുകളുടെ പശ്ചാത്തലത്തിലാണ് പല സമ്മേളനങ്ങളും അരങ്ങേറുക. അതുകൊണ്ട് പല ഓർമ്മകളെയും ഇണക്കുന്ന കണ്ണികളായിരുന്നു ഈ ഗാനങ്ങൾ.

അക്കാലത്താണ് രാജ്കപൂറിന്റെ ആവാരാ എന്ന ചിത്രം പുറത്തിറങ്ങിയത്. ചിത്രം കുട്ടികൾക്ക് ഒരു ഹരമായിരുന്നു. ട്രൗസേഴ്സിന്റെ താഴത്തേ ഭാഗം അല്പം ചുരുട്ടിക്കയറ്റി രാജ്കപൂറിനേപ്പോലെ 'ആവാരാ' ആയി വിലസുവാൻ പലരും ആഗ്രഹിച്ചു. പാന്റ്സ് ധരിക്കുന്നവർ ക്ലാസിനു പുറത്തു വരുമ്പോൾ ആവാരാ ഹൂ എന്ന പാട്ടും പാടി ചുറ്റിയടിച്ച് ആ പദ്ധതി നടപ്പാക്കുകയും ചെയ്തു. പക്ഷെ മുണ്ടുടുത്തു ക്ലാസ്സിൽ വന്നുകൊണ്ടിരുന്ന തൊണ്ണൂറ്റിയെട്ടു ശതമാനം കുട്ടികളും അസൂയയോടെ ആ ന്യൂനപക്ഷത്തെ പുച്ഛിച്ചുതള്ളി. അപ്പോഴാണ് മുണ്ടുടുത്തു ക്ലാസ്സിൽ വന്നു കൊണ്ടിരുന്ന ഒരാൾ ഫീസു കൊടുക്കാൻ വച്ചിരുന്ന പണം കൊണ്ട് ഒരു പാന്റ്സ് തയിപ്പിച്ചത്. അവൻ 'ആവരാ' ആയി വിലസി. ഫീസ് അടയ്ക്കാൻ കഴിയാഞ്ഞതുമൂലം അവൻ ക്ലാസ്സിൽ നിന്നു കുറെ ദിവസം പുറത്തായതു മറ്റൊരു കാര്യം.

എന്നാൽ ദിലീപ് കുമാർ ആകുവാൻ വലിയ ചിലവില്ലാത്ത മറ്റൊരു മാർഗ്ഗമുണ്ടായിരുന്നു. തലമുടി നല്ലവണ്ണം വെട്ടാതെയിരിക്കുക. ചീകി വെടിപ്പാക്കാതെയിരിക്കുക. ദിലീപ്കുമാറിന്റെ ഒരു ചിത്രം ഫിലിം ഇൻഡ്യയിൽ നിന്ന് വെട്ടിയെടുത്ത് ഞങ്ങൾ ബാർബറിനു നല്കി. ചെവിയുടെ മുകൾ ഭാഗം മൂടത്തക്കവണ്ണം മുടി ഉണ്ടായിരിക്കണം. തലയുടെ പിൻഭാഗം വെട്ടി വെളുപ്പിക്കുകയുമരുത്. ബാർബറിനും അതു സന്തോഷമായിരുന്നു. കാരണം ജോലി ഭാരം പകുതിയായി കുറയുമല്ലോ. പ്രതിഫലത്തിനു കുറവുണ്ടാകുകയുമില്ല.

സിനിമ എന്ന കെണിയേക്കാൾ വിഷമകരമായിരുന്നത് പരീക്ഷയെപ്പറ്റിയുള്ള ഭയാശങ്കകൾ ആയിരുന്നു. രണ്ടുടേം ഉഴപ്പിനടന്നാലും മൂന്നാംടേമിൽ വച്ചുപിടിച്ചു കത്തിച്ചാൽ വിജയശ്രീലാളിതനായി പുറത്തുവരാം എന്ന മിഥ്യാബോധമാണ് പലരെയും ഇതിനു പ്രേരിപ്പിച്ചത്. ഞങ്ങളുടെ ഒരു സുഹൃത്ത് പരീക്ഷയ്ക്ക് മുമ്പ് അങ്ങനെ കത്തിക്കുകയായിരുന്നു. രാത്രി ഒരുമണി ആയാലും കിടക്കുകയില്ല. അത്താഴപ്പട്ടിണിയോടെ നടത്തിക്കൊണ്ടിരുന്ന ഈ പരീക്ഷണം അവനെ ഒരു വിഷമവൃത്തത്തിലാക്കി. ഉറങ്ങുവാൻ തീരെ കഴിയുന്നില്ല. രാത്രിയും പകലും ഉറങ്ങാനാവാത്ത ഒരവസ്ഥയുണ്ടായാൽ എന്തു ചെയ്യും? ഒടുവിൽ ഡോക്ടറെ സന്ദർശിക്കാതെ നിവർത്തിയില്ലെന്നായി. എന്നാൽ ഉറക്കഗുളിക കഴിച്ചിട്ടും ഇഷ്ടന് ഉറങ്ങാനാവുന്നില്ല. വിവരം വാർഡനായ ബേബി സാറിനെ അറിയിച്ചു. അദ്ദേഹം വി. കെ. അലക്സാണ്ടർ സാറിനെയും ഇട്ട്യേരാ സാറിനെയും കൂട്ടി മുറിയിലെത്തി.

ഇട്ട്യേരാ സാറിന്റെ നർമ്മബോധത്തിന്റെ ആഴം അന്നാണു ഞാൻ മനസ്സിലാക്കുന്നത്. കുറെ നേരം വിവരം തിരക്കിയശേഷം കൂടി നിന്നവരോട് അദ്ദേഹം ഗൗരവത്തിൽ പറഞ്ഞു. "എല്ലാവരും നോട്ടുബുക്കുമായി പ്രെയർ ഹോളിലേക്കു വരിക, ഹിസ്റ്ററിയ്ക്ക് ഒരു ക്ലാസ്സെടുക്കാം. ഇയാളെ കൂടെ കൊണ്ടുവരണം." സംഗതി എന്തെന്നു പിടികിട്ടിയവർ ഊറിച്ചിരിച്ചു. അപ്പോഴാണ് ഫലിതശിരോമണിയായ എ. എസ്സ്. ജോർജിന്റെ ശബ്ദം ഉയർന്നത്. "സാർ, Scripture class ആണെങ്കിൽ കുറെക്കൂടെ ഇഫക്ടീവ് ആയിരിക്കും. കൂടെ നിന്നവർ ഉറക്കെ പൊട്ടിച്ചിരിച്ചു. ഇട്ടിയേരാ സാർ ചിരിച്ചുകൊണ്ട് ഇറങ്ങിപ്പോകുകയും ചെയ്തു. എന്തിനേറെ പറയുന്നു. ഇട്ടിയേരാ സാർ പടിയിറങ്ങിയപ്പോഴേക്കും പ്രതി, ഗാഢനിദ്രയിൽ ആയിക്കഴിഞ്ഞിരുന്നു. വിവരം സാറിനെ അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം: "അധികമായാൽ അമൃതും വിഷം." ശരിയാണ്. ജീവിതത്തിന് താളവും ലയവുമുണ്ട്. ഒരു കാര്യത്തിലും സമനില തെറ്റരുത്. തെറ്റിയാൽ കുറ്റം നമ്മുടേതു മാത്രമായിരിക്കും. ദൈവം നല്കുന്ന ഈ വിവേചനാധികാരമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. ●



# ഒരച്ചന്റെ സ്വപ്നം

**അയിരൂർ മടത്തേത്ത് ഏബ്രഹാം തോമസ്** എന്നൊരു വൈദികൻ ഒരിക്കൽ ഒരു സ്വപ്നം കണ്ടു. 'സ്വർഗ്ഗത്തിന്റെ കീഴിൽ ഒരു കുടുംബം'. അച്ചൻ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. "ദൈവമേ, രാജ്യങ്ങളും വംശങ്ങളും തമ്മിലുള്ള ഭിത്തികൾ തകർക്കുവാൻ മതങ്ങളും ജാതികളും ഉയർത്തിയിരിക്കുന്ന വേലിക്കെട്ടുകൾ ഇല്ലാതാക്കുവാൻ സംസ്കാരങ്ങളും വർഗ്ഗങ്ങളും തമ്മിലുള്ള വേർതിരിവ് നശിപ്പിക്കുവാൻ പ്രവർത്തിക്കുക എന്നതാണല്ലോ, നീ ഞങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്. വിഭജിക്കപ്പെട്ട ഈ ലോകത്തിൽ സമാധാനത്തിന്റെ നീർച്ചാലലുകളാകുവാൻ ഞങ്ങളെ സഹായിക്കണേ".

അച്ചന്റെ പ്രാർത്ഥന ദൈവം കേട്ടുവോ? ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിക്കുമ്പോഴും എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുമ്പോഴും അച്ചൻ തന്നെ മഥിച്ചിരുന്ന ഈ വിഷയം പലരോടും അവതരിപ്പിച്ചു. ചെന്നൈ മാർത്തോമാ പള്ളി വികാരിയായി സേവനമനുഷ്ഠിക്കുമ്പോൾ തന്റെ സ്നേഹിതരുമായി ഈ വിഷയം പങ്കുവെച്ചു. വിവിധ രാഷ്ട്രീയ ചിന്താഗതിക്കാർ, വിവിധ മതവിശ്വാസികൾ, വിവിധ രാജ്യക്കാർ, നേതാക്കന്മാർ ഇവർക്കെല്ലാം ഒരുമിച്ചു കൂടുവാനുള്ള വേദിയൊരുക്കിയാൽ മാത്രമേ ആശയവിനിമയം നടക്കൂ. ആശയങ്ങൾ കൈമാറുന്നതിലൂടെയും, അന്യോന്യം മനസിലാക്കുന്നതിലൂടെയും മാത്രമേ സഹകരണം ഉണ്ടാവൂ എന്നും അച്ചൻ കണ്ടെത്തി. 'സ്വർഗ്ഗത്തിന്റെ കീഴിൽ ഒരു കുടുംബം' എന്ന സ്വപ്നം ഫലവത്താകുമ്പോൾ ഒരു കേന്ദ്രം വേണമെന്ന കണ്ടെത്തലിൽ അച്ചൻ ചെന്നെത്തി. മദ്രാസിൽ ഒരു കേന്ദ്രം കണ്ടെത്തുവാനുള്ള ശ്രമമാരംഭിച്ചു. അങ്ങനെയിരിക്കെ ചെന്നൈയിൽ നിന്നും ബാംഗ്ലൂരിലേക്ക് സ്ഥലംമാറ്റിക്കൊണ്ടുള്ള മെത്രാപ്പോലീത്തയുടെ ഉത്തരവ് അച്ചനെ തകർത്തുകളഞ്ഞു. ബാംഗ്ലൂരിലാണെങ്കിൽ ഒരു പാഴ്നേജില്ല. അച്ചൻ ബാംഗ്ലൂരിൽ ഒരു സുഹൃത്തിന്റെ വീട്ടിൽ താമസമാക്കി. ആ വീട്ടിലാണെങ്കിൽ ആവശ്യത്തിനു ഫർണിച്ചർ പോലുമില്ല. തറയിലാണ് കിടപ്പ്. താൻ കണ്ട സ്വപ്നം പ്രായോഗികതലത്തിൽ കൊണ്ടുവരുവാൻ ബാംഗ്ലൂരായിരിക്കും പറ്റിയ സ്ഥലം എന്ന് അച്ചൻ വിശ്വസിച്ചു. ദൈവഹിതം തന്നെയെന്നു അച്ചൻ കരുതി.

അച്ചൻ സുഹൃത്തുക്കളുടെ സമ്മേളനം വിളിച്ചുകൂട്ടി. എല്ലാവർക്കും ആശയം ഇഷ്ടപ്പെട്ടു. പക്ഷേ പണമെവിടെ. അച്ചൻ പറഞ്ഞു. "the Great God is above and the wide world is around". ബാംഗ്ലൂർ മാർത്തോമാ ഇടവകയുടെ ചുമതലയിൽ നിന്നും ഒഴിഞ്ഞു എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ ഡയറക്ടറായി അച്ചൻ ചുമതലയെടുത്തു. മാർത്തോമാ സഭാ കേന്ദ്രത്തിലുള്ളവർ ചിരിച്ചിട്ടുണ്ടാവണം. ഇല്ലാത്ത ഒരു സ്ഥാപനത്തിന്റെ ഡയറക്ടറായി ചുമതലയേൽക്കുക. വരുമാനമില്ലാത്ത ഒരു സ്ഥാപനത്തിന്റെ ഡയറക്ടറായാൽ ഭാര്യയും കുട്ടികളുമുള്ള അച്ചൻ എങ്ങനെ ചിലവു കഴിയും? അച്ചൻ സെന്ററിനുവേണ്ടി പണം പിരിക്കുവാനാരംഭിച്ചു. ഒപ്പം പറ്റിയ സ്ഥലം കണ്ടെത്താനും. വിജനമായ സ്ഥലങ്ങൾ തേടിയായിരുന്നു അച്ചന്റെ യാത്ര. കൂടെ ഒരു സ്നേഹിതനും പേര് വറുഗീസ് മാപ്പിള. വൈറ്റ് ഫീൽഡിൽ കാടു പിടിച്ചു കിടക്കുന്ന വിജനമായ ഒരു സ്ഥലം കണ്ടു. അച്ചൻ വറുഗീസ് മാപ്പിളയോടു പറഞ്ഞു. "This is the girl I am going to marry". സ്വരൂപിച്ച പണം ഉപയോഗിച്ചു സ്ഥലം വാങ്ങി. അങ്ങനെ സ്വപ്നം സാക്ഷാൽകരിക്കപ്പെടുവാൻ തുടങ്ങി. ബാംഗ്ലൂരിൽ വൈറ്റ് ഫീൽഡിലുള്ള എക്യുമെനിക്കൽ സെന്റർ സ്ഥാപിച്ച റവ. ഡോ. എം. ഏ. തോമസ് അങ്ങനെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥാപനത്തിന്റെ സ്ഥാപകനായിത്തീർന്നു. ഇരുപത്തിയൊൻപതേക്കർ സ്ഥലം, ഇരുപത്തിയേഴു കെട്ടിടങ്ങൾ, അറുപതോളം ജീവനക്കാർ, അന്താരാഷ്ട്ര, ദേശീയ, പ്രാദേശിക സമ്മേളനങ്ങൾ, ശില്പശാലകൾ, പരിശീലനകളരികൾ ഇങ്ങനെ എന്നും സജീവമായി നിലകൊള്ളുന്നു ഈ സെന്റർ.

എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ ലക്ഷ്യം സകല മാനവജാതിയുടെയും ഐക്യം എന്നതായിരുന്നു. ഇപ്പോൾ അത് സർവസൃഷ്ടിയുടെയും ഐക്യം എന്നതാണ്. അതിനു സഹായകരമായ പരിപാടികളാണ് ഇവിടെ ക്രമീകരിക്കുന്നത്. ഇതൊരു മതസ്ഥാപനമല്ല, ക്രിസ്തീയ മൂല്യങ്ങൾക്ക് ശക്തീകരണം നൽകുന്ന ഒരു സ്ഥാപനമാണ്. ഇവിടെ എല്ലാ മതവിഭാഗങ്ങളിലുമുള്ളവർ ജോലി ചെയ്യുന്നു. ഇവിടെ നടക്കുന്ന പരിപാടികളിൽ വ്യത്യസ്ത മതവിഭാഗക്കാരാണ് പങ്കെടുക്കുന്നത്. അത്തരം സന്ദർഭങ്ങളിൽ ധ്യാനവും ക്രൈസ്തവർക്കു മാത്രമായുള്ള പരിപാടികൾ നടക്കുമ്പോൾ ഞായറാഴ്ച ആരാധനയും ക്രമീകരിക്കാറുണ്ട്. സെന്ററിന്റെ കെട്ടിടങ്ങൾ പണിയുവാൻ വിദേശ ഏജൻസികളിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ മൂന്നു തരത്തിലുള്ള വരുമാനമാർഗ്ഗങ്ങളാണു സെന്ററിനുള്ളത്. എൻഡോവ്മെന്റുകളിൽ നിന്നുമുള്ള പലിശ, കൃഷിയിൽ നിന്നുമുള്ള ആദായം, സമ്മേളനങ്ങൾ നടത്തുമ്പോൾ ലഭിക്കുന്ന വരുമാനം എന്നിവയാണ് 120 പേർക്ക് താമസിക്കുവാനുള്ള ക്രമീകരണം ഇവിടെയുണ്ട്.

മാനവരാശിയുടെ ഐക്യം. സാമൂഹ്യദർശനം, മറ്റു മതങ്ങളോടുള്ള സമീപനം, പ്രശ്നങ്ങളെ എങ്ങനെ നോക്കി കാണണം തുടങ്ങിയവ ജനങ്ങൾ ചിന്തിക്കണമെന്നാണ് ഇ.സി.സി.യിലൂടെ ആഗ്രഹിക്കുന്നത്. ക്രിസ്ത്യൻ ഗ്രൂപ്പുകൾക്ക് പരിശീലനം നല്കുന്നതിനായി ഇൻഡ്യൻ സ്കൂൾ ഓഫ് എക്യുമെനിക്കൽ ടെക്നോളജി എന്ന സ്ഥാപനം ഇ.സി.സി.യിൽ പ്രവർത്തിക്കുന്നു.

ഇ.സി.സി. വളർത്തി ഒരു നിലയിലെത്തിച്ചതിനുശേഷം അച്ചൻ 1980-ൽ ഇതിന്റെ ഡയറക്ടർ സ്ഥാനത്തു നിന്നു സ്വയം മാറി. വിജിൽ ഇൻഡ്യ മൂവ്മെന്റ് എന്ന പ്രസ്ഥാനം ആരംഭിച്ചു. ഏവർക്കും മാതൃകയാക്കാവുന്ന സ്വഭാവഗുണങ്ങളുള്ള വ്യക്തിയായിരിരുന്നു എം. എ. തോമസ്സച്ചൻ. ഇ.സി.സി.യുടെ പ്രവർത്തനങ്ങളിൽ അച്ചൻ മക്കളെ ഒരിക്കൽ പോലും അടുപ്പിച്ചിരുന്നില്ല. പൊതു പണം അവിഹിതമായി തനിക്കോ കുടുംബാംഗങ്ങൾക്കോ ഉപയോഗിക്കുവാൻ ഇടവരരുതെന്നു അച്ചനു നിർബന്ധമുണ്ടായിരുന്നു. അച്ചൻ താമസിച്ചിരുന്ന വീടും വസ്തുവും കഴിഞ്ഞ വർഷം വിറ്റു കിട്ടിയ പണവും ഇ.സി.സി.യുടെ ഫണ്ടിലേക്ക് നൽകപ്പെട്ടു. ഇങ്ങനെയുള്ള സ്വപ്നങ്ങൾ കാണുവാനും അതു പ്രാവർത്തികമാക്കുവാനും ക്രൈസ്തവസമൂഹത്തിന് ഇടവരട്ടെ.

*പ്രൊഫ. ഡോ. മാത്യു കോശി*
*പുന്നയ്ക്കാട്.*



# A TRIBUTE

One of the renowned Medical Missionary, **Dr. Paul Brand** was called to eternity on the 8th of July 2003 at Seattle, USA. He was a real visionary who pioneered in reconstructive surgery and tendon transplantation. Those who knew him received the news of his demise with a heavy heart and a lost feeling. His parents Dr. Jessi Brand and Mrs. Evelyn Brand were working as missionaries in Kolli hills (meaning 'death hills') near Salem, where Dr. Paul Brand was born. Dr. Jessi Brand died of Malaria but Evelyn Brand continued her service in the remote areas of Kolli hills trecking on horseback as both her legs were fractured till she died in her eighties. Dr. Paul Brand was a student in England at that time. He questioned why God took away his father at the prime of his life, while giving dedicated service to the hill tribes. For some time he became a rebel. His parents wanted him to become a medical missionary but Paul's interest was in Carpentry and wanted to became a builder. Later he got himself reconciled to his father's untimely death and decided to go for medicine. When he finished his study in Orthopedic surgery, his mother wanted him to come to India. In 1948 Dr. Paul Brand was appointed in C.M.C. Vellore as its Orthopaedic surgeon. In a short time he became famous for his skills in surgery and great talents in teaching.

In a casual discussion with Dr. Cochrane, the renowned leperologist about leprosy, he asked Dr. Paul "Can you not do something to correct the deformities of leprosy patients"? Dr. Paul took this as a challenge, though there was not much fame or money in it. He realised that Leprosy destroys nerve ends causing loss of pain, causing ulcers from injury which resulted in loss of toes and fingers. He made an attempt to correct the deformity by gentle physiotherapy. He attempted further to replace the frozen tendons from transplanted ones to restore functions of fingers and toes. The first few trials proved successful. Thus tendon transplantation surgery made ground breaking revolutionary concept in medical science. Thus he gave a new life to leprosy patients giving them restoration from deformity and functional recovery in hands and feet. Hundreds of leprosy patients were blessed and benefited by his novel surgical procedure.

When the question came how to rehabilitate these patients, Dr. Paul Brand started the 'New life Center' at C.M.C. itself to train them in trades like weaving, carpentry, handicrafts etc. He gave them a dignified life style instead of the time honored profession of begging on the streets. He trained many doctors in tendon transplantation and reconstructive surgery.

There was an interesting anecdote happened during one of his visits to Christian Fellow Hospital, Oddanchatram in 1957. Dr. Paul Brand visited us accompanied by Dr. K. G. Koshy and Dr. V. Benjamin to observe medical services in the remote areas. On that day a patient was brought with a fracture femur. Dr. Paul Brand looked at the patient and asked what kind of operation table we had? We had only a wooden table. He asked us to make a hole in the middle of the table for a bamboo to pass through. He laid the patient on the table keeping thighs on either side of the bamboo. He tied tapes from both ankles fixing on the hip of Dr. Koshy and Dr. benjamin and asked them to gently pull when the patient went under ether anesthesia. Dr. Paul Brand was measuring the length of the both thighs with a measuring tape. At one stage he instructed the doctors to keep still and he applied pieces of sack clothes, dipped in liquid Plaster of Paris (not wasting gauze). When the Plaster was dried the patient was taken for a check X-ray, and X-ray showed perfect end to end alignment of bones. Thus Dr. Paul Brand demonstrated how one can manage with limited equipments.

Dr. Paul Brand had a great influence among the staff and students. Many students were deeply touched by his life and work and his sympathetic and tender loving care of his patients. Many students became medical missionaries in remote areas. He was very popular as an inspiring speaker and as insightful author and wrote many books like- "Image of God", and "Fearfully and wonderfully made". He brings out the fact that the God's great gift to man is pain, as it prevents injury. He jokingly said when everybody tries to prevent pain, I am trying to bring some sense of pain to the numbed areas in my leprosy patients. He received many awards of honour for his professional achievements and pioneering enterprises.

In one of the interviews he mentioned, "Because of where I practiced medicine I never made much money. But as I look back over a life time the host of friends who were once my patients bring me more joy than wealth could ever bring. I first met them when they were suffering and in pain. I shared their pain. Now that I am old it is their love and gratitude that illuminates the continuing pathway of my life. It's strange-those of us who involve ourselves in places where there is much suffering look back in surprise to find that it was there that we discovered joy."

His departure is a great loss to the medical profession, and medical missionaries enterprises. It's a real challenge for the younger generation to carry on the vision of Dr. Paul Brand and reconcile for the loss.

*Dr. A. K. Tharien*

## CAESAR'S THRONE

In every Christian's heart there is a cross and a throne, and the Christian is on the throne till be puts himself on the cross; if he refuses the cross he remains on the throne. We all want to be saved but we insist that Christ do all the dying. No cross for us, no dethronement, no dying. We remain king within the little kingdom of our own soul and wear our tinsel crowns with all the pride of a Caesar; but we doom ourselves to shadows and weakness and spiritual sterility.

# വിവേകത്തിന്റെ വഴിയിലേക്ക് ഒരു ചുവടുമാറ്റം



ഡോ. ജോസ് പാറക്കടവിൽ

അന്യരുടെ തെറ്റുകൾ തിരുത്തുവാനാവശ്യപ്പെടുകയും സ്വന്തം തെറ്റുകൾ തിരുത്തുവാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്നതാണ് നമ്മുടെ പൊതുസ്വഭാവം. ഇതിനിടയിൽ സ്വയം തെറ്റുതിരുത്തുവാൻ ആരെങ്കിലും സന്നദ്ധരായാൽ അത് ഏറെ ആശ്വാസകരമത്രേ. അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ഈയിടെ പ്രസിദ്ധീകരിച്ച ഇടയലേഖനം വലിയൊരാശ്വാസവും ആഹ്ലാദവുമാണ് കേരളീയസമൂഹത്തിനു നൽകിയത്. എല്ലാ പ്രമുഖപത്രങ്ങളും ഇടയലേഖനം വളരെ പ്രാധാന്യം നല്കി പ്രസിദ്ധീകരിച്ചു എന്നു മാത്രമല്ല, മുഖപ്രസംഗമെഴുതി അതിനെ ശ്ലാഘിക്കുകയും ചെയ്തു.

വിവാദങ്ങളും സംഘർഷങ്ങളും സൃഷ്ടിച്ച് അടുത്ത കാലത്ത് ഒട്ടേറെ അഭിമാനക്ഷയം സംഭവിച്ച കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് ആകമാനം അഭിമാനം പകരുന്നതാണ് ഇടയലേഖനത്തിലെ മാർഗനിർദ്ദേശങ്ങൾ. ലളിതജീവിതം കൊണ്ടും പക്വമായ ചിന്തകൾ കൊണ്ടും ശ്രദ്ധേയനായിക്കഴിഞ്ഞ മാർ വർക്കി വിതയത്തിൽ പിതാവിന്റെ യശസ്സിന് പൊൻതൂവൽ ചാർത്തുന്നതായി, ഈ ലേഖനം.

സമീപകാലത്ത് കേരളത്തിലെ വിവിധ മതവിഭാഗങ്ങളിൽ വർദ്ധിച്ചു വരുന്ന പ്രകടനപരത നിരവധി പ്രശ്നങ്ങൾക്കു കാരണമാകുന്നു, എന്ന തിരിച്ചറിവാണ് മേൽപ്പറഞ്ഞ ഇടയലേഖനത്തിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത്. പ്രകടനാത്മകതയിൽ മുൻപന്തിയിൽ നില്ക്കുന്നതു ക്രൈസ്തവരാണ് എന്നതിനാൽ ഈ തെറ്റു തിരുത്തൽ ക്രൈസ്തവരുടെ ഭാഗത്തു നിന്നു തന്നെ തുടങ്ങിയത് ഉചിതമായി. പ്രാർത്ഥനയുടെയും ആരാധനയുടെയും പ്രകടനപരതയെ ക്രിസ്തു നിശിതമായി വിമർശിച്ചിട്ടുണ്ട്. കാലം കഴിയുന്തോറും പ്രകടനാത്മകത വർദ്ധിച്ചു വരികയാണുണ്ടായത്. റോഡരികിലുള്ള കപ്പേളകളും, കുരിശിൻ തൊട്ടികളും റാസകളും, ശക്തിപ്രകടനങ്ങളും, ഉച്ചഭാഷിണികളും വഴിമുടക്കുന്ന ആരാധനകളും എല്ലാം പൊതുജനങ്ങൾക്കുളവാക്കുന്ന അസൗകര്യങ്ങൾ ഏറെയാണ്. ജനങ്ങൾ ഇതെല്ലാം നിശ്ശബ്ദമായി സഹിച്ചുപോരുന്നത് മതസഹിഷ്ണുതകൊണ്ടു മാത്രമാണ്.

എന്നാൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നടപടികൾ ശക്തിയുടെ പ്രകടനമായി കാണുകയും അത്തരം പ്രവൃത്തികളിൽ നിന്നും പിന്തിരിയുന്നത് ദൗർബല്യമായി കരുതുകയും ചെയ്യുന്നവർ ധാരാളമുണ്ട്. ഈ ദൗർബല്യം കൊണ്ട് തന്റെയും സഭയുടെയും യശസ്സുയർത്തുവാൻ കഴിഞ്ഞു എന്നതാണ് അത്യുന്നത കർദ്ദിനാളിന്റെ നടപടിയുടെ സവിശേഷത. ●

## കപ്യാർ

ദേവാലയങ്ങളിലെ ഒരു പ്രധാന ചുമതലക്കാരനാണു 'കപ്യാർ'. ഈ പേരിനെക്കുറിച്ച് ചിലർ അസ്വസ്ഥത പ്രകടിപ്പിക്കാറുണ്ട്. ഒരു കപ്യാർ മരണമടഞ്ഞാൽ മറ്റൊരാളെ ലഭിക്കുവാൻ വളരെ പ്രയാസപ്പെടാറുണ്ട്. അതിനാൽ പേരിൽ മാറ്റം വരുത്തി ശുശ്രൂഷകൻ എന്നോ ചർച്ച് അസിസ്റ്റന്റ് എന്നോ ആക്കണമെന്ന് ആവശ്യപ്പെടാറുണ്ട്. കപ്യാർ എന്ന പദത്തിന്റെ അർത്ഥം അറിയാതെയാണ് ഇങ്ങനെ ചിന്തിക്കുന്നത്.

മദ്ധ്യയുഗത്തിൽ ലത്തീൻ ഭാഷയിലുണ്ടായ കപ്യാരിയൂസ് എന്ന പദമാണ് മലയാളത്തിൽ കപ്യാർ എന്ന പദമായി രൂപം പ്രാപിച്ചത്. കാര്യസ്ഥൻ, നായകൻ, അധിപൻ, സൂക്ഷിപ്പുകാരൻ എന്നെല്ലാം അർത്ഥമുള്ള ആ പദം ഇവിടെ പ്രചരിപ്പിച്ചത് പോർട്ടുഗീസു മിഷനറിമാരാണ്. ആദിമകാലത്ത് ഏത് നിക്ഷേപാലയത്തിന്റെയും കാര്യസ്ഥനെ ഈ വാക്കുപയോഗിച്ചു വിളിച്ചിരുന്നു. പള്ളിയിലെ പൂജാപാത്രങ്ങൾ, തിരുവസ്ത്രങ്ങൾ, സൈത്ത്, ആരാധനയ്ക്കു ഉപയോഗിക്കുന്ന പാത്രങ്ങൾ, ഗ്രന്ഥങ്ങൾ മുതലായവ സൂക്ഷിക്കുന്നതിന് ദേവാലയങ്ങളോടു ചേർന്ന് പ്രത്യേകമായ ഒരു മുറി ഉണ്ടാക്കുകയും ആ നിക്ഷേപമുറിക്ക് കപ്പിത്തിം, കപ്പിച്ചേരിയ, കപ്പിച്ചിയും എന്നൊക്കെ പേരു പറയുകയും ചെയ്തിരുന്നു. ('കാപ്പുത്ത്' എന്നാൽ ശിരസ്സ് എന്നർത്ഥം) പ്രധാനപ്പെട്ട മുറി എന്നാണിതിന്റെ അർത്ഥം.

## കോടതിവിധിയും...

പേജ് 12 തുടർച്ച

"വിദ്യാഭ്യാസത്തിന്റെ അഭാവം അരാ
ജകത്വത്തിന്റെ മുഖമുദ്രയാണ്" -
(ഡോ.എസ്. രാധാകൃഷ്ണൻ.) സാമൂഹ്യ
മാറ്റത്തിനു ചുക്കാൻ പിടിക്കേണ്ട
വൈജ്ഞാനികരംഗം അപകടത്തിലേക്കു
നീങ്ങുമ്പോൾ വിദ്യാഭ്യാസത്തെ പുനർ
നിർവചിക്കേണ്ടിയിരിക്കുന്നു. കേവലം
ബിരുദസമ്പാദനം മാത്രമല്ല വിദ്യാഭ്യാസം
കൊണ്ട് അർത്ഥമാക്കുന്നത്. വ്യാഖ്യാന
ങ്ങൾ എന്തെല്ലാം നൽകിയാലും സമൂഹം
നേരിടുന്ന സകല സമസ്യകളോടും ഏറ്റു
മുട്ടാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത്
വിദ്യാഭ്യാസമാണ്. മാനവമോചനം വിദ്യാ
ഭ്യാസത്തിന്റെ ശരിയായ പ്രയോഗത്തിലൂ
ടെയും, ശരിയായ വിദ്യാഭ്യാസം സംവാദ
ത്തിലൂടെയുമാണെന്ന് വിദ്യാഭ്യാസദാർശനി
കനായ പൗലെ ഫ്രയർ പറയുന്നു.

കാമ്പസ് ഒരു തുരുത്തല്ല, മറിച്ച്, സമൂ
ഹത്തിന്റെ ഭാഗം തന്നെയാണ്. സമൂഹ
ത്തിന്റെ ആകമാനജീവിതത്തെ സ്വാധീനി
ക്കുവാൻ കലാലയങ്ങൾക്കു സാധിക്കണം.
അതുകൊണ്ടുതന്നെ, സമൂഹവും കലാല
യവും തമ്മിൽ വേർതിരിച്ചു കാണുവാൻ
കഴിയില്ല. ലോകത്തെല്ലായിടത്തും രാഷ്ട്രീ
യപ്രവർത്തനം സാമൂഹ്യപ്രവർത്തനമായി
രുന്നു. അത് കലാലയത്തെയും സമൂഹ
ത്തെയും വിവേചിച്ചിരുന്നില്ല. ചിലപ്പോൾ
അത് കാമ്പസ്സിൽ തുടങ്ങി തെരുവുകളി
ലേക്കും ഫാക്ടറികളിലേക്കും ജയിലുക
ളിലേക്കും വ്യാപിച്ചിരുന്നു. നിലവിലിരുന്ന
അനീതിക്കും ചൂഷണത്തിനുമെതിരെ
പ്രതിഷേധമുയർത്തിയിരുന്നു. ഇന്ന്
ഇത്തരം പ്രതിഷേധങ്ങൾ ഇല്ലായ്മ ചെയ്യ
പ്പെടുകയാണ്. ഇത്തരം ചെറുത്തു
നിൽപ്പുകൾ ഇല്ലാതെയാകുമ്പോൾ
ആർക്കാണു അതുകൊണ്ട് നേട്ടമുണ്ടാ
കുക? വിദ്യാർത്ഥികൾ സംഘടിക്കുകയു
അവബോധങ്ങൾ പങ്കുവയ്ക്കുകയു
നിർമ്മാണാത്മകമായ പ്രവർത്തനങ്ങളിൽ
ഏർപ്പെടുകയും ചെയ്യുന്നതിനെ ആർക്കാ
ണ് എതിർക്കുവാൻ സാധിക്കുക?

വിദ്യാർത്ഥി സംഘടനകളുടെ
ഇന്നത്തെ പ്രവർത്തനങ്ങളെ നീതികരിക്കു
വാൻ ശ്രമിക്കുകയില്ലിവിടെ. രാഷ്ട്രീയ
വർഗീയപാർട്ടികളുടെ പോഷകസംഘടന
കളെന്ന അവസ്ഥ മാറി ആദർശത്തി
ന്റെയും പ്രത്യയശാസ്ത്രത്തിന്റെയു
പേരിൽ സംഘടനകൾ പ്രവർത്തിക്കണം.
പഠനാന്തരീക്ഷത്തെ പ്രതികൂലമായ
ബാധിക്കാത്ത, സമൂഹത്തിലെ രാഷ്ട്രീയ
ചലനങ്ങളെ പഠിക്കുവാനും സാമൂഹ്യമ
റ്റത്തിന് ചുക്കാൻ പിടിക്കുവാനും സാധ്യ
മക്കുന്ന കലാലയ രാഷ്ട്രീയം രൂപപ്പെടേ
ണ്ടതായുണ്ട്. അപ്രകാരം സാർഥകവു
നിർമ്മാണാത്മകവും അക്കാദമിക
പ്രവർത്തനവുമാകട്ടെ കലാലയരാഷ്ട്രീയം
●

# ആഘോഷങ്ങളിൽ ആർഭാടം വേണ്ട

*(ക്രൈസ്തവസഭകളിൽ നിലവിലുള്ള പല കീഴ്‌വഴക്കങ്ങളും പ്രവർത്തനങ്ങളും യഥാർത്ഥത്തിൽ ക്രിസ്തീയമല്ല എന്നുള്ള തിരിച്ചറിവ് സഭാനേതൃത്വത്തിന് ഉണ്ടാകേണ്ടിയിരിക്കുന്നു. ആഘോഷങ്ങളോടനുബന്ധിച്ചുള്ള അനാവശ്യ ആർഭാടങ്ങളും, അമിതപണച്ചിലവും പണപ്പിരിവും, അനാവശ്യതർക്കങ്ങളും, അക്രമങ്ങളും, മദ്യപാനവും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വർദ്ധിച്ചുവരുന്നതായി കാണുന്നു. ആത്മീയതയ്ക്കും പരിശുദ്ധിക്കും യോജിക്കാത്ത ഇത്തരം പ്രവണതകൾ ബോധപൂർവം ഒഴിവാക്കണം. എറണാകുളം-അങ്കമാലി മെത്രാപ്പോലീത്ത കർദ്ദിനാൾ വർക്കി വിതയത്തിൽ തന്റെ ഇടയലേഖനത്തിൽ ഈ പ്രവണതകളെ ശക്തമായി വിമർശിക്കുന്നു. വിവിധ സഭാനേതൃത്വത്തിലുള്ള പ്രമുഖവ്യക്തികൾക്ക് ഈ ഇടയലേഖനം പ്രചോദനം നല്കട്ടെ. -എഡിറ്റർ)*

മിശിഹായിൽ പ്രിയ സഹോദരരേ വത്സലമക്കളേ,

നമ്മുടെ ദേവാലയങ്ങളിലും കപ്പേളകളിലും നടത്തപ്പെടുന്ന തിരുനാളാഘോഷങ്ങൾ പ്രാർത്ഥനാപൂർവ്വമായ പരിചിന്തനത്തിനു വിഷയമാക്കേണ്ട കാലമായി എന്നു തോന്നുന്നു. കഴിഞ്ഞ മാർച്ച് 27-ാം തീയതി നടന്ന വൈദികസമിതി യോഗത്തിലും ഏപ്രിൽ 12-ാം തീയതിയിലെ പാസ്റ്ററൽ കൗൺസിൽ യോഗത്തിലും ഈ വിഷയം സംബന്ധിച്ച ദീർഘമായ ചർച്ചകൾ നടന്നു. നമ്മുടെ തിരുനാളാഘോഷങ്ങളുടെ ശൈലിയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഗുണപരമായ പലമാറ്റങ്ങളും വന്നിട്ടുണ്ട് എന്നത് എല്ലാവരും അംഗീകരിക്കും. പ്രധാന തിരുനാളുകൾക്കു മുമ്പായി നടക്കുന്ന ആത്മീയമായ ഒരുക്കം എടുത്തു പറയത്തക്കതാണ്. അതിനായി ധ്യാനം, ബൈബിൾ കൺവെൻഷൻ, ദിവ്യകാരുണ്യ ആരാധന, മധ്യസ്ഥപ്രാർത്ഥന, പ്രഭാഷണ പരമ്പര എന്നിവ നടത്താറുണ്ട്. ദൈവഭക്തി പരിപോഷിപ്പിക്കാനും വചനകേന്ദ്രീകൃതമായ ജീവിതം വഴി വിശുദ്ധാത്മാക്കളുടെ ജീവിതമാതൃക പിന്തുടരുവാനും ഏറെ സഹായകമാണ് മേല്പറഞ്ഞ പരിപാടികൾ.

യഥാർത്ഥ ദൈവഭക്തിയുടെയും വിശ്വാസചൈതന്യത്തിന്റെയും ബാഹ്യമായ പ്രകാശനമാണ് തിരുനാൾ ആഘോഷങ്ങളിൽ പ്രതിഫലിക്കേണ്ടത്. ആ വിധത്തിൽ ആഘോഷങ്ങൾ നടത്തുന്ന ധാരാളം ഇടവകകൾ ഉണ്ടെന്നത് അഭിമാനകരമാണ്. മിതമായി പണം ചെലവു ചെയ്തും ക്രിസ്തീയ കൂട്ടായ്മയും മതസൗഹാർദവും പരിപോഷിപ്പിച്ചും സന്തോഷവും ദൈവവാനുഭവവും പങ്കുവെച്ചും നടത്തപ്പെടുന്ന തിരുനാളാഘോഷങ്ങൾ ആത്മീയമായും വൈകാരികമായും സംതൃപ്തി നൽകാൻ പര്യാപ്തമാണ്. എന്നാൽ ചില സ്ഥലങ്ങളിലെങ്കിലും തിരുനാളാഘോഷങ്ങളോടു ബന്ധപ്പെട്ടു വരുന്ന ന്യൂനതകൾ പരിഹരിക്കപ്പെടണം. അതിരുകടന്ന നിർബന്ധപ്പിരിവും അമിതമായ പണച്ചെലവും അനാവശ്യമായ ആർഭാടങ്ങളും പ്രോത്സാഹിപ്പിക്കേണ്ട കാര്യങ്ങളല്ല. ഈ പ്രവണതകൾ പരസ്പരസ്നേഹവും ഐക്യവും വളർത്തുന്നതിനു പകരം അവ നഷ്ടമാക്കാൻ മാത്രമേ ഉപകരിക്കൂ.

ഇടവകമധ്യസ്ഥന്റെ തിരുനാൾ അവഗണിച്ചും വഴിക്കവലകളിൽ പണിതീർത്തിട്ടുള്ള കപ്പേളകളിലെ തിരുനാളുകൾക്ക് അമിതപ്രാധാന്യം നൽകിയും ആഘോഷ പരിപാടികൾ നടത്തുന്ന പ്രവണത കണ്ടുവരുന്നു. വിസ്തൃതവും സൗകര്യപ്രദവുമായ ദേവാലയങ്ങൾ പണിതീർത്തിട്ട് വഴിയോരങ്ങളിലെ കൊച്ചുകപ്പേളകളിൽ ഇടവകസമൂഹം പ്രാർത്ഥിക്കാൻ ഒന്നിച്ചുകൂടുന്നത് വാഹനഗതാഗതത്തിനു പോലും തടസ്സം സൃഷ്ടിക്കാറുണ്ട്. തിരുനാൾ പ്രദക്ഷിണങ്ങൾ മുൻകാലങ്ങളിൽ മാർഗതടസ്സം സൃഷ്ടിച്ചിരുന്നു. പൊതുപ്രകടനങ്ങളെ കുറിച്ചുണ്ടായിട്ടുള്ള കോടതി വിധി വന്നതിനുശേഷമാണ് ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം വന്നത്. ശബ്ദമലിനീകരണത്തിന്റെ കാര്യത്തിലും കോടതി ഇടപെട്ട് നിയന്ത്രിക്കേണ്ടിവന്നിട്ടുണ്ട് എന്ന കാര്യവും നാം ഓർക്കണം. പുതുതായി കൂടുതൽ കപ്പേളകൾ ഇനിയും നിർമിക്കേണ്ടതുണ്ടോ എന്ന് ശ്രദ്ധാപൂർവ്വം ആലോചിക്കണം. കപ്പേളകളെ കേന്ദ്രീകരിച്ച് ഞായറാഴ്ച ദിവസങ്ങളിൽ തിരുനാളാഘോഷങ്ങൾ ഒരിക്കലും പ്രോത്സാഹിപ്പിക്കാവുന്നവയല്ല.

തിരുനാളുകളോടനുബന്ധിച്ച് നടത്തപ്പെടുന്ന നേർച്ചകളെക്കുറിച്ചും പരാതിയുടെയും വിമർശനത്തിന്റെയും സ്വരം ഉയരാറുണ്ട്. വസ്തുനിഷ്ഠമായി അവ പരിശോധിക്കാനും തെറ്റായ പ്രവണതകൾ തിരുത്താനുമുള്ള തുറന്ന മനസ്സും നാം പ്രദർശിപ്പിക്കണം. സാമ്പത്തികമായ നേട്ടത്തിനുവേണ്ടി ഉൽകൃഷ്ടമായ ആദർശങ്ങളും മൂല്യങ്ങളും ഒരിക്കലും ബലികഴിക്കരുത്. തിരുനാളുകളുടെ പേരിൽ നടത്തപ്പെടുന്ന കലാപരിപാടികളുടെ കാര്യത്തിലും നമ്മൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇന്ന് വളരെ വ്യാപകമായിട്ടുള്ള മാധ്യമങ്ങളിൽക്കൂടി മനുഷ്യനെ തിന്മയിലേക്കും അക്രമങ്ങളിലേക്കും വലിച്ചിഴയ്ക്കുന്നതും മനുഷ്യമനസ്സിനെ ദുഷിപ്പിക്കുന്നതുമായ ഏറെ വിഭവങ്ങൾ വിളമ്പുന്നുണ്ട്. അവ പോരാഞ്ഞിട്ടെന്നവണ്ണം ദേവാലയങ്ങളേയും വിശുദ്ധസ്ഥലങ്ങളേയും കേന്ദ്രീകരിച്ച് അത്തരം പരിപാടികൾ നമ്മളും നിരത്തേണ്ടതുണ്ടോ എന്നു ചിന്തിക്കണം. ദുഷിച്ച പ്രവണതകൾക്കെതിരെ ഒരു തിരുത്തൽ ശക്തിയായി നിലകൊള്ളേണ്ട പ്രവാചകദൗത്യം നമുക്കുണ്ട് എന്ന സത്യം മറക്കാവുന്നതല്ല.

രണ്ടു ഗണത്തിൽപ്പെട്ട തിരുനാളുകളാണ് സഭയിൽ ആഘോഷിക്കപ്പെടുന്നത്. കർത്താവിന്റെ തിരുനാളുകളും വിശുദ്ധരുടെ തിരുനാളുകളും ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലെല്ലാം കർത്താവിന്റെ അനുസ്മരണമാണ് നാം കൊണ്ടാടുക. ഇട ദിവസങ്ങളിലാണ് വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കപ്പെടുന്നത്. കർത്താവിന്റെ തിരുനാളുകൾക്കുള്ള പ്രാധാന്യം കുറയ്ക്കാനും വിശുദ്ധരുടെ തിരുനാളുകൾക്ക് അമിതപ്രാധാന്യം നല്കാനുമുള്ള പ്രവണത ഇന്ന് കണ്ടുവരുന്നു. ഇത് പലരിലും തെറ്റിദ്ധാരണകളും ഇടർച്ചയും ഉണ്ടാക്കുന്നുണ്ട്. വിശുദ്ധരുടെ മാധ്യസ്ഥത്തെക്കുറിച്ചും പ്രതിമാവണക്കത്തെക്കുറിച്ചും തെറ്റായ ധാരണകൾ പ്രചരിക്കാനും ഇതര ക്രൈസ്തവ സമൂഹങ്ങളിൽപ്പെട്ടവർ നമ്മെ തെറ്റായി വിമർശിക്കാനും ഇതുവഴി ഇടയാകുന്നു.

ലോകത്തിൽ ജീവിക്കുന്നവരുടെയും സ്വർഗ്ഗസൗഭാഗ്യം പ്രാപിച്ചവരുടെയും കൂട്ടായ്മയാണ് സഭ. ഈ കൂട്ടായ്മയിലെ വ്യക്തികൾ തമ്മിൽ ബന്ധമുണ്ടായിരിക്കുക സ്വാഭാവികമാണ്. സ്വർഗ്ഗീയർക്ക് ലോകത്തിലുള്ളവരോടുള്ള ബന്ധമാണ് മാധ്യസ്ഥ്യത്തിലൂടെ അവർ പ്രകടമാക്കുന്നത്. ലോകത്തിലുള്ളവർ അവരോടുള്ള ബന്ധം പ്രാർത്ഥനയിലൂടെ പ്രകടിപ്പിക്കുന്നു. ഇവ രണ്ടും ഏകമധ്യസ്ഥനായ ക്രിസ്തുവിനെ മറികടന്നുകൊണ്ടല്ല. ഏകമധ്യസ്ഥനായ ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടുകൂടെയുമുള്ള ബന്ധത്തിലൂടെയാണ്. തെറ്റിദ്ധാരണകൾക്ക് ഇടയാക്കാവുന്ന രീതിയിലുള്ള ഭക്തിപ്രകടനങ്ങളെ വിവേചനാപൂർവ്വം വിലയിരുത്തുകയും ഉചിതമായ നടപടികളിലൂടെ നിരുത്സാഹപ്പെടുത്തുകയും വേണമെന്ന് നിർദ്ദേശിക്കുന്നു.

തിരുനാളാഘോഷവേളകളിൽ നടക്കുന്ന മദ്യപാനവും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും, അക്രമങ്ങൾക്കും വർധിച്ച അരാജകത്വത്തിനും കാരണമാകാറുണ്ട്. തിരുനാളുകളുടെ ആത്മീയതയ്ക്കും പരിശുദ്ധിയ്ക്കും യോജിക്കാത്ത ഇത്തരം പ്രവണതകൾ ബോധപൂർവം പരിവർജിക്കണം. അതിന്നുള്ള ഇച്ഛാശക്തിയും സന്നദ്ധതയും ഇന്നിന്റെ വലിയ ആവശ്യമാണ്. ഇക്കാര്യങ്ങളിൽ ഏവരുടേയും സജീവശ്രദ്ധയുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ടും, നിങ്ങളേവർക്കും ദൈവകൃപ സമൃദ്ധമായി ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും ഏവരേയും ഹൃദയപൂർവം ആശീർവദിക്കുന്നു. ●

# ന്യൂനപക്ഷവും വർഗ്ഗീയതയും

ഇന്ത്യയിൽ അടുത്ത കാലത്ത് വർഗ്ഗീയശക്തികൾ കൂടുതൽ കരുത്ത് ആർജ്ജിച്ചു. അന്താരാഷ്ട്രഭീകരപ്രസ്ഥാനങ്ങൾ വർഗ്ഗീയമായി ആഞ്ഞടിക്കുന്നു. അയോധ്യ, ഗോദ്ര, മുംബൈ, കോയമ്പത്തൂർ, മാറാട് സംഭവങ്ങൾ ആവർത്തിക്കുന്നു. വിദ്യാഭ്യാസ, ആതുരശുശ്രൂഷാരംഗങ്ങൾ സേവനത്തേക്കാൾ കച്ചവടമായി അധഃപതിക്കുന്നു. മതന്യൂനപക്ഷങ്ങൾ സമ്മർദ്ദതന്ത്രങ്ങൾ കൊണ്ട് അവിഹിതകാര്യങ്ങൾ നേടി വർഗ്ഗീയ വിദ്വേഷം ഉണ്ടാക്കുന്നു എന്ന് മുഖ്യമന്ത്രി. ഇന്ത്യയും കേരളവും ഭ്രാന്താലയമായി മാറുകയാണോ?

ഭാരതീയ സംസ്കാരത്തിന് ന്യൂനപക്ഷങ്ങൾ കനത്ത സംഭാവനകൾ നല്കിയിട്ടുണ്ട്. ഭാരതചരിത്രം തന്നെ അവരുമായി ബന്ധപ്പെട്ടതാണ്. കല, സാഹിത്യം, വിദ്യാഭ്യാസം, ആതുരസേവനം തുടങ്ങിയ രംഗങ്ങളിൽ മാറ്റത്തിന്റെ മുന്നോടികളാണവർ. സ്കൂൾ, കോളജ്, ആശുപത്രി, അച്ചടി, പത്രപ്രവർത്തനം, പുസ്തകപ്രസാധനം ഒക്കെ അവർ തുടങ്ങി. വ്യവസായ, വാണിജ്യമണ്ഡലങ്ങളിൽ മാർഗ്ഗദർശികളായി. വിദേശപ്പണത്തിന്റെ മുഖ്യസ്രോതസായി മാറി. സമ്പദ്ഘടനയുടെ ചുക്കാൻ പിടിച്ചു. അതിലൂടെ നാടും പുരോഗമിച്ചു.

ന്യൂനപക്ഷങ്ങൾക്ക് അവരുടെ തനതായ വ്യക്തിത്വവും പാരമ്പര്യവും നിലനിർത്താൻ സാധിക്കണം. അതിലൂടെ സമൂഹത്തിന്റെ വളർച്ചയ്ക്ക് സംഭാവനകൾ നല്കുവാൻ കഴിയണം. വിവേചനമോ പീഡനമോ ഭൂരിപക്ഷത്തിൽ നിന്നും ഉണ്ടാകാൻ പാടില്ല. ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനും മതപരമായ കാര്യങ്ങൾ നടത്തുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അതേസമയം മതേതരത്വം സംരക്ഷിക്കുകയും വേണം. ന്യൂനപക്ഷങ്ങളുടെ സുരക്ഷയും സംരക്ഷണവും ആരോഗ്യപരമായ ഒരു ജനാധിപത്യത്തിന്റെ ലക്ഷണമാണ്, സർക്കാരിന്റെയും ഭൂരിപക്ഷത്തിന്റെയും കടമയാണ്. അതേസമയം നിയമം മൂലവും മറ്റും മതേതരരംഗത്ത് ഭൂരിപക്ഷത്തിനില്ലാത്ത പ്രത്യേക അവകാശങ്ങൾ വേണമെന്ന് നിർബന്ധം പിടിക്കാമോ? ഭരണഘടനയ്ക്കു രൂപം കൊടുത്തപ്പോൾ ക്രിസ്ത്യാനികൾക്ക് പ്രത്യേക സംവരണം വേണമോ എന്ന ചോദ്യം ഉണ്ടായി. അതു ആവശ്യമില്ലെന്ന് ക്രിസ്ത്യൻ നേതാക്കൾ തന്നെ വ്യക്തമാക്കി. സംവരണം ഉണ്ടായിരുന്നെങ്കിൽ പൊതുവേ ഇത്രയും പുരോഗതി ഉണ്ടാകുമായിരുന്നുവോ എന്ന് സംശയമാണ്. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ നിന്നും ക്രിസ്തീയമതം സ്വീകരിച്ചവർക്ക് സംവരണം നിഷേധിക്കുന്നത് അപരാധമാണ്. കേരളത്തിൽ ന്യൂനപക്ഷം കരുത്തരാണെങ്കിൽ ഉത്തരേന്ത്യയിൽ പലപ്പോഴും ഭീഷണിയുടെ നിഴലിലാണ്. ന്യൂനപക്ഷ-ഭൂരിപക്ഷ വ്യത്യാസമില്ലാതെ ജാതി സംവരണം ക്രമേണ കുറച്ച് പകരം സാമ്പത്തികസംവരണം ഏർപ്പെടുത്തണം. പിന്നോക്കവിഭാഗങ്ങൾക്കുള്ള സംവരണം വളരെ സാവധാനമേ എടുത്തു മാറ്റാവൂ.

പൊതു വിദ്യാഭ്യാസരംഗത്ത് ഭൂരിപക്ഷ-ന്യൂനപക്ഷവ്യത്യാസം അനിവാര്യമാണോ? ഇനി വിദ്യാഭ്യാസരംഗത്തെ മേന്മയുടെ മുന്നോടികൾ ആകാൻ സാധിക്കുമെങ്കിൽ അതായിരിക്കണം ന്യൂനപക്ഷങ്ങളുടെ സംഭാവന. ഒപ്പം സാമൂഹ്യപ്രതിബദ്ധതയും. സ്വാശ്രയസ്ഥാപനങ്ങളിൽ അമ്പതു ശതമാനത്തിൽ കൂടുതൽ മാനേജ്മെന്റ് സീറ്റ് പാടില്ല. സർക്കാരോ, സർവ്വകലാശാലകളോ നിശ്ചയിക്കുന്ന ന്യായമായ ഫീസ് മാത്രമേ വാങ്ങാവൂ. കാൽ കോടി രൂപാ വാങ്ങി ഡോക്ടറായാൽ അയാൾക്ക് സമൂഹത്തോട് എന്ത് ഉത്തരവാദിത്വം ഉണ്ടാകും? വിദ്യാഭ്യാസചിലവിന് മറ്റു രീതിയിലും വിഭവങ്ങൾ കണ്ടെത്തണം. വെല്ലൂരും ലുധിയാനയിലും കോഴ കൊണ്ടാണോ പേരെടുത്ത മെഡിക്കൽ കോളജുകളായത്? ഭരണഘടനയിലെ പഴുതുകളിലൂടെ പ്രത്യേക അവകാശങ്ങളിൽ കടിച്ചുതൂങ്ങാൻ ശ്രമിക്കുന്നത് ഭൂരിപക്ഷ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുകയല്ലേ? ന്യൂനപക്ഷാവകാശത്തിന്റെ ഗുണഭോക്താക്കൾ പലപ്പോഴും ആ സമുദായത്തിലെ സാധാരണക്കാരാണോ അതോ ക്രീമിലെയറാണോ? സമുദായനേതൃത്വത്തിന്റെ ഔദ്യോഗികനയങ്ങളോടു വിധേയത്വം പുലർത്തിയില്ലെങ്കിൽ പറയുകയും വേണ്ട: നിയമഭേദഗതികൾ ആവശ്യമാണ്.

മുസ്ലിംലീഗും കേരള കോൺഗ്രസ്സുകളും എല്ലാം വർഗ്ഗീയപാർട്ടികളല്ലെന്ന് തീർത്തു പറയാമോ? ഇവയുടെ ചുവടുപിടിച്ച് ഭൂരിപക്ഷ സമുദായങ്ങളും രാഷ്ട്രീയപാർട്ടികൾ രൂപീകരിക്കുവാനോ രാഷ്ട്രീയകരുനീക്കങ്ങൾ നടത്തുവാനോ പ്രേരണ ചെലുത്തിയിട്ടില്ലേ? അതിലൂടെ ഭൂരിപക്ഷ വർഗ്ഗീയതയെ വളർത്തുന്നില്ലേ? അല്ലെങ്കിൽ തന്നെ ഒരു സമുദായത്തിന് ഭൂരിപക്ഷമുള്ളിടത്ത് ആ സമുദായക്കാരനെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കിയില്ലെങ്കിൽ ജയിക്കുമോ? മതേതരത്വവും രാഷ്ട്രീയപ്രബുദ്ധതയും വളർത്തുവാൻ മതവും രാഷ്ട്രീയവും വിദ്യാഭ്യാസവും പരാജയപ്പെടുന്നു. ഹൈന്ദവരുടെ ഉന്നതമായ മതസഹിഷ്ണുത നഷ്ടപ്പെടുവാൻ ന്യൂനപക്ഷങ്ങൾ ഇടയാക്കരുത്.

നിർബന്ധിത മതപരിവർത്തനം ഒരിക്കലും പാടില്ല. പക്ഷേ ആർക്കും ഏതു മതവും സ്വമേധയാ വിശ്വസിക്കുവാനും സ്വീകരിക്കുവാനും അവകാശം ഉണ്ടായിരിക്കണം. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ സന്നിധിയിൽ എത്തുന്നില്ല" എന്നതു നിങ്ങൾ എന്തിനു ദുർവ്യാഖ്യാനം ചെയ്യുന്നു, "ഞാൻ" "എന്നിലൂടെ" എന്നത് ഈശ്വരൻ എന്ന അർത്ഥമല്ലേ ഉള്ളു എന്ന് എന്റെ ഒരു ഹൈന്ദവസുഹൃത്ത് ഒരിക്കൽ എന്നോടു ചോദിച്ചു. യേശുക്രിസ്തുവിന്റെ തനിമയും ഈശ്വരദർശനവും ഒരുമിച്ചു കണ്ടുകൂടേ എന്ന്. മതമൗലികത, ഭീകരവാദം ഒക്കെ ഏറെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. അവരവരുടെ മതത്തെ സ്വതന്ത്രചിന്തയിലൂടെ മനസ്സിലാക്കണം. ഈ രംഗത്ത് കൂടുതൽ ചിന്തയും പഠനവും ഒരുമിച്ചുള്ള ചർച്ചകളും തുടർന്ന് മാറ്റങ്ങളും അനിവാര്യമാണ്. മതവിശ്വാസം കൊണ്ടും വിദ്യാഭ്യാസം കൊണ്ടും രാഷ്ട്രീയം കൊണ്ടും മതസഹിഷ്ണുത, വിശാലമനസ്കത, സാമൂഹ്യപ്രതിബദ്ധത, സത്യാന്വേഷണം ഒക്കെ ഉണ്ടാകേണ്ടിയിരിക്കുന്നു, ഒപ്പം ആവശ്യമായ നിയമങ്ങളും സർക്കാർ നടപടികളും.

പ്രൊഫ. പി. സാമുവൽ എബ്രഹാം

**"YOU MUST BE MELTED BEFORE YOU CAN BE MOULDED."**

One quite often hears words like "You are hard-hearted", "You are incorrigible", "Youa re a difficult person", "You will never change". We must remember that in the same way as steel cannot be turned into needles or springs if it is not first melted, we humans too need to be 'melted' by formation of our character with genuine values, before we can be moulded into women and men of worth!

## REV. SAROJINI TAKES CHARGE

The Rev. Ms. S. Prime Sarojini, is appointed as the General Secretary of the CSI Women's Fellowship. She has worked as a missionary for IMS, Programme assistant in Peace Foundation at Kanyakumari, theology teacher in Trichy and Chaplain in CMC Hospital. Rev. Sarojini had her theological studies at TTS Madurai and M.Th. from the Federated Faculty of Religion. She also holds an M.A. and a diploma in Pastoral Healing. She succeeded Rev. Ms. Thankamma Varkey. May the God Almighty help her to empower the Women's Fellowship with the God given talents in her capacity as General Secretary.

## BIGAMISTS BEWARE!

The supreme court is actually cracking down on Hindus turning Muslim, to marry more than one wife, when it asks the government to end separate marriage laws for the two religions and introduce common civil code. The court said that a second marriage of a Hindu man after conversion to Islam is not valid unless the first one is legally dissolved. A husband could be punished if he was converted to Islam to marry a second time, the court ruled.

## പുതിയ എപ്പിസ്കോപ്പന്മാർ

മാർത്തോമാ സഭയ്ക്ക് രണ്ട് പുതിയ എപ്പിസ്കോപ്പമാരെ വാഴിക്കുന്നതിന്




അനുമതി തേടിക്കൊണ്ടുള്ള പ്രമേയം സെപ്തംബറിൽ കൂടുന്ന സഭാപ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിക്കുന്നതിന് സഭാകൗൺസിൽ യോഗം തീരുമാനിച്ചു.

## ARCHBISHOP OF CANTERBURY FOR WOMEN BISHOPS

The Archbishop of Canterbury, Rowan Williams has reaffirmed his personal support for the consecration of women as bishops in the Church of England, but said the final decision rested with the church as a whole. "I cannot find any theological objection myself to women becoming bishops if we accept women becoming priests," said Williams.

## ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ

ചികിത്സയ്ക്ക് എത്തുന്നവർക്ക് സൗജന്യതാമസസൗകര്യം, നിർധനരായവർക്ക് മരുന്നു വാങ്ങിക്കൊടുക്കുക, രോഗികൾക്കും അവരോടൊപ്പം വരുന്നവർക്കും ആവശ്യമായ സൗകര്യങ്ങൾ ക്രമീകരിച്ചു കൊടുക്കുക, രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുക എന്നീ ലക്ഷ്യത്തോടെ കോട്ടയം യെരുശലേം മാർത്തോമാ ഇടവക, മെഡിക്കൽ കോളജിനു സമീപം ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ ആരംഭിച്ചു.

## റവ.ഡീ. മാത്യു പി. ഇടിക്കുള

ചിക്കാഗോ സി.എസ്സ്.ഐ. സഭാംഗവും കോടുകുളഞ്ഞി സ്വദേശിയുമായ മാത്യു പി. ഇടിക്കുളയ്ക്ക് മോസ്റ്റ് റവ. ഡോ. കെ. ജെ. ശാമുവേലിന്റെ നിർദ്ദേശാനുസരണം ഉത്തരകർണാടക ബിഷപ്പ് ആഗസ്റ്റ് 17-ാം തീയതി ദിയാക്കോൻപട്ടം നൽകി. അമേരിക്കൻഐക്യനാടുകൾ, കാനഡാ തുടങ്ങിയ ബാഹ്യഭാരത സി.എസ്സ്.ഐ. മഹായിടവക രൂപീകരണത്തിന് നേതൃത്വം നൽകുന്ന വ്യക്തിയാണ് റവ. ഡീ. മാത്യു.

## BRIDGING THE DIFFERENCES

The General Secretary of the World Council of Churches the Rev. Konrad Raiser, after his vist to the Russian Orthodox Church, reported that, he was satisfied with the progress in resolving differences between the WCC's Orthodox and Protestant member Churches. The differences over issues such as worship, theology and decision-making procedures, had threatened several years ago to lead the Russian Orthodox Church to withdraw from the ecumenical organisation.

## PROFESSOR WITH NO BRAIN!

A college student was in a philosophy class where there was a class discussion about whether or not God exists, The professor had the following logic:

"Has anyone in this class heard God?," Nobody spoke.

"Has anyone in this class touched God?," Again, nobody spoke.

"Has anyone in this class seen God?," When nobody spoke for the third time, he simply stated, "Then there is no God."

The student did not like the sound of this at all, and asked for permission to speak. The professor granted it and the student stood up and asked the following questions to his classmates:

"Has anyone in this class heard our professor's brain?." Silence.

"Has anyone in this class touched our professor's brain?." Absolute silence.

"Has anyone in this class seen our professor's brain?" When nobody in the class dared to speak, the student concluded, 'Then, according to our professor's logic, it must be true that our professor has no brain!"

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India
under No. KER BIL/2000/1543

SEPTEMBER 2003

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



*Mar. 4, 1908*

*Fred Pegram*

*Vicar.* 'Well, Mary, I was very surprised to see John walk out in the middle of the sermon yesterday!'

*Mary.* 'Ah, Sir, I do 'ope you'll excuse my poor 'usband. 'E's a terrible one for walkin' in 'is sleep.'

*(from Baker's Collections)*

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.